# ശ്രീചിത്തിരതിരുനാൾ

N626

# പാഠാവലി

## മൂന്നാംപാഠം

തിരുവിതാംകൂർ സർക്കാർ അച്ചുക്കൂടം

പകർപ്പവകാശം

൧൧൨൨.

നമ്പർ ൩)                [വില ചക്രം [illegible]

തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പ്

# ശ്രീചിത്തിരതിരുനാൾ
# പാഠാവലി

## മൂന്നാംപാഠം

E. KRISHNA VILASOM GRANDHASALA
൯൭൪൬
TRIVANDRUM
No 926
YIKKIL

ഗവൺമെന്റിൽനിന്നും പ്രസിദ്ധപ്പെടുത്തുന്നതു

തിരുവിതാംകൂർ സർക്കാർ അച്ചുക്കൂടം

പകർപ്പവകാശം

൧൧൨൨

# വിഷയ വിവരം

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

KERALA GRANDHASALA
TRIVANDRUM
MALAYINKIL


| പാഠം | | | വശം. |
|---|---|---|---|
| ൧. | വഞ്ചീശമംഗളം | | ൧ |
| ൨. | ക്ഷേത്രപ്രവേശനവിളംബരം | ... | ൨ |
| ൩. | മാതാപിതാക്കന്മാർ | ... | ൬ |
| ൪. | കാണാതെപോയ ഒട്ടകം | ... | ൮ |
| ൫. | വീട് | | ൧൩ |
| ൬. | കളലീവനം | ... | ൧൬ |
| ൭. | നമ്മുടെ രാജ്യം | ... | ൧൭ |
| ൮. | മൃഗങ്ങൾ | ... | ൨൧ |
| ൯. | മേഷയുദ്ധത്തിനിടയിൽപ്പെട്ട കുറുനരി | ... | ൨൪ |
| ൧൦. | പക്ഷികൾ | ... | ൨൭ |
| ൧൧. | ചെടികൾ | ... | ൩൧ |
| ൧൨. | കാക്കയെ ചർദ്ദിച്ചത് | ... | ൩൭ |
| ൧൩. | സ്ഥലഭേദംകൊണ്ടുള്ള ഗുണലാഭം | ... | ൩൮ |
| ൧൪. | ഒരു മൊട്ടുസൂചികൊണ്ട് ഉണ്ടായ ഭാഗ്യം | ... | ൪൦ |
| ൧൫. | നായാട്ടുപട്ടികളുടെ സ്വഭാവഭേദങ്ങൾ | ... | ൪൨ |
| ൧൬. | ജലാശയങ്ങൾ | ... | ൪൬ |
| ൧൭. | മുക്കുവനും ഭൂതവും | ... | ൪൯ |
| ൧൮. | മനുഷ്യരുടെ കുറവും കുററവും | ... | ൫൭ |
| ൧൯. | ജീവനുള്ള പാലം | ... | ൫൯ |
| ൨൦. | ഒരു സിംഹത്തിന്റെ ഉപകാരസ്മരണ | ... | ൬൫ |
| ൨൧. | കാളിയമർദ്ദനം | ... | ൬൭ |

പാഠം. ഭാഗം.

൨൨. ഒരു പ്രവാദം ... ൬൭
൨൩. ഭൂമിയിൽനിന്നു് വായുവിന്റെ
വേർപാടു് ... ൭൦
൨൪. സോളമൻ ... ൭൨
൨൫. സ്വദേശാഭിമാനം ... ൭൪
൨൬. കാലനില്ലാത്ത കാലം ... ൭൭
൨൭. കുറുക്കൻ രാജാവായതു് ... ൭൯
൨൮. ആരോഗ്യം ... ൮൩
൨൯. മഴ ... ൮൬
൩൦. കിണറു് ... ൯൦
൩൧. അഞ്ചൽ ... ൯൩
൩൨. വാഹനങ്ങൾ ... ൯൯
൩൩. ഏഷണികൊണ്ടുള്ള ദോഷം ... ൧൦൮
൩൪. സത്യം ... ൧൧൧
൩൫. ആകാശം ... ൧൧൪
൩൬. മായാദാസൻ—(൧) ... ൧൧൭
൩൭. മായാദാസൻ—(൨) ... ൧൨൩

# മൂന്നാംപാഠപുസ്തകം

---

പാഠം ൧.

## വഞ്ചീശമംഗളം.

൧. വഞ്ചിഭൂമിപതേ ചിരം
സഞ്ചിതാഭം ജയിക്കേണം.

൨. ദേവദേവൻ ഭവാ—നെന്നും
ദേഹസൗഖ്യം വളർത്തേണം. (വ)

൩. ത്വച്ചരിതമെന്നും—ഭൂമൗ
വിശ്രുതമായ് വിളങ്ങേണം. (വ)

൪. മർത്ത്യമനമേതും—ഭവൽ-
പത്തനമായ് ഭവിക്കേണം. (വ)

൫. താവകമാം കുലം—മേന്മേൽ
ശ്രീവളർന്നുല്ലസിക്കേണം. (വ)

൬. മാലകററിച്ചിരം—പ്രജാ-
പാലനം ചെയ്തരുളേണം. (വ)


---

## പാഠം ൮.

# ക്ഷേത്രപ്രവേശനവിളംബരം.

മനുഷ്യരുടെ അവശതകളും സങ്കടങ്ങളും ഇല്ലാതാക്കുന്നതിന് ഓരോ കാലത്ത് ഓരോ മഹാന്മാർ അവതരിക്കാറുണ്ട്. മററുള്ളവരുടെ നന്മയ്ക്കുവേണ്ടി ജീവിച്ച അത്തരം പലരുടെയും ശ്രമത്തിന്റെ ഫലമാണ് നാം ഇന്നു അനുഭവിക്കുന്ന സുഖം. മഹാരോഗങ്ങളെ ഇല്ലാതാക്കുന്നതിനു ചിലർ ഔഷധങ്ങൾ കണ്ടുപിടിച്ചു. മററു ചിലർ മനുഷ്യരുടെ ഇടയിലുള്ള അസമത്വങ്ങൾ മാററുവാൻ കഠിനയത്നം ചെയ്തു. വളരെക്കാലമായി അടിമത്തത്തിൽ ആണ്ടുകിടക്കുന്നവർക്കു ചിലർ സ്വാതന്ത്ര്യം സമ്പാദിച്ചുകൊടുത്തു. ഏതാനും പേർ മതകാര്യങ്ങളിൽ പ്രവർത്തിച്ച് മനുഷ്യരുടെ ഉയർച്ചയ്ക്കായി പ്രയത്നിച്ചു. അങ്ങനെയുള്ള ഒരു മഹാനായിരുന്നു പണ്ടു നമ്മുടെ നാട്ടിൽ അവതരിച്ച ശ്രീശങ്കരൻ. അദ്ദേഹം ഹിന്ദുമതത്തെ നന്നാക്കാൻ ജീവിതം നയിച്ചു. അതിൽ പിന്നീടു ഹിന്ദുമതത്തെ പരിഷ്കരിക്കുന്നതിന് അവതരിച്ച മഹാനാണു നമ്മുടെ പൊന്നുതമ്പുരാൻ.

ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട് കല്പിച്ചു നടപ്പാക്കിയ ക്ഷേത്രപ്രവേശനവിളംബരം ഇതുവരെ ഒരു മഹാരാജാവിനും ചെയ്യാൻ കഴിയാത്ത ഒരു വലിയ കാര്യമാണു. വളരെക്കാലമായി ഹിന്ദുക്കളിൽ ഏതാനും താണ വർഗ്ഗക്കാർക്കു ക്ഷേത്രങ്ങളിൽ പ്രവേശിക്കാൻ പാടില്ലായിരുന്നു. ഗവണ്മെന്റിന്റെയും



ജനങ്ങളുടെയും സഹായംകൊണ്ടു് ഇവർ ക്രമേണ വിദ്യാഭ്യാസത്തിലും ശുചിത്വത്തിലും പല പടികളും മുന്നോട്ടു കടന്നു. ക്ഷേത്രങ്ങളിൽ പ്രവേശിച്ചു് ആരാധന നടത്തുവാനും അവർ ആഗ്രഹിച്ചു. നിലവിലിരിക്കുന്ന ആചാരങ്ങളെ ആദരിച്ചു് ഗവണ്മെന്റു ഇക്കാര്യത്തിൽ ഇടപെടുവാൻ ആദ്യം മുനിഞ്ഞില്ല. അതിനാൽ, ഈ സ്വാതന്ത്ര്യം നേടുന്നതിനുവേണ്ടി അവർ പൊതുവേ ചേർന്നു പ്രയത്നിച്ചുതുടങ്ങി.

കരുണാനിധിയായ ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് രാജ്യഭാരം കൈയേററശേഷം അവരുടെ ആഗ്രഹം സാധിക്കുന്നതിനു വേണ്ട സൗകര്യം ഉണ്ടായി. ഹിന്ദുക്കളിൽ ഉയന്ന ജാതിയിൽപ്പെട്ട പലരും അതിനു അനുകൂലിച്ചു. തിരുമനസ്സുകൊണ്ടു് പൊതുവഴികളും കിണറുകളും മററും എല്ലാവർക്കും ഒരുപോലെ ഉപയോഗിക്കുന്നതിനു കല്പിച്ചനുവദിച്ചു. പ്രജകളുടെ നന്മ പുലർത്തുന്നതിൽ നമ്മുടെ പൊന്നുതമ്പുരാക്കന്മാർ പണ്ടേ തന്നെ പേരുകേട്ടവരാണു. പ്രജകളിൽ ഒരു വലിയ ഭാഗം അനാചാരംകൊണ്ടു സങ്കടം അനുഭവിക്കുന്നതു കണ്ടു തിരുമനസ്സിലെ ഹൃദയം അലിഞ്ഞു.

മതാചാരങ്ങൾ കാലത്തിനൊത്തവണ്ണം പരിഷ്ക്കരിക്കേണ്ടതു അധികാരമുള്ളവരുടെ കർത്തവ്യമാണെന്നു തിരുമനസ്സിലേക്കു ബോദ്ധ്യമായി. ഹിന്ദുമതത്തിലെ ആചാരങ്ങൾ കാലത്തിന്റെ പോക്കനുസരിച്ചു മാറിക്കൊണ്ടിരുന്നുവെന്നും തിരുമനസ്സുകൊണ്ടു മനസ്സിലാക്കി.

ജാതി തുടങ്ങിയ വ്യത്യാസങ്ങൾകൊണ്ടു് ആൎക്കും ഹിന്ദു മതത്തിന്റെ നന്മ നഷ്ടമാകരുതെന്നും തിരുമേനി നിശ്ചയിച്ചു.

ഭാരതത്തിലെ സ്ത്രീകൾ അഭിമാനത്തോടെ കൊണ്ടാടുന്ന നമ്മുടെ മഹാറാണി ശ്രീസേതുപാൎവ്വതീബായി തിരുമനസ്സുകൊണ്ടു് ഈ നിശ്ചയം നടപ്പിൽ വരുത്തുവാൻ മഹാരാജാവുതിരുമനസ്സിനെ ധൈൎയ്യപ്പെടുത്തി. മഹാമനസ്കനായ സചിവോത്തമൻ സർ സി. പി. രാമസ്വാമി അയ്യർ ഉചിതമായ ഉപദേശം തിരുമനസ്സിലേക്കു നൽകി. മഹാരാജാവുതിരുമനസ്സുകൊണ്ടു ഉള്ളഴിഞ്ഞു ഹിന്ദുമതത്തെ ഈ വിളംബരംകൊണ്ടു രക്ഷിക്കയും ചെയ്തു. വിളംബരം നടപ്പാക്കിയതു ൧൧൧൨ തുലാം ൨൭-ാംനു- തിരുമനസ്സിലെ ആട്ടത്തിരുനാൾ ശുഭദിനത്തിലായിരുന്നു.

അന്നുവരെ അവശത അനുഭവിച്ച പല സമുദായക്കാരും ആ മഹാഭാഗ്യത്തിൽ അളവില്ലാതെ ആനന്ദിച്ചു. സൎക്കാർവക എല്ലാ ക്ഷേത്രങ്ങളിലും പ്രവേശിച്ചു് ആരാധന നടത്തുവാൻ സ്വാതന്ത്ര്യം ഒരു നിമിഷത്തിൽ അവൎക്കു ലഭിച്ചു. അതിന്റെ ഫലങ്ങൾ പലതാണു്. അയിത്തം തിരുവിതാംകൂറിൽനിന്നു മറയുന്നു. എളിയവർ അടിമത്തത്തിൽ നിന്നു് ഉയരുന്നു. അവരുടെ ആത്മാഭിമാനം തെളിഞ്ഞു ശോഭിക്കുന്നു. അനാചാരം ഓടി ഒളിക്കുന്നു. ഹിന്ദുമതത്തിലുള്ള പല ജാതിക്കാൎക്കു തമ്മിൽ ഒരുമിപ്പു് ഉണ്ടാകുന്നു.

തിരുവിതാംകൂറിന്നു മാത്രമല്ല ഭാരതത്തിനാകമാനം ഒരു വലിയ അനുഗ്രഹമാണു തിരുമനസ്സുകൊണ്ടു കല്പിച്ചു ചെയ്തതു്. ഈ വിളംബരം ഭാരതത്തിന്റെ ചരിത്രത്തിലേ ഒരു വലിയ സംഭവമാണു്. ഒരു പുതിയ കാലത്തിന്റെ ഉദയമാണു് അതു വെളിപ്പെടുത്തുന്നതു്. ഹിന്ദുമതത്തിന്റെ നന്മയ്ക്കു് ഇത്ര മഹത്തായ ഒരു വഴികാണിക്കാൻ അടുത്തകാലത്തു വേറേ ആർക്കും സാധിച്ചിട്ടില്ല. ആ മതത്തിന്റെ കളങ്കത്തെ പാടേ തുടച്ചു കളഞ്ഞ ഈ മഹാനെ ആരും ഒരിക്കലും മറക്കുകയില്ല.

ഈ മഹത്തായ വിളംബരം പുറപ്പെടുവിച്ച ഹിന്ദുമതത്തെ ഉദ്ധരിച്ച നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു നീണാൾ വിജയിക്കട്ടെ എന്നു നമുക്കു് ഒത്തൊരുമിച്ചു പ്രാർത്ഥിക്കാം.

---

## പാഠം ൩.

# മാതാപിതാക്കന്മാർ.

മാതാപിതാക്കന്മാർക്കു നമ്മോടു വളരെ സ്നേഹം ഉണ്ടു്. നമ്മുടെ സുഖത്തിനും സന്തോഷത്തിനും വേണ്ടി അവർ എപ്പോഴും പ്രയത്നിക്കുന്നു. മാതാവിന്റെ മുലപ്പാൽ കുടിച്ചാണു നാം വളർന്നതു്. എത്ര തവണ അമ്മ താരാട്ടു പാടി നമ്മെ ഉറക്കീട്ടുണ്ടു്. നമുക്കു് രോഗം പിടി

പെടുന്ന അവസരങ്ങളിൽ അടുക്കൽ നിന്നും മാറാതെ അമ്മ സ്നേഹമായി ശുശ്രൂഷിക്കുന്നു. ഓടി നടന്ന് ഉരുണ്ടു വീണു നിലവിളിച്ചിട്ടുള്ളപ്പോൾ നമ്മെ എടുത്തു താലോലിച്ചതു ആരാണ്? ശാഠ്യം പിടിച്ചു കരയുമ്പോൾ ഒക്കെയും നല്ല കഥകൾ പറഞ്ഞു കരച്ചിൽ നിറുത്തി സന്തോഷിപ്പിക്കുന്നതും അമ്മ തന്നെയാണല്ലോ.

മാതാവിനെപ്പോലെ പിതാവിനും നമ്മളോടു അളവററ സ്നേഹമുണ്ട്. അച്ഛൻ രാപകൽ പണിപ്പെട്ടു വേലചെയ്യുന്നതു് എന്തിനാണ്? അദ്ദേഹത്തിനു മാത്രം അന്നവസ്ത്രാദികൾ സമ്പാദിക്കുന്നതിനാണോ? ഒരിക്കലും അല്ല. നമുക്കു നിത്യവൃത്തിക്ക് ആവശ്യമുള്ളതെല്ലാം സമ്പാദിക്കുന്നതു് അദ്ദേഹമാണ്.

ഇങ്ങനെ നമ്മെ രക്ഷിക്കുന്ന മാതാപിതാക്കന്മാരോടു നമുക്കു ഭക്തിയും അനുസരണവും വേണ്ടതാണ്. നാം അവരെ ഒരു വിധത്തിലും ദുഃഖിപ്പിക്കരുതു്. അവരെ സന്തോഷിപ്പിക്കാൻ കഴിയുന്നതെല്ലാം നാം എപ്പോഴും ചെയ്യേണ്ടതാണ്. അവർ പറയുന്ന കാര്യം ചിലപ്പോൾ നമുക്ക് ഇഷ്ടമില്ലാതെ വരാം. എന്നാൽ അവർ പറയുന്നതു നമ്മുടെ നന്മയെ ഉദ്ദേശിച്ചാണ്. അവർ നമ്മെക്കാൾ വളരെ അറിവുള്ളവരാണല്ലോ. അതിനാൽ അവരെ അനുസരിച്ചു നടക്കുന്നതുകൊണ്ടു നമുക്കു ഗുണമേ ഉണ്ടാവുകയുള്ളു.

നാം തെററു ചെയ്താൽ മാതാപിതാക്കന്മാർ നമ്മെ ശാസിക്കയും ശിക്ഷിക്കയും ചെയ്യും. അങ്ങനെ ചെയ്യു

ന്നതുകൊണ്ടു നമുക്കു വേദനയുണ്ടാകുമെന്നു് അവർക്കു അറിയാം. എങ്കിലും നാം നന്നാകണമെന്നുള്ള ആഗ്രഹം നിമിത്തം നമ്മെ അല്പനേരത്തേക്കു അവർ അങ്ങനെ വേദനപ്പെടുത്തുകയാണു്. അതുകൊണ്ടു നാം ശിക്ഷ ക്ഷമയോടെ സഹിക്കണം. വീണ്ടും തെററു ചെയ്യാതിരിക്കാൻ നാം ശ്രമിക്കണം. മാതാപിതാക്കന്മാരെ അനുസരിക്കാതെ വളരുന്ന കുട്ടികൾ പിന്നീടു വളരെ ദുഃഖങ്ങൾ അനുഭവിക്കേണ്ടിവരും. നേരേമറിച്ചു, മാതാപിതാക്കന്മാരെ അനുസരിച്ചു വളരുന്ന കുട്ടികൾ നല്ലവരായിത്തീരുന്നു.

---

പാഠം ൪.

## കാണാതെപോയ ഒട്ടകം.

ഒരാൾ മരുഭൂമിയിൽക്കൂടി യാത്ര ചെയ്കെ, രണ്ടു പേർ എന്തോ അന്വേഷിക്കുന്നതുപോലെ നാലു പാടും നോക്കിക്കൊണ്ടു വരുന്നതു കണ്ടു. അവരുടെ വേഷരീതികൾ കണ്ടു അവർ കച്ചവടക്കാരാണെന്നു യാത്രക്കാരനു മനസ്സിലായി. അവർ ഇങ്ങോട്ടു വല്ലതും ചോദിക്കുന്നതിനു മുമ്പായി യാത്രക്കാരൻ അവരോടു് ഇങ്ങനെ പറഞ്ഞു:

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAPPURAM

യാത്രക്കാരൻ:—നിങ്ങളുടെ ഒരു ഒട്ടകം കാണാതെ പോയി; അല്ലേ?

കച്ചവടക്കാർ:—ഉള്ളതു തന്നെ. ഞങ്ങൾ അതിനെ തേടി നടക്കയാണു്.

യാത്രക്കാരൻ:—അതിൻെറ വലതു കണ്ണു കാഴ്ചയില്ലാത്തതും ഇടതു കാലു മുടന്തുള്ളതും ആണോ?

കച്ചവടക്കാർ:—ശരി, അതുതന്നെ ഞങ്ങളുടെ ഒട്ടകം. അങ്ങനെയുള്ള കുററങ്ങൾ ഉണ്ടെങ്കിലും അതിനെ ഉപേക്ഷിക്കുവാൻ നിവൃത്തിയില്ല.

യാത്രക്കാരൻ:—ആകട്ടെ, അതിൻെറ ഒരു പല്ലു പോയതാണോ?

കച്ചവടക്കാർ:—അതും സൂക്ഷ്മംതന്നെ. നിങ്ങൾ അതിനെ ശരിയായ് പരിശോധിച്ചിട്ടുണ്ടെന്നു തോന്നുന്നല്ലോ. അല്ലെങ്കിൽ ഈ രഹസ്യം എങ്ങനെ മനസ്സിലായി?

യാത്രക്കാരൻ:—ഇരിക്കട്ടെ. അതു വഹിച്ചിരുന്ന ചുമട് ഒരുവശത്തു തേനും മറേറ വശത്തു ഗോതമ്പും ആയിരുന്നോ?

കച്ചവടക്കാർ:—അതും അങ്ങനെതന്നെ. ആ ജന്തു എവിടെയാണെന്നു ദയവുചെയ്തു സമയം കളയാതെ കാണിച്ചുതരിക. ഞങ്ങൾക്കു പോകാൻ തിടുക്കം ഉണ്ടു്.

യാത്രക്കാരൻ:—പ്രിയസ്നേഹിതന്മാരേ, ആ ഒട്ടകം എവിടെയാണെന്നു എനിക്കു അറിഞ്ഞുകൂടാ. ഞാൻ അതിനെ കാണുകതന്നെ ഉണ്ടായിട്ടില്ല.

കച്ചവടക്കാർ:—വിശേഷമായി! ഈ തൊഴിൽ കൊള്ളാമല്ലോ. ഇതാരു വിശ്വസിക്കും? ഞങ്ങളുടെ ഒട്ടകത്തെപ്പററി ഞങ്ങൾക്ക് ഉള്ളതിൽ കൂടുതൽ അറിവു നിങ്ങൾക്ക് ഉണ്ട്. ഞങ്ങളുടെ കൈയ്‌വശത്തിൽ നിന്ന് അതു എങ്ങനെയോ അലഞ്ഞുതിരിഞ്ഞു പൊയ്പ്പോകയും, നിങ്ങളുടെ കൈയ്‌വശത്തിലാകയും ചെയ്തുവെന്നുവച്ച് അതിനെ തിരികെ തരികയില്ലെന്നോ? അതിനെ തിരികെ മേടിക്കാമോ എന്നു നോക്കട്ടെ. അതിന്റെ ചുമട്ടിൽ വച്ചിരുന്ന ആഭരണങ്ങൾ ഇപ്പോൾ നിങ്ങളുടെ പക്കൽ ഉണ്ടാകും.

യാത്രക്കാരൻ:—ഞാൻ ഒട്ടകത്തെ കണ്ടില്ലെന്നു വീണ്ടും പറയുന്നു. അതിന്റെ ചുമട്ടിൽ ആഭരണങ്ങൾ ഉണ്ടായിരുന്നോ എന്നും എനിക്ക് അറിഞ്ഞുകൂടാ.

കച്ചവടക്കാർ:—ഭോഷ്ക്കു! അതിന്റെ ചുമട്ടിൽ തേനും ഗോതമ്പും ഉണ്ടായിരുന്നെന്നറിഞ്ഞവന് ആഭരണങ്ങളുടെ കാര്യം മാത്രം അറിഞ്ഞുകൂടാപോലും!

ഒട്ടകത്തെ കാണിച്ചുകൊടുക്കാനും സാമാനങ്ങൾ തിരികെ കൊടുക്കാനും ഭാവമില്ലെന്നു കണ്ടപ്പോൾ കച്ചവടക്കാർ യാത്രക്കാരനെ പിടികൂടി. അവർ അയാളെ ബലം പ്രയോഗിച്ചു ന്യായാധിപന്റെ മുമ്പാകെ ഹാജരാക്കി. ഒട്ടകവും സാമാനങ്ങളും മോഷണം ചെയ്തതായി ആവലാതി ബോധിപ്പിച്ചു. ഉടുപ്പും വസ്ത്രങ്ങളും പോലീസുകാരെക്കൊണ്ടു അഴിപ്പിച്ചു പരിശോധിപ്പിച്ചുനോക്കിയതിൽ യാത്രക്കാരന്റെ പക്കൽനിന്നു യാതൊരു ഉരുപ്പ

ടിയും കിട്ടിയില്ല. സത്യം പറയിപ്പിക്കുവാൻ പ്രതിയെ പോലീസ് ബന്തവസ്സിൽ വയ്ക്കുയല്ലേ വേണ്ടതെന്നു ന്യായാധിപൻ വിചാരിച്ചു കൊണ്ടിരുന്നപ്പോൾ യാത്രക്കാരൻ ഇങ്ങനെ പറഞ്ഞു:—"ഈ കച്ചവടക്കാർ കേവലം ധൃതഗതിക്കാരാണ്. കാണാതെതന്നെ ഒരു വസ്തുവിനെപ്പററി പലതും ഗ്രഹിക്കാമെന്നു വിചാരിക്കാൻ അവർക്കു ക്ഷമയില്ല. ഇവരുടെ ഒട്ടകത്തെ ഞാൻ കണ്ടിട്ടില്ലെങ്കിലും അതു് എങ്ങനെയോ തെററിത്തിരിയുകയാണു ചെയ്തതു് എന്നു എനിക്കു മനസ്സിലായി. എന്തുകൊണ്ടെന്നാൽ ഒട്ടകത്തിൻെറ കാൽപ്പാടു മണലിൽ വ്യക്തമായി കണ്ടെങ്കിലും അതിനോടടുത്തു മനുഷ്യരുടെ കാൽപ്പാടു് ഉണ്ടായിരുന്നില്ല. അതിന് ഇടത്തുകാലിൽ മുടന്തു് ഉണ്ടെന്നു മനസ്സിലാക്കിയതു് ആ കാൽ നിലത്തു പതിഞ്ഞപ്പോൾ ഉണ്ടായ പാടു തീരെ ദൃഢമല്ലാതെയിരുന്നതുകൊണ്ടാണ്. ഇടതുവശം നിന്നിരുന്ന ചെടികൾ മാത്രമേ അതു ഭക്ഷിച്ചിരുന്നുള്ളു എന്നു കണ്ടതുകൊണ്ടു് അതിൻെറ വലതു കണ്ണിനു കാഴ്ചയില്ലെന്നു ഞാൻ ഊഹിച്ചു. അതു കടിച്ച ഇലകൾ നോക്കിയതിൽ നടുക്കു് ഒരു പല്ലു പററിയതായി കാണായ്കയാൽ അതിന് ഒരു പല്ലു് ഇല്ലായിരുന്നെന്നു വ്യക്തമായി.

കച്ചവടക്കാർ:—ഇത്രയുമൊക്കെ ഊഹിച്ചറിഞ്ഞെന്നിരിക്കട്ടെ, അതു ചുമന്നുകൊണ്ടുപോയ സാധനങ്ങളുടെ കാര്യം കിടക്കുന്നല്ലോ.

യാത്രക്കാരൻ.__പറയാം. ഒട്ടകം നടന്നുപോയ വഴിയുടെ ഒരു വശത്തു് നീളെ ഉറമ്പുകൾ ഉണ്ടായിരുന്നതു കൊണ്ടു ആ വശത്തു ഗോതമ്പും, മറുഭാഗത്തു് ഈച്ചകൾ കൂടിയിരുന്നതുകൊണ്ടു് ആ വശത്തു തേനും അതു വഹിച്ചിരുന്നതായിട്ടു് എനിക്കു് തോന്നി.

ഇത്രയും കേട്ടപ്പോൾ പ്രതി കുററമൊന്നും ചെയ്തിട്ടില്ലെന്നു ന്യായാധിപനു മനസ്സിലായി. "ഈ പ്രതി കണ്ണുകൾ വേണ്ടപോലെ ഉപയോഗിക്കുന്നവനാണു്. വാദികൾക്കും കണ്ണുണ്ടല്ലോ. അതു ശരിയായിട്ടു ഉപയോഗിച്ചു് ഒട്ടകത്തിൻെറ കാൽപ്പാടുകൾ നോക്കിപ്പോയി അതിനെ കണ്ടുപിടിച്ചുകൊള്ളട്ടെ." എന്നു പറഞ്ഞു ന്യായാധിപൻ പ്രതിയെ വിട്ടയച്ചു.

## പാഠം ൪.

# വീടു്.



പള്ളിക്കൂടം വിട്ടു വീട്ടിലേക്കു പോകുവാൻ നിങ്ങൾക്കു് ഉത്സാഹം തോന്നാറില്ലേ? അതുപോലെ അന്യദേശങ്ങളിൽ പഠിക്കാൻ പോയി താമസിക്കുന്നവർ പള്ളിക്കൂടമടപ്പിനു സ്വദേശത്തു വീട്ടിലേക്കു മടങ്ങി വരുമ്പോൾ വളരെ ഉത്സാഹവും സന്തോഷവും കാണിക്കാറുണ്ടു്. പ്രായം ചെന്നവർപോലും കച്ചേരിയിലോ മററു

സ്ഥലങ്ങളിലോ പോയി വൈകുന്നേരം വീട്ടിലേക്ക എത്രയോ സന്തോഷത്തോടുകൂടിയാണ തിരിച്ചുവരുന്നത്. ഇതിന്റെ കാരണം ബാലന്മാർക്കും യുവാക്കൾക്കും പ്രായപൂർത്തിവന്നവൎക്കും അവരവരുടെ വീടുകളെപ്പററി വളരെ പ്രതിപത്തി ഉണ്ടെന്നുള്ളതാകുന്നു. വീട് മൺപുരയായാലും മാളികയായാലും ബംഗ്ലാവായാലും ഈ പ്രതിപത്തിക്ക വ്യത്യാസമില്ല.

വീടിനെപ്പററിയുള്ള നമ്മുടെ താത്പര്യത്തിന്റെ പ്രധാനമായ കാരണം മാതാപിതാക്കന്മാരും സഹോദരിമാരും ബന്ധുക്കളും ഭൃത്യന്മാരും മററും അവിടെ ഉണ്ടെന്നുള്ളതാണ്. അവരെ കാണുന്നതും, അവരുമായി സംസാരിക്കുന്നതും, അവരോട് ഒരുമിച്ചു ഉണ്ണുന്നതും നടക്കുന്നതും കളിക്കുന്നതും നമുക്ക് ആനന്ദമാകുന്നു. ഇപ്രകാരം സഹവാസംകൊണ്ടുള്ള സുഖം മാതാപിതാക്കൾ മുതലായവരെക്കുറിച്ചു മാത്രമല്ല നമുക്ക തോന്നുന്നത്. നമ്മുടെ വീട്ടിലെ പട്ടി, പൂച്ച, പശു, കിടാവ്, തത്ത, മൈനാ മുതലായവയോടും നമുക്ക് പ്രത്യേകം സന്തോഷമുണ്ട്. അതുപോലെ അവിടെ വളൎത്തുന്ന റോസാ, മുല്ല, പിച്ചി മുതലായ ചെടികളും, തെങ്ങ്, മാവ് മുതലായ വൃക്ഷങ്ങളും നമുക്ക കൗതുകം ജനിപ്പിക്കുന്നു.

ബന്ധുക്കളോടും, നമ്മുടെ പരിചയത്തിൽ പെട്ടിട്ടുള്ള മൃഗങ്ങളോടും, പക്ഷികളോടും, ചെടികളോടും, വൃക്ഷങ്ങളോടും, സ്നേഹവും പ്രതിപത്തിയും തോന്നുന്നതിന്ന വീട് ഉപകരിക്കുന്നു. എന്നാൽ വീട്ടിൽ കലഹവും ബുദ്ധി

മുട്ടുകളും രോഗപീഡകളും ഉണ്ടായാൽ വീട്ടിൽ ഒരു സുഖവും ഉള്ളതായി തോന്നുകയില്ല. അതുകൊണ്ടു് വീട്ടിൽ കലഹങ്ങളും അസുഖങ്ങളും ഉണ്ടാകാതിരിപ്പാൻ സൂക്ഷിക്കണം. അതിലേക്കു് അന്യോന്യം ഇഷ്ടമായും മററുള്ളവരെ ആദരിച്ചും നാം പെരുമാറേണ്ടതാകുന്നു.

രോഗപീഡകൾ പല കാരണങ്ങൾകൊണ്ടു് ഉണ്ടാകുന്നതാണു്. എങ്കിലും ശുചിത്വംകൊണ്ടു പല രോഗങ്ങളെയും തടയാം. വീട്ടിലും പരിസരത്തും വെള്ളം കെട്ടിനിൽക്കുവാൻ ഇടകൊടുക്കുന്നതു് ആരോഗ്യത്തിനു് അനുകൂലമല്ല. മുറികളിലും ഗൃഹത്തിൻെറ മററു ഭാഗങ്ങളിലും ഇടവിടാതെ ഈർപ്പം ഉണ്ടായിരുന്നാൽ ജലദോഷം, പനി മുതലായ രോഗങ്ങൾ വന്നു പിടിപെടും. അതുപോലെ വീട്ടിൽ പൊടിയും മററു മാലിന്യങ്ങളും ഉണ്ടാകാതെയും സൂക്ഷിക്കണം. മലിനപദാർത്ഥങ്ങൾ നിമിത്തം മൂട്ട, കൊതുക, ചെള്ളു്, ഈച്ച മുതലായ കീടങ്ങൾ ഉണ്ടാകുന്നതാണു്. അവ രോഗങ്ങൾ ഉണ്ടാക്കയും, രോഗങ്ങളെ ഒരാളിൽനിന്നു മറെറാരാളിലേക്കു് പകത്തുകയും ചെയ്യുന്നു. വീട്ടിൽ ഉപയോഗിക്കുന്ന പാത്രങ്ങളും മററു സാമാനങ്ങളും ശുചിയായിരിക്കുന്നതിനും ജാഗ്രത വേണ്ടതാകുന്നു.

നാം നിത്യവും ഉപയോഗിക്കുന്ന സാധനങ്ങൾ ക്ലിപ്തസ്ഥാനങ്ങളിൽവച്ചു സൂക്ഷിക്കേണ്ടതാണു്. പെൻസിൽ, പുസ്തകം മുതലായ സാമാനങ്ങൾ വൈകുന്നേരം വല്ലയിടത്തും ഇട്ടുംവച്ചു പിറേറദിവസം പള്ളിക്കൂടത്തി

ലേക്ക പോകാൻ തുടങ്ങുമ്പോൾ അവ തപ്പിനടന്നു സമയം കളയുകയും നിലിവിളി കൂട്ടുകയും ചെയ്യുന്നതു പല കുട്ടികളുടെയും പതിവാകുന്നു. പ്രായമായവർപോലും കുട്ട, വട്ടി, വെട്ടുകത്തി, മൺവെട്ടി മുതലായ ഉപകരണങ്ങൾ തേടി സമയം കളയുന്നതു നാം കാണാറുണ്ടല്ലോ. ഓരോ സാധനവും അതാതിന് ഉദ്ദേശിച്ചിട്ടുള്ള സ്ഥാനത്തു തന്നെ വച്ചു സൂക്ഷിക്കുന്നപക്ഷം മുൻപറഞ്ഞ കുഴപ്പങ്ങൾ സംഭവിക്കയില്ല.

ക്രമമായും ശുചിയായും വ്യവസ്ഥപ്പെടുത്തീട്ടുള്ള ഭവനം നമ്മുടെ സുഖത്തിനും പ്രത്യേകിച്ചു കാരണമാകുന്നു.

---

പാഠം ൱.

## കദളീവനം.

പച്ചക്കദളിക്കുലകൾക്കിടയ്ക്കിടെ
മെച്ചത്തിൽ നന്നായ് പഴുത്ത പഴങ്ങളും
ഉച്ചത്തിലങ്ങനെ കണ്ടാൽ പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചു കോർത്തുള്ള
മാലകൾകൊണ്ടു വിതാനിച്ച ദിക്കെന്നു
മാലോകരൊക്കെയും ശങ്കിക്കുമാറുള്ള

ലീലാവിലാസേന നിൽക്കുന്നു വാഴകൾ
നാലു ഭാഗങ്ങളിൽ തിങ്ങിവിങ്ങിത്തദാ
ബാലാനിലൻ വന്നു തട്ടുന്ന നേരത്തു
കോലാഹലം നൃത്തമാടും ദലങ്ങളും
ആലോകനം ചെയ്തു വിസ്മയിച്ചീടിനാൻ
കാലാത്മജാനുജൻ വീരൻ വൃകോദരൻ.
താഴത്തു ഭാഗത്തു വീണു കിടക്കുന്ന
വാഴപ്പഴംകൊണ്ടു മൂടീ മഹീതലം.
പാഴററ പട്ടു വിരിച്ച കണക്കിനേ
വാഴയ്ക്കു ചുററും പ്രകാശമുണ്ടെപ്പൊഴും.
വാവലും കാക്കയും പച്ചക്കിളികളും
പ്രാവും പരുന്തും പറന്നു നടക്കുന്ന
പക്ഷികൾ വന്നിപ്പഴുത്ത പഴങ്ങളെ
ഭക്ഷിക്കുമാറില്ല പേടികൊണ്ടാരുമേ
രക്ഷിച്ചുപോരുന്നതാരീവനമെന്നു
സൂക്ഷിച്ചുനോക്കിത്തുടങ്ങി വൃകോദരൻ.

[കല്യാണസൌഗന്ധികം.]

---

പാഠം ൭.

# നമ്മുടെ രാജ്യം.

നമുക്കു നമ്മുടെ വീടുകളോടു പ്രത്യേകമായ സ്നേഹം ഉണ്ടു്. അതുപോലെതന്നെ പാർക്കുന്ന ദേശങ്ങളോടും നമുക്കു സ്നേഹം തോന്നുന്നു. നമ്മുടെ ദേശംപോലെ അനേകം ദേശങ്ങൾ കൂടിച്ചേർന്നുള്ളതാണു് ഒരു രാജ്യം.

നമ്മുടെ രാജ്യത്തിന്റെ പേരു തിരുവിതാംകൂർ എന്നാണ്. ശ്രീവാഴുംകോട്, വഞ്ചിഭൂമി, ധർമ്മരാജ്യം എന്നീ നാമങ്ങളും ഈ രാജ്യത്തിന് ഉണ്ട്. ഇതു ഭാരതഖണ്ഡത്തിന്റെ തെക്കുപടിഞ്ഞാറേ കോണിൽ കിടക്കുന്നു. കുന്നുകളും, കാടുകളും, അരുവികളും, തടാകങ്ങളും ഇടകലർന്നു കിടക്കുന്ന ഈ രാജ്യം കാഴ്ചയ്ക്കു ഏറ്റവും ഭംഗിയുള്ളതാണു.




നമ്മുടെ വനങ്ങളിൽ ഈട്ടി, തേക്കു മുതലായ വൃക്ഷങ്ങളും ധാരാളമായി വളരുന്നു. ആന, കടുവാ

കലമാൻ, കാട്ടുപോത്തു് മുതലായ മൃഗങ്ങൾ ഈ വനങ്ങളിൽ ഉണ്ടു.

തെങ്ങ്, കമുക്, മാവ്, പ്ലാവ് മുതലായ വൃക്ഷങ്ങളും നെല്ല്, പയറ് മുതലായ ധാന്യങ്ങളും നമ്മുടെ നാട്ടുംപുറങ്ങളിൽ കൃഷിചെയ്യുന്നു. പണ്ടേ നമ്മുടെ നാട്ടു കുരുമുളകിനു കേൾവികേട്ടിട്ടുള്ളതാണു.

ഭംഗിയും വാസനയുമുള്ള പലതരം പുഷ്പങ്ങളും, സ്വാദുള്ള കായ്കനികളും നമ്മുടെ നാട്ടിൽ ധാരാളമായി ഉണ്ടാകുന്നുണ്ടു. മയിൽ, കുയിൽ, തത്ത, പ്രാവു മുതലായ



പല രൂപത്തിലും നിറത്തിലും ഉള്ള പക്ഷികളെ ഈ നാട്ടിൽ പലയിടത്തും കാണ്മാനുണ്ട്. ഈ രാജ്യം വന്നു കണ്ടിട്ടുള്ള വിദേശികൾ ഈ നാട്ടിനെ വളരെ പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ടു.

കിഴക്കു സഹ്യപർവ്വതത്തിനും, പടിഞ്ഞാറു അറേബ്യൻകടലിനും ഇടയ്ക്കു കന്യാകുമാരി തൊട്ടു കൊച്ചിവരെ നമ്മുടെ രാജ്യം നീണ്ടു കിടക്കുന്നു. ഈ സ്ഥലം ഏകദേശം ഇരുന്നൂറു സംവത്സരങ്ങൾക്കു മുൻപ് പല ചെറിയ രാജ്യങ്ങളായിരുന്നു. ദേശിങ്ങനാടു, കായംകുളം, ചെമ്പകശ്ശേരി, തെക്കുംകൂർ, വടക്കുംകൂർ, എന്നീ ചെറിയ നാടുകളെ മാർത്താണ്ഡവർമ്മമഹാരാജാവ് ആക്രമിച്ചു വേണാടിനോടു ചേർത്താണ് ഇന്നത്തെ തിരുവിതാംകൂർ സ്ഥാപിച്ചതു്.

നമ്മുടെ രാജ്യത്തെ പ്രധാന ഭാഷ മലയാളമാണ്. തമിഴ് സംസാരിക്കുന്നവരായും വളരെ ജനങ്ങളുണ്ടു്. ഭാഷയിലെന്നപോലെ ആചാരങ്ങളിലും നമ്മുടെ ഇടയിൽ ചില്ലറ വ്യത്യാസങ്ങളുണ്ടു. എന്നാൽ നാം എല്ലാം ഒരേ രാജാവിൻെറ പ്രജകളാകുന്നു. ഒരു കുടുംബത്തിൽ ഉള്ളവരെപ്പോലെ നാം അന്യോന്യം സ്നേഹമായി കഴിക്കണം.

തിരുവിതാംകൂർ രാജകുടുംബം വളരെ പുരാതനം ആണ്. നമ്മുടെ മഹാരാജാക്കന്മാർ ജനങ്ങളുടെ നന്മയിൽ താത്പര്യമുള്ളവരാകുന്നു. സാഹിത്യം തുടങ്ങിയുള്ള വിദ്യകളിൽ വലിയ സാമർത്ഥ്യം സിദ്ധിച്ച പല മഹാരാജാക്കന്മാരും നമ്മുടെ രാജകുടുംബത്തിൽ ഉണ്ടായിട്ടുണ്ടു്.

മുപ്പത്തൊൻപതു സംവത്സരം പ്രശസ്തമായി രാജ്യഭാരം ചെയ്തശേഷം ൧൦൯൯-ാമാണ്ടു നാടുനീങ്ങിയ ശ്രീമൂലംതിരുനാൾ, മഹാനായ ഒരു രാജാവായിരുന്നു. അദ്ദേഹം നാടുനീങ്ങിയപ്പോൾ ശ്രീ ചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സിലേക്കു പ്രായപൂത്തി ആകാഞ്ഞതിനാൽ ശ്രീ സേതുലക്ഷ്മീഭായി മഹാറാണി തിരുമനസ്സുകൊണ്ടു് റീജൻറായി രാജ്യഭാരം കൈയ്യേററു. എന്നാൽ പ്രായപൂത്തി വന്നതോടുകൂടി, ൧൧൦൭-ാമാണ്ടു മഹാരാജാവു തിരുമനസ്സുകൊണ്ടുതന്നെ രാജ്യഭാരം ആരംഭിച്ചു. തിരുമനസ്സിലെ ഭരണം തുടങ്ങിയിട്ടു കുറച്ചു കാലമേ ആയുള്ളു. ഇതിനിടയ്ക്കുതന്നെ അവിടുന്നു ലോകപ്രസിദ്ധി സമ്പാദിച്ചുകഴിഞ്ഞു. തിരുമനസ്സിൽനിന്നു വളരെ നാൾ നമ്മെ സുഖമായി രക്ഷിക്കാൻ നമുക്കു പ്രാർത്ഥിക്കാം.

---

പാഠം ൮.

## മൃഗങ്ങൾ.

ജന്തുക്കളിൽ മൃഗങ്ങൾ എന്നും പക്ഷികൾ എന്നും രണ്ടു വക ഉണ്ടെന്നു നിങ്ങൾക്കു് അറിയാം. മൃഗങ്ങൾ ഭൂമിയിൽ സഞ്ചരിക്കുന്നവയും, പക്ഷികൾ അധികവും ആകാശത്തിൽ സഞ്ചരിക്കുന്നവയും ആണു്. ഈ പാഠത്തിൽ മൃഗങ്ങളെപ്പററി ചില സംഗതികൾ പറയാം.

ഒന്നാമതായി, മനുഷ്യരെയും മൃഗങ്ങളെയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കാം. മനുഷ്യരും മൃഗവർഗ്ഗത്തിൽ

ഉൾപ്പെടുന്നു. മനുഷ്യരും മൃഗങ്ങളും ശരീരത്തെ പോഷിപ്പിക്കാനായി ആഹാരം കഴിക്കുകയും, ക്ഷീണം തീർക്കുന്നതിനായി വിശ്രമിക്കയും ചെയ്യുന്നു. മനുഷ്യരെപ്പോലെ മൃഗങ്ങൾ പ്രസവിക്കയും, കുഞ്ഞുങ്ങളെ വളർത്തുകയും ചെയ്യുന്നു. ശരീരത്തിന്റെ ഘടനയിലും മനുഷ്യർക്കും മൃഗങ്ങൾക്കും തമ്മിൽ വളരെ സാദൃശ്യം ഉണ്ട്. തലയും ഉടലും, ഉടലോടു ചേർന്ന കൈകൾകളും, കാലുകളും മനുഷ്യർക്കു ഉള്ളതുപോലെ മൃഗങ്ങൾക്കും ഉണ്ട്. കണ്ണ്, ചെവി, മൂക്ക്, നാക്ക്, ത്വക്ക് എന്നീ അഞ്ചു ഇന്ദ്രിയങ്ങൾ മനുഷ്യർക്കും മൃഗങ്ങൾക്കും ഉണ്ടു. കണ്ടും, കേട്ടും, മണത്തും, രുചിച്ചും, തൊട്ടറിഞ്ഞും ആണല്ലോ നാം ഓരോ വസ്തുക്കളെക്കുറിച്ച് അറിവു സമ്പാദിക്കുന്നതു്. മൃഗങ്ങളും പുറമേയുള്ള സംഗതികൾ ഗ്രഹിക്കുന്നതു് കണ്ടും കേട്ടും മററുംതന്നെ. ഇങ്ങനെ സാമ്യങ്ങൾ ഉണ്ടെങ്കിലും മനുഷ്യർക്കും മൃഗങ്ങൾക്കും തമ്മിൽ പല വ്യത്യാസങ്ങൾ ഉണ്ടു. മനുഷ്യർ നിവർന്നു രണ്ടു കാലിൽ നടക്കുന്നു. മനുഷ്യനു നടക്കുന്നതിനു കൈയ്കളുടെ ആവശ്യമില്ല. മൃഗങ്ങളാകട്ടെ കൈയ്കളും കാലുകളും ഉപയോഗിച്ചാണു് നടക്കുന്നതു്. മൃഗങ്ങളുടെ കൈയ്കൾ അവയുടെ മുൻകാലുകളാണു്.

മനുഷ്യർക്കു ബുദ്ധിയുണ്ടെന്നും മൃഗങ്ങൾക്കു ബുദ്ധിയില്ലെന്നും സാധാരണ പറയാറുണ്ട്. പക്ഷേ നായ്, കുറുക്കൻ, ആന മുതലായ മൃഗങ്ങളുടെ പ്രവൃത്തി കണ്ടാൽ അവയ്ക്കും ബുദ്ധിയുണ്ടെന്നു സമ്മതിക്കാതെ തരമില്ല. ആന ആനക്കാരനെ തിരിച്ചറിഞ്ഞു; അയാളുടെ ചൊൽ

പ്പെടികൾ നടക്കുന്നു. അന്യരോട് ആന ഇങ്ങനെ ഇണക്കമായി പെരുമാറാറില്ല. എന്നുതന്നെയല്ല, ഉപദ്രവിക്കുന്നവരോടു വളരെ കഴിഞ്ഞാലും ആന തരംനോക്കി പക വീട്ടുന്നതിനും ദൃഷ്ടാന്തങ്ങൾ ഉണ്ട്. സ്നേഹവും നന്ദിയും അനുസരണശീലവും പട്ടിക്കു ഉണ്ടെന്നുള്ളതു ആർക്കും അറിയാവുന്ന കാര്യമാണല്ലോ.

മൃഗങ്ങൾക്കു സംസാരിക്കുവാൻ വഹിയാ. എന്നാൽ ഓരോ തരം ശബ്ദങ്ങൾ പുറപ്പെടുവിച്ചും ഭാവഭേദങ്ങൾ കാണിച്ചും മററും അവ മനോഗതങ്ങൾ അന്യോന്യം ധരിപ്പിക്കുന്നു. പശു ഒരു പ്രത്യേക തരത്തിൽ ശബ്ദിക്കുമ്പോൾ കിടാവ് അടുത്തു ചെല്ലുന്നതും മററും നിങ്ങൾ കണ്ടിരിക്കും.

മനുഷ്യരുടെ വിശേഷബുദ്ധി നിമിത്തം പല മൃഗങ്ങളെയും അവർ വളരെക്കാലം മുൻപുതന്നെ പിടിച്ചു ഇണക്കി. ഇങ്ങനെ ഇണങ്ങിയ കാട്ടുമൃഗങ്ങളുടെ സന്താനങ്ങളാണു നമ്മുടെ വീടുകളിൽ വളർത്തുന്ന പട്ടി, പൂച്ച മുതലായവ. ഇണങ്ങിയ ജന്തുക്കളുടെ ഇനത്തിൽപ്പെട്ടവയും കാടുകളിൽ ജീവിക്കുന്നുണ്ട്.

നാട്ടുമൃഗങ്ങളെക്കൊണ്ട് മനുഷ്യർക്ക് പല ഉപകാരങ്ങൾ ഉണ്ട്. പശു, എരുമ, ആടു ഇവയിൽനിന്നു നമുക്കു പാൽ കിട്ടുന്നു. കാളയെയും പോത്തിനെയും നിലം ഉഴുന്നതിനും ഭാരം കൊണ്ടുപോകുന്നതിനും നാം ഉപയോഗിക്കുന്നു. കുതിരയെ ഉപയോഗിക്കുന്നതു വണ്ടി വലിക്കുന്നതിനും സവാരി ചെയ്യുന്നതിനും ആകുന്നു. ചില ദേശങ്ങളിൽ കുതിരയെ നിലം ഉഴുന്നതിനും ഉപയോഗ്യ

ക്കാറുണ്ടു. ആടിന്റെയും മററു പല മൃഗങ്ങളുടെയും രോമംകൊണ്ടു കമ്പിളിത്തുണികൾ ഉണ്ടാക്കുന്നു. നായ്ക്കൾ വീടു കാക്കുകയും ആടുമാടുകളെ സൂക്ഷിക്കുകയും ചെയ്യുന്നു. പൂച്ചകൾ എലികളുടെ ശല്യം ഒഴുക്കുന്നു.

സിംഹം, കടുവാ, പുലി, കരടി, കാട്ടാന, കാട്ടുപോത്തു മുതലായവ കാട്ടുമൃഗങ്ങൾ ആണ്. അവ കാട്ടിൽ സ്വൈരമായി ജീവിക്കുന്നു. വന്യമൃഗങ്ങൾ മനുഷ്യരെ പല വിധത്തിൽ ഉപദ്രവിക്കുന്നവയാണു. കടുവായും പുലിയും കന്നുകാലികളെ പിടിച്ചു തിന്നും. കാട്ടാനകൾ മലംകൃഷി നശിപ്പിച്ചുകളയും. നാം വനങ്ങളിൽ അകപ്പെട്ടുപോയാൽ അവിടെയുള്ള കാട്ടുജന്തുക്കൾ നമ്മെത്തന്നെയും ഹിംസിക്കും. എങ്കിലും കാട്ടുമൃഗങ്ങളെക്കൊണ്ടും മനുഷ്യർക്കു ഉപകാരങ്ങൾ ഇല്ലാതില്ല.

---

## പാഠം ൯.

# മേഷയുദ്ധത്തിനിടയിൽപ്പെട്ട കുറുനരി.

ഉദ്ധതന്മാരാം രണ്ടു മേഷങ്ങൾ പരസ്പരം
യുദ്ധമങ്ങാരംഭിച്ചു വാഹിനീതീരംതന്നിൽ.

ആടുകൾ രണ്ടും ബദ്ധദൂരവേ വാങ്ങിക്കൊണ്ടി-
ങ്ങോട്ടുവന്നുടൻ മുട്ടിപ്പിന്നെയും മാറിപ്പോകും.

പിന്നെയും വന്നുകൂട്ടും തമ്മിലീവണ്ണമുള്ള
സന്നാഹം ക്രമത്താലങ്ങെത്രയും മുഴുത്തപ്പോൾ

ഭിന്നമാം മുഖങ്ങളിൽ നിന്നുടൻ ചോരക്കട്ട
ചിന്നിയും ചിതറിയും ഭൂതലേ പതിക്കുന്നു.

അന്നേരമൊരു ഭോഷൻ ജംബുകൻ ചെന്നുകണ്ടു
നന്നിതു ചോരത്തുള്ളി നമുക്കു പാനം ചെയ്വാൻ

എന്നവൻ വിചാരിച്ചു മേഷങ്ങൾ വാങ്ങുന്നേരം
ചെന്നുടൻ ചോര നക്കിക്കുടിച്ചു തുടങ്ങിനാൻ.

പെട്ടെന്നു മേഷങ്ങളും വന്നുമുട്ടുമ്പോൾ മദ്ധ്യേ
പെട്ടൊരു കുറുനരി ചതഞ്ഞു ചത്തുവീണാൻ.

[പഞ്ചതന്ത്രം.]

---

പാഠം ൧൦.

## പക്ഷികൾ.

പക്ഷി എന്ന പദത്തിൻെറ അൎത്ഥം പക്ഷങ്ങൾ, അതായതു, ചിറകുകൾ ഉള്ളതു് എന്നാണു്. പറന്നു നടക്കുന്ന ചെറിയ പ്രാണികളെ പക്കി എന്നു സാധാരണ പറയും. പക്ഷി എന്ന വാക്കു സാധാരണ ആളുകൾ ശുദ്ധമായിട്ടല്ലാതെ ഉച്ചരിച്ചു പക്കി എന്നു മാറിപ്പോയതാണു്.

കോഴി ഒരു പക്ഷിയാണ്. അതിനു ചിറകുകൾ ഉണ്ടെങ്കിലും അതു വളരെ പൊക്കത്തിൽ പറക്കുന്നില്ല. വീടുകളിൽ വളർത്താറുള്ള കോഴി, താറാവ്, പാത്ത മുതലായവയും, കാട്ടുജന്തുക്കളായ കുളക്കോഴി, കാട്ടുകോഴി മുതലായവയും ഓരോ തരം കോഴികളാണ്. അവയെല്ലാം ഭൂമിയിൽത്തന്നെയാണ് മിക്കവാറും സഞ്ചരിക്കുന്നത്.



പക്ഷികളിൽവച്ചു വലിപ്പംകൂടിയ ഒട്ടകപ്പക്ഷി കോഴിയുടെ ഇനത്തിൽപ്പെട്ടതാകുന്നു. ഒരു വലിയ ഒട്ടകപ്പക്ഷിക്കു പന്ത്രണ്ടു് അടിയോളം ഉയരം കാണും. എന്നാൽ

അതിന്റെ ചിറക ചെറുതാണ്. ഭാരമുള്ള അതിന്റെ ശരീരത്തെ വായുവിൽ താങ്ങുന്നതിന് ആ ചിറകുകൾക്കു ശക്തിയില്ലാത്തതിനാൽ ഒട്ടകപ്പക്ഷി പറക്കുന്നില്ല. എന്നാൽ ചിറക് വിടർത്തുപിടിച്ചു ഒരു നാഴികയിലധികം ഓടാൻ അതിനു കഴിയും.




പ്രാവ്, കാക്ക, തത്ത, പരുന്ത്, മൂങ്ങ, കഴുകൻ മുതലായി ആകാശത്തു സഞ്ചരിക്കുന്നവയാണ് പക്ഷികളിൽ അധികവും. അവ മരത്തിന്റെ കൊമ്പുകളിലോ പാറകളുടെ വിടവുകളിലോ കൂടുകൾ ഉണ്ടാക്കുന്നു. പല

നിറത്തിലുള്ള പക്ഷികൾ മരക്കൊമ്പുകളിൽ ചാടിക്കളിക്കുകയും, പാടിപ്പറക്കുകയും ചെയ്യുന്നതു കാണുവാൻ കൗതുകമുള്ളതാണു. വെളുപ്പാൻകാലത്തു പക്ഷികൾ പാടുന്നതു കേട്ടാൽ നാം ഉണൎന്ന് ഈശ്വരനെ സ്തുതിക്കണമെന്നും ദിനകൃത്യങ്ങൾ ചെയ്യണമെന്നും അവ നമ്മളോടു് ഉപദേശിക്കുകയാണെന്നു തോന്നും.

കാക്ക എല്ലായിടത്തും കാണുന്ന പക്ഷിയാണു്. കറുത്ത നിറവും, 'കാ' 'കാ' എന്ന ശബ്ദവുംകൊണ്ടു് അതിനെ തിരിച്ചറിയാൻ വളരെ എളുപ്പമുണ്ടു. അതു പേടിയില്ലാത്ത ഒരു പക്ഷിയാണു്. കുട്ടികളുടെ കൈയിൽ നിന്നു പലഹാരങ്ങളും മററും കൊത്തിയെടുത്തുകൊണ്ടു് കാക്ക മരത്തിന്റ മുകളിലേക്കു പറന്നുപോകുന്നതു നിങ്ങൾ കണ്ടിരിക്കുമല്ലോ. അതു് അവിടെയിരുന്നു തല ചരിച്ചു നോക്കുന്നതു കണ്ടാൽ അതിന്റെ സാമൎത്ഥ്യത്തെക്കുറിച്ചു തന്നെത്താനേ സന്തോഷിക്കുന്നതായിത്തോന്നും.

തത്തയെ കൂട്ടിലടച്ചു വീട്ടിൽ വളൎത്താറുണ്ടു. അതിന്റെ ആകൃതിഭംഗിയും, സംസാരിക്കാനുള്ള ശക്തിയും നിമിത്തമാണു അതിനെ പിടിച്ചു വളൎത്തുന്നതു്. തത്തയുടെ നാക്കു് മൃദുവായതും വീതിയുള്ളതും അത്രേ. അതുകൊണ്ടാണു് സംസാരിക്കാൻ ആ പക്ഷിക്കു സാധിക്കുന്നതു്. തത്ത സംസാരിക്കുന്നതു കേട്ടാൽ വളരെ കൗതുകം തോന്നും. മിക്ക പക്ഷികളുടേയും നാക്കു വീതികുറഞ്ഞതും ഘനം കൂടിയതും ആണു്. അങ്ങനെയുള്ള



നാക്കു് ഇഷ്ടംപോലെയുള്ള ശബ്ദം പുറപ്പെടുവിക്കാൻ തക്കവണ്ണം വഴങ്ങുകയില്ല. തത്തയ്ക്കു മരം കേറുന്നതിനു വളരെ സാമർത്ഥ്യമുണ്ടു്. ഓരോ കാലിന്മേലും ഉള്ള നന്നാലു വിരലുകൾകൊണ്ടും ബലമുള്ള ചുണ്ടുകൊണ്ടും പിടിച്ചു പിടിച്ചു് അതു വേഗത്തിൽ മേല്പോട്ടു കയറും.

മൂങ്ങയെ കണ്ടാൽ പേടിയാകും. വട്ടക്കണ്ണുകൊണ്ടുള്ള തുറിച്ചുനോട്ടമാണു ആ പക്ഷിയെ ഇങ്ങനെ ഭയങ്കരനാക്കുന്നതു്. മൂങ്ങയ്ക്കു പകലത്തേക്കാൾ രാത്രിയിലാണു കാഴ്ച അധികമുള്ളതു്. സൂര്യപ്രകാശം സഹിക്കുന്നതിന് ആ പക്ഷിയുടെ കണ്ണുകൾക്കു ശക്തിയില്ല. അതിനാൽ പകൽസമയം വല്ല വൃക്ഷത്തിന്റെ പൊത്തുകളിലും അതു കഴിച്ചുകൂട്ടുന്നു. മൂങ്ങയ്ക്കു പകൽ കാഴ്ച കുറവാണെന്നു മററു പല പക്ഷികൾക്കും അറിയാം. ചെറിയതരം പക്ഷികളെ മൂങ്ങ കൊന്നു തിന്നും. എന്നാൽ പകൽസമയം മൂങ്ങയുടെ അടുത്തു ചെല്ലുവാൻ ആ ചെറു പക്ഷികൾക്കു് ഒരു ഭയവും ഇല്ല. മൂങ്ങയുടെ സമീപത്തു ചെന്നു് അവ കോലാഹലം കൂട്ടുകയും ചില സമയം തല്ലുകയും തോണ്ടുകയും ചെയ്യാറുണ്ടു്. അപ്പോൾ മൂങ്ങ ദേഷ്യപ്പെട്ടു ചിറക വിടർത്തി അടിക്കുമെങ്കിലും, അതു ഉപദ്രവികളുടെ ദേഹത്തു പാറാറില്ല.

മൂങ്ങ ഇര തേടുന്നതു രാത്രിയിലാണു്. അതു മററു ചെറിയ പക്ഷികളെ പിടികൂടി കൂർത്ത നഖംകൊണ്ടു കൊന്നു ചുണ്ടുകൊണ്ടു കൊത്തിക്കീറിത്തിന്നുന്നു.

കഴുകൻ പക്ഷികളുടെ രാജാവാകുന്നു. അതു് ഇര പിടിക്കുന്നതു പ്രത്യേക രീതിയിലാണു്. ആദ്യമായി ആകാശത്തു് ഉയൎന്നു പറക്കും. കഴുകന്റെ കണ്ണിനു സൂക്ഷ്മം വളരെ അധികമുണ്ടു്. വളരെ പൊക്കത്തിൽവച്ചു്, ഭൂമിയിൽ സഞ്ചരിക്കുന്ന മുയൽ, ആട്ടിൻകുട്ടി എന്നപോലെയുള്ള ഒരു ജന്തുവിനെ അതു ലക്ഷ്യമാക്കുന്നു.

പിന്നീട് അതു കീഴ്പ്പോട്ടു വീണു ഉദ്ദേശിച്ച ജന്തുവിനെ നഖങ്ങളിൽ കോർത്തുകൊണ്ടു ദൂരെയുള്ള പാറക്കെട്ടുകളിലേക്കോ, വൃക്ഷശാഖകളിലേക്കൊ പറന്നു പോകുന്നു. കഴുകന്മാർ മൂങ്ങയെപ്പോലെ മററു ജന്തുക്കളെ നഖംകൊണ്ടു കൊല്ലുകയും ചുണ്ടുകൊണ്ടു കൊത്തിക്കീറി തിന്നുകയും ചെയ്യുന്നു.

PRESENTED BY
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

കഴുകൻ വളരെ ഉയരത്തിലാണു കൂടു കെട്ടുന്നതു. പാറക്കെട്ടിന്റെ ഉയർന്ന ചരിവിലാണ് അതു സാധാരണമായി കൂടു ഉണ്ടാക്കുന്നതു്. പാറയുടെ മുകളിൽനിന്നോ താഴെ നിന്നോ കൂടിന്റെ അടുത്തു ചെല്ലുന്നതു് എളുപ്പമല്ല. കഴുകന്റെ മുട്ട ചില ആളുകൾ ഉപയോഗിക്കാറുണ്ടു്. അതിന്റെ മുട്ടകൾ എടുക്കുന്നതു് വളരെ പ്രയാസപ്പെട്ടാണു. വേട്ടക്കാർ പാറക്കെട്ടിന്റെ മുകളിൽ കയറി ബലമുള്ള ഒരു കയറിന്റെ അററം വൃക്ഷത്തിലോ മറേറാ ബന്ധിക്കുന്നു. അതിന്റെ ശേഷം, പാറയുടെ ചരിവിലുള്ള കൂട്ടിന്റെ സമീപത്തുകൂടെ അവർ ആ കയർ കീഴ്പ്പോട്ടു തൂക്കിയിടുന്നു. ആ കയറിൽ പിടിച്ചു് ഇറങ്ങി കൂട്ടിൽ നിന്നു മുട്ടകൾ പെറുക്കി എടുത്ത ശേഷം അവർ കയറുവഴിയായിത്തന്നെ മേൽപ്പോട്ടു കയറിപ്പോകയും ചെയ്യുന്നു.

N626

പാഠം ൧൧.

# ചെടികൾ.

വലുതും ചെറുതുമായ വളരെ പ്രാണികളെ നാം കാണുന്നുണ്ടല്ലോ. അവയെല്ലാം ഒരു സ്ഥലം വിട്ടു മറെറാരു സ്ഥലത്തേക്കു സഞ്ചരിക്കാൻ കഴിയും. ഇങ്ങനെ സഞ്ചരിക്കുന്നതിനുള്ള ശക്തി ജീവികളുടെ ഒരു പ്രധാന ലക്ഷണമാണ്.

എന്നാൽ ചെടികൾ മുളയ്ക്കുന്ന സ്ഥലത്തുതന്നെ നില്ക്കുന്നതല്ലാതെ ആ സ്ഥാനം വിട്ടുമാറുന്നില്ല. അതുകൊണ്ടു ചെടികൾക്കു ജീവനില്ലെന്നു തോന്നിയേക്കാം. എന്നാൽ ചെടികൾക്കും ജീവനുണ്ട്. ജന്തുക്കളെപ്പോലെ ചെടികൾ ജനിക്കുകയും വളരുകയും കാലക്രമത്തിൽ നശിക്കുകയും ചെയ്യുന്നു. എന്നുതന്നെയല്ല പ്രാണികൾക്കെന്നപോലെ ചെടികൾക്കും ആഹാരം ആവശ്യമാണ്.

ചെടികൾ വളരുന്നതിനു വെള്ളവും വളവും ആവശ്യമാണ്. ചുവട്ടിൽ ഈർപ്പം ഇല്ലെങ്കിൽ ചെടികൾ ഉണങ്ങിപ്പോകുന്നതു നിങ്ങൾ കണ്ടിരിക്കാം. അതുപോലെതന്നെ ചാരം, ചാണകം മുതലായ വളങ്ങൾ ഇടാതെയിരുന്നാൽ ചെടികൾ പുഷ്ടിയായി വളർന്നുവരികയുമില്ല. വെള്ളവും വളവും ചെടിയുടെ ആഹാരമാണ്. ഇങ്ങനെ നോക്കുമ്പോൾ സഞ്ചാരശക്തിയില്ലെങ്കിലും സസ്യങ്ങൾക്കും ജീവനുണ്ടെന്നു മനസ്സിലാക്കാം.

മണ്ണു, കല്ലു, ഇരുമ്പ് മുതലായവയ്ക്കു ജീവനില്ല. അവയ്ക്കു വളർച്ച, നാശം എന്നിവയും ഇല്ല. അവ ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു സഞ്ചരിക്കുന്നില്ല. അവയ്ക്കു ആഹാരവും ഇല്ല.

ഒരു ചെടിക്കു തായ്ക്കു താഴെയും മുകളിലും ഭാഗങ്ങൾ ഉണ്ടു. മണ്ണിനു താഴെയുള്ള ഭാഗം വേരുകളാണു. ചെടിയുടെ മുഖ്യമായ ഭാഗം ഇതുതന്നെ. അതു പല ശാഖകളായി പിരിഞ്ഞു ചെടിയെ മണ്ണിൽ ഉറപ്പിച്ചു നിറുത്തുന്നു. വേരുകളിൽക്കൂടി ചെടിയുടെ ആഹാരം മണ്ണിൽ നിന്നു തടിവഴി കൊമ്പുകളിലേക്കും മററും പോകുന്നു. വേരു നശിച്ചാൽ ആഹാരം സമ്പാദിക്കുവാൻ കഴിയാതെ ചെടി ഉണങ്ങിപ്പോകും.



മണ്ണിനു മുകളിൽ കാണുന്ന പ്രധാന ഭാഗങ്ങൾ തടിയും ഇലയും ആകുന്നു. ചെടിയുടെ എല്ലാ ഭാഗങ്ങളിലും

ആഹാരസാധനം എങ്ങിനെ തടിയിൽക്കൂടിയാണെന്നു മുമ്പു പറഞ്ഞുവല്ലോ. ചെടിയുടെ ഇലയും വായുവിൽനിന്നു ചില ആഹാരസാധനങ്ങൾ സമ്പാദിക്കുന്നുണ്ടു്. ഇലയ്ക്കു് ഇങ്ങനെ ഭക്ഷണം ശേഖരിക്കുന്നതിനു വെയിൽ ആവശ്യമത്രെ. ചോലകളിൽ ചെടികൾ ശക്തിയായി വളരാത്തതു അവിടെ വെയിൽ കുറവായതുകൊണ്ടാണ്. പൂർണ്ണ വളർച്ചയായാൽ ചെടികളിൽ പൂക്കൾ ഉണ്ടാകുന്നു. പുഷ്പങ്ങളിൽനിന്നാണ് കായു ഉണ്ടാകുന്നതു്. സാധാരണമായി കായു അല്ലെങ്കിൽ അരി കിളിർത്തു തൈച്ചെടികൾ ഉണ്ടാകുന്നു. വേരിൽനിന്നും തണ്ടിൽനിന്നും ഇലയിൽനിന്നും തൈകളും ഉണ്ടാകുന്ന ചെടികളും ഉണ്ടു്.

ചെടികളെക്കൊണ്ടു നമുക്കു പല പ്രയോജനങ്ങൾ ഉണ്ട്. മരച്ചീനിയുടെയും മറ്റും കിഴങ്ങുകൾ നാം ധാരാളമായി ആഹാരത്തിന് ഉപയോഗിക്കുന്നു. മുളക്, കാപ്പിക്കുരു, വാഴയ്ക്കാ മുതലായ കായ്കളും ഭക്ഷണത്തിന് അത്യാവശ്യമാണ്. പല ചെടികളും ഔഷധത്തിനു കൊള്ളാം. വേര്, തൊലി, കാതൽ, ഇല, പൂവു, കായ ഇവയൊക്കെയും ഓരോ തരത്തിൽ ഉപയോഗപ്പെടുന്നു.

ചെടികൾ തഴച്ചു വളർന്നു നില്ക്കുന്നതു് കൗതുകകരമായ ഒരു കാഴ്ചയാണ്. ഇടതൂർന്നു നില്ക്കുന്ന പച്ചിലകളും, പല നിറത്തിലുള്ള പൂക്കളും, പഴുത്തു പാകമായ കായ്കളും കണ്ടാൽ ആരും നോക്കിക്കൊണ്ടു നിന്നുപോകും. പുഷ്പങ്ങൾ വിടർന്നു നില്ക്കുന്ന കാലങ്ങളിൽ തേനീച്ചകളും, ചിത്രശലഭങ്ങളും പൂവുതോറും പറന്നു

സഞ്ചരിക്കും. അവ പൂക്കളിൽ നിന്നും തേൻ സംഭരിക്കാനാണു അങ്ങിനെ പറന്നു നടക്കുന്നതു്. പിച്ചി, റോസ മുതലായ പല പുഷ്പങ്ങളുടെയും സൗരഭ്യം ആർക്കും സന്തോഷമുണ്ടാക്കും. പല തരത്തിലുള്ള ചെടികൾ വളർന്നു നിൽക്കുന്ന ഒരു പൂന്തോട്ടം എല്ലാ വിധത്തിലും ആനന്ദകരമാണു്.

---

## പാഠം ൧൨.

# കാക്കയെ ഛർദ്ദിച്ചതു്.

ഒരിക്കൽ ഒരു നാട്ടുമ്പുറത്തുകാരൻ പട്ടണം കാണാൻ പുറപ്പെട്ടു. അവിടെവെച്ചു പരിചയക്കാരനായ ഒരു വ്യാപാരിയെ കണ്ടെത്തി. നാട്ടുമ്പുറത്തുകാരൻ പട്ടണത്തിലെ വിശേഷങ്ങൾ ചോദിച്ചപ്പോൾ വ്യാപാരി പറഞ്ഞു:—'കൊള്ളാം! നിങ്ങൾ ഇതു കേട്ടില്ലെന്നോ? ഈ പട്ടണത്തിൽ ഒരാൾ മൂന്നു കാക്കയെ ഛർദ്ദിച്ച സംഗതി ഇതേവരെ അറിയാത്തവരും ഉണ്ടോ? അതുപോലൊരു വിശേഷം അടുത്ത കാലത്തു ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകയുമില്ല. കാലത്തിന്റെ മറിമായമെന്നല്ലാതെ എന്തു പറയുന്നു?'

ഇതു കേട്ടു വിസ്മയിച്ചു നാട്ടുമ്പുറത്തുകാരൻ ചോദിച്ചു:—എന്തു്! മൂന്നു കാക്കയെ ഛർദ്ദിച്ചെന്നോ?

വ്യാപാരി:—അതേ, മൂന്നു കറുത്ത കാക്കയെ ഛർദ്ദിച്ചു.

നാട്ടുമ്പുറത്തുകാരൻ:— (താത്പര്യത്തോടുകൂടി ചോദിച്ചു) ആകട്ടെ, നിങ്ങളോട് ഈ സംഗതി ആര പറഞ്ഞു?

വ്യാപാരി:—എന്നോട് പറഞ്ഞതു മറ്റാരുമല്ല. എനിക്ക പരിചയം തന്നെ ഒരു മൊത്തക്കച്ചവടക്കാരൻ ഉണ്ട്; അദ്ദേഹമാണ എന്നോട് പറഞ്ഞത്. അദ്ദേഹം അസത്യം പറയുന്ന കൂട്ടത്തിലല്ല.

ഉടനെ, നാട്ടുമ്പുറത്തുകാരൻ മൊത്തക്കച്ചവടക്കാരനെ അന്വേഷിച്ചു കണ്ടുപിടിച്ചു. അയാരം ചാവള്ള വച്ചു ചാരുപലകമേൽ ചാരിക്കിടക്കുകയായിരുന്നു. കുട വയറിന്റെ ബാധകൊണ്ടു മിക്കവാറും ഒരു പ്രതിമയെപ്പോലെ അങ്ങനെ ഇരിക്കുക അദ്ദേഹത്തിന്റെ പതിവാണ്.

നാട്ടുമ്പുറത്തുകാരൻ ചോദിച്ചു:—ഈ പട്ടണത്തിൽ ഒരു ആൾ മൂന്നു കാക്കയെ ഛർദ്ദിച്ചു എന്നു ഇവിടന്നു പറഞ്ഞതായി കേട്ടു. സംഗതി വാസ്തവമാണോ?

മൊത്തക്കച്ചവടക്കാരൻ:—കാക്കയെ ഛർദ്ദിച്ചതു ശരിതന്നെ. പക്ഷെ രണ്ടു കാക്കയെ ഉണ്ടായിരുന്നുള്ളു.

നാട്ടുമ്പുറത്തുകാരൻ:—ഈ സംഗതി ഇവിടെ പറഞ്ഞതു് ആരാണ്?

മൊത്തക്കച്ചവടക്കാരൻ;—അതോ? വളരെ വിശ്വസിക്കാവുന്ന ഒരാളാണ്. ഇവിടെ നിന്നു ചരക്ക് എടുക്കുന്ന നെയ്ത്തുശാലയിലെ മാനേജരാണ് പറഞ്ഞതു്.

'കൊള്ളാം' എന്നു പറഞ്ഞു അയാരം മാനേജരെ അന്വേഷിച്ചു പുറപ്പെട്ടു. മാനേജർ നൂൽപ്പുഞ്ഞ

യുടെ വലിയെപ്പററി മറെറാരാളുമായി സംസാരിച്ചു കൊണ്ടിരുന്നപ്പോൾ അങ്ങോട്ടു കടന്നു ചെന്നു.

'സ്വർണ്ണം വിൽക്കാനാണോ വന്നതു?' എന്നു മാനേജർ ചോദിച്ചു.

'അല്ല, ഒരാൾ രണ്ടു കാക്കയെ ഛർദ്ദിച്ചതായി ഇവിടന്നു പറഞ്ഞു എന്നു കേട്ടു. വാസ്തവം അറിയാമെന്നുവച്ചു വന്നതാണു്' എന്നു നാട്ടുമ്പുറത്തുകാരൻ പറഞ്ഞു.

മാനേജർ:—ഓ! ശരിതന്നെ. കാക്കയെ ഛർദ്ദിച്ചതു വാസ്തവം. പക്ഷെ രണ്ടില്ല, കാക്ക ഒന്നേ ഉണ്ടായിരുന്നുള്ളൂ.

തലേ ദിവസം തന്റെ കുട്ടികൾക്കു് ആഭരണം പണിചെയ്തുകൊണ്ടിരുന്ന ഒരു തട്ടാനാണു് തന്നോടു് ഈ പരമാർത്ഥം പറഞ്ഞതെന്നും, നിധി സൂക്ഷിക്കാൻ ഏല്പിച്ചാലും ആ തട്ടാൻ വ്യത്യാസം ചെയ്യുന്നവനല്ലെന്നും അയാൾ പറഞ്ഞു. ഇതു കേട്ടു നാട്ടുമ്പുറത്തുകാരൻ തട്ടാനെ തേടി പുറപ്പെട്ടു. തട്ടാന്റെ വീടു് ഒരു ഊടുവഴി ചെന്നു് അവസാനിക്കുന്ന സ്ഥലത്തു് ആയിരുന്നു.

അയാളെ കണ്ടപ്പോൾ അന്നത്തേ പണിക്കു പകുതി ഉണ്ടായി എന്നു കരുതി തട്ടാൻ സന്തോഷിച്ചു. പക്ഷേ കാക്കയെ ഛർദ്ദിച്ച കഥയുടെ ചുവടു കണ്ടുപിടിക്കണമെന്നേ നാട്ടുമ്പുറത്തുകാരനു് ആഗ്രഹമുണ്ടായിരുന്നുള്ളു. അയാൾ ഇങ്ങനെ ചോദിച്ചു. 'മൂപ്പരേ, ആരോ ഒരാൾ ഒരു കാക്കയെ ഛർദ്ദിച്ചതായി നിങ്ങൾ പറഞ്ഞു എന്നു കേട്ടു. ഛർദ്ദിച്ചതു് ആരാണു്?'

ഇതു കേട്ട തട്ടാൻ തല ചൊറിഞ്ഞുകൊണ്ടു പറഞ്ഞു. 'ഛർദ്ദിച്ചതു മററാരുമല്ല; എൻെറ കെട്ടിയവൾ തന്നെ. പക്ഷേ കാക്കയെ ഛർദ്ദിച്ചു എന്നു പറഞ്ഞതു അത്ര ശരിയല്ല. ഛർദ്ദിച്ചതു കാക്കയെപ്പോലെ കറുത്തിരുന്നു. അത്രയുള്ളു. കാക്കയെന്നു് വല്ലവരും തെററി മനസ്സിലാക്കിയിരിക്കാം.'

ഇത്രയും കേട്ടപ്പോൾ അയാൾക്കു സമാധാനമായി. ഛർദ്ദിച്ചതിൽ കറുപ്പു നിറം കണ്ടതു് ഒരാൾ കാക്കയെന്നാക്കി. അതു മറെറാരുത്തൻ പറഞ്ഞപ്പോൾ രണ്ടു കാക്കയായി പിന്നൊരാൾക്കു അതു മൂന്നു കാക്കയായി. ഇങ്ങനെയാണു് കഥകൾ കൈയ്മറിഞ്ഞു രൂപം മാറുന്നതു്. വിചിത്രം. ഇപ്രകാരം വിചാരിച്ചു അത്ഭുതപ്പെട്ടു നാട്ടുമ്പുറത്തുകാരൻ തിരിച്ചു പോകയും ചെയ്തു.

---

പാഠം ൧൩.

## സ്ഥലഭേദംകൊണ്ടുള്ള ഗുണലാഭം.

പിതൃപിണ്ഡത്തെക്കൊത്തിത്തിന്മാൻ
കൊതിയേറുന്നൊരു കാക്കേ കേൾ നീ.
കൂരിരുൾപോലെ കറുത്ത ശരീരം
ക്രൂരമിതല്ലോ നിന്നുടെ ശബ്ദം.

ഘോരമസഹ്യം കേൾക്കുന്നോർക്കൊരു
നേരവുമില്ലൊരു സൗഖ്യമിദാനീം
കർണ്ണങ്ങൾക്കിതു കേൾക്കുന്നേരം
പുണ്ണിലൊരമ്പു തറച്ചതുപോലെ.

ഉരിയാടാതൊരു തേന്മാവിന്മേൽ
മരുവുന്നാകിൽ നിനക്കിഹ കാമം
പെരുതായിട്ടൊരു ഗുണമുണ്ടായ് വരു-
മരുതാത്തതു പറകല്ല സഖേ ഞാൻ.

കുയിലും കാകനുമൊരു നിറമെന്നതു
കുറവല്ലതിനു പലർക്കും ബോധം
നാദം കൊണ്ടേ നിങ്ങൾ തമ്മിൽ
ഭേദമതുള്ളു ബലിഭോക്താവേ!

മാവിന്നഗ്രേ ചെന്നു വസിച്ചാൽ
കാകൻ നീയൊരു കോകിലമാകും
കാണികൾ നിന്നെക്കുയിൽ കുയിൽ എന്നങ്ങനെ
നാണിയമങ്ങു നടത്തിക്കൊള്ളും.

ആയതു വരുമോ എന്നൊരു സംശയ-
മകതാരിൽപ്പുനരുണ്ടാകേണ്ട.
നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലന്റെ ലലാടം തന്നിൽ

ചേറു പുരണ്ടതു കണ്ടാലതു വില-
പേറില്ലാത്തൊരു കസ്തൂരിക്കുറി

എന്നല്ലാതൊരു മനുജന്മാൎക്കും
തോന്നുകയില്ല വിചാരിക്കുമ്പോൾ
കുങ്കുമമണിയും തിരുനെററിക്കൊരു
പങ്കം പുരൾവാനെന്തവകാശം?

ശങ്കര! ശിവ! ശിവ! ചേരാത്തുള്ളൊ
ശങ്കിച്ചുവ്വനൊരബലാക്കാരൻ.
ഏറെപ്പോന്ന ജനങ്ങടെ പാലനു
ചേറെന്നുള്ളതിനെന്തവകാശം?

ചെളിയെന്നുള്ളതൊരുത്തനു പോലും
കളിയായിപ്പറവാനും മേലാ.
ജലമെന്നാലും സ്ഥലമെല്ലാം കൊ-
ണ്ടുളവാകും ഗുണമെന്നതിനർത്ഥം.

[കിരാതം ഓട്ടംതുള്ളൽ.]

---

പാഠം ൧൮.

## ഒരു മൊട്ടുസൂചികൊണ്ടു ഉണ്ടായ ഭാഗ്യം.

ഒരിക്കൽ പാരീസ് പട്ടണത്തിലുള്ള ഒരു ബാങ്കുകാർ ജോലി കിട്ടണമെന്നു, അപേക്ഷിച്ചുകൊണ്ടു ഒരു കുട്ടി ചെന്നു. അപ്പോൾ ബാങ്കിൽ ജോലിക്ക് ആളുകളെ ആവശ്യമുണ്ടായിരുന്നില്ല. അതുകൊണ്ടു പുറത്തായി

ആളിനെ നിയമിക്കുവാൻ ഒഴിവില്ലെന്നു ബാങ്കിൻെറ ഉടമസ്ഥൻ കുട്ടിയോടു പറഞ്ഞു. ഈ മറുപടി കേട്ട് ഇച്ഛാഭംഗത്തോടുകൂടി കുട്ടി തിരിച്ചു. വെളിയിലേക്കു പോകുന്നവഴി വരാന്തയിൽ ഒരു മൊട്ടുസൂചി കിടക്കുന്നതു കണ്ടു, അതു് അലക്ഷ്യമാക്കാതെ കൈയിലെടുത്തു. ബാങ്കിൻെറ ഉടമസ്ഥൻ അതു കണ്ട് ഇങ്ങനെ വിചാരിച്ചു. 'മൊട്ടുസൂചി എത്രയോ നിസ്സാരമായ ഒരു സാധനമാണ്. അതു തറയിൽ കിടന്നാൽ സാധാരണ ആളുകളുടെ ദൃഷ്ടിയിൽ പെടുന്നതു തന്നെ പ്രയാസം. കണ്ടാലും അതിനെ ഗണ്യമായി വിചാരിക്കുന്നതും വളരെ ചുരുക്കം. എന്നാൽ ഈ കുട്ടിയാകട്ടെ അതിനെ ഒട്ടും അലക്ഷ്യമാക്കിയില്ല. പ്രായമാകുമ്പോൾ ഇവൻ നല്ല നോട്ടവും സൂക്ഷ്മവും ഉള്ളവനായിരിക്കും.' അന്നു വൈകുന്നേരം ആ കുട്ടിക്കു ബാങ്കിൽ നിന്നു് ഒരു എഴുത്തു കിട്ടി. പിറേറ ദിവസം തുടങ്ങി അയാളെ ബാങ്കിൽ വിശേഷാൽ ഒരു ജോലിക്കു നിയമിച്ചിരിക്കുന്നു എന്നും, ഉടൻ തന്നെ ജോലിയിൽ പ്രവേശിച്ചുകൊള്ളണമെന്നും ആയിരുന്നു അതിൻെറ സാരം.

ഉത്തരവു് അനുസരിച്ചു ബാലൻ രാവിലെ ബാങ്കിൽ ഹാജരായി ജോലിയിൽ പ്രവേശിച്ചു. അസാധാരണമായ കൃത്യനിഷ്ഠയും, സത്യവുംകൊണ്ട് അയാൾക്ക് ഉദ്യോഗത്തിൽ പടിപടിയായി കയററം കിട്ടി.

കുറച്ചു കാലത്തിനുള്ളിൽ അയാൾ ആ ബാങ്കിലെ മാനേജരായി. എന്നു മാത്രമല്ല, കാലക്രമത്തിൽ സ്വന്തം

മായി ഒരു ബാങ്കു സ്ഥാപിക്കുകയും ചെയ്തു. ഒടുവിൽ അയാറം യൂറോപ്പിലെ ഒരു വലിയ ധനികനായിത്തീൎന്നു. അദ്ദേഹമാണ് 'ലഫേയററ്' എന്ന പ്രസിദ്ധനായ മഹാൻ.

---

പാഠം ൧൩.

# നായാട്ടുപട്ടികളുടെ സ്വഭാവ ഭേദങ്ങൾ.

(പറയൻതുള്ളൽ.)

അപ്പട്ടിക്കൊരു തെല്ലും കെല്പില്ലങ്ങുരുളച്ചോർ
ചപ്പിത്തിന്നുവാനല്ലാതിപ്പോളൊന്നിനും പോരാ
പന്നിക്കൂട്ടനെ പാടിച്ചെന്നങ്ങു കടിക്കൂട്ടാ-
നെന്നും കുശലില്ലെൻെറ പട്ടിക്കായവനിപ്പോറം.

കാലൊന്നു മടന്തിപ്പോയല്ലെങ്കിൽ മൃഗങ്ങളെ
കാലന്തുക്കയപ്പാനും കാണി സംശയമില്ല.
പുള്ളിച്ചേവകനെന്നുണ്ടൊരു പട്ടി മമ വീട്ടിൽ
ഉള്ളികഞ്ഞി കാണാതെ കൺമിഴിപ്പില്ലവൻ വൻപൻ.
[വൃ

ഉള്ളിൽ ഭക്ഷണം ചെന്നാലുടനേ തെല്ലുറങ്ങേണം
കള്ളപ്പാഴനെക്കൊണ്ടു കാൎയ്യം മറെറാന്നുമില്ല.

ഒവിള്ളപ്പെട്ടിയെ പിന്നെ കൊള്ളിക്കാമൊരു ദിക്കിൽ
കൊള്ളിക്കൊണ്ടടി മെയ്യിൽ കൊള്ളുമ്പോളെഴുന്നേല്ക്കും.

[൧൨

തള്ളിച്ചെന്നവൻ കാട്ടിനുള്ളിൽ കേറുമെന്നല്ല,
വള്ളിക്കെട്ടുകൾ തോറും തുള്ളിച്ചാടിയോടുന്ന
മുള്ളൻപന്നികളുടെ പിള്ളയും കടി കൂട്ടും.
വീട്ടിലാരാൻ വരുന്നോരെക്കടിക്കും നമ്മുടെ തൊമ്മൻ

[൧൩

കാട്ടിലേക്കു വിളിക്കുമ്പോൾ കാതു കേളാ കഴുതയും
ചേട്ടനും മക്കളും കഞ്ഞി കുടിക്കാനങ്ങിരിക്കുമ്പോൾ
ചേട്ട വാലും ചുഴററിക്കൊണ്ടരികെച്ചെന്നു നിന്നീടും
ചേട്ടനോരോ കബളങ്ങൾ കൊടുക്കുമായതും തിന്ന- ൧൪

ങ്ങോട്ടു പോയാലന്നു പിന്നെക്കള്ളനെ കാണുകയുമല്ല.
ചാരച്ചാരുടെ നായും ചങ്കരച്ചാരുടെ നായും
നേരിട്ടങ്ങവ തമ്മിൽ കടിച്ചു ചത്തുപോൽ രണ്ടും. ൧൫

[ഹരിശ്ചന്ദ്രചരിതം.]

---

പാഠം ൧൩.

## ജലാശയങ്ങൾ.

ഭൂതലം ജലവും സ്ഥലവും ആയി വിഭജിക്കപ്പെട്ടു.
അതിന്റെ മൂന്നിൽ രണ്ടു ഭാഗം ജലവും, ഒരു ഭാഗം കരയും

ആണു. കിണർ, കുളം, തോട്ട് മുതലായവ എല്ലാവരും കണ്ടിട്ടുണ്ടല്ലോ. നദി, കായൽ, കടൽ എന്നിവയും ചിലർ കണ്ടിരിക്കും.



പല അരുവികളും ചിററാറുകളും ഒഴുകിച്ചേർന്നു നദി ഉണ്ടാകുന്നു. ചിററാറുകൾ സാധാരണമായി മലകളിൽ നിന്നു് ഉത്ഭവിച്ചു തോട്ടുപോലെ താഴന്ന പ്രദേശങ്ങളിലേക്കു് ഒഴുകുന്നു. പമ്പാനദിയിൽ കല്ലാറു്, കക്കാട്ടാറു് ഇങ്ങനെ രണ്ടു ചിററാറുകൾ ചേരുന്നുണ്ടു്. ചിററാറുകൾ മാത്രമല്ല, വലിയ നദി തന്നെയും മറെറാരു നദിയിൽ ചെന്നു ചേരും. അച്ചൻകോവിലാറു് ഒരു നദിയാണു്. അതു ഒഴുകിച്ചെന്നു ചേരുന്നതു് പമ്പാനദിയിൽ അത്രേ. ചില നദികൾ മലവാരങ്ങളിൽക്കൂടി ഒഴുകിവരുന്ന വഴിയിൽ കീഴ്ക്കാംതൂക്കായി പാറകൾ ഉണ്ടായിരിക്കും. അവയുടെ മുകളിൽനിന്നു നദിയിലെ വെള്ളം

കീഴ്പ്പോട്ടേക്കു പാഞ്ഞു വീഴും. ഇതിനു 'വെള്ളച്ചാട്ടം' എന്നു പേർ പറയും. പമ്പാനദിയിൽ ഒരു വെള്ളച്ചാട്ടം ഉണ്ടു്. അതു് 'പെരുന്തേനരുവി' എന്ന സ്ഥലത്താണു്. ചെങ്കോട്ടയ്ക്കടുത്തുള്ള കുററാലം എന്ന സ്ഥലത്തും ഇതുപോലെ ഒരു വെള്ളച്ചാട്ടം ഉണ്ടു. കുററാലത്തു കുളിക്കാൻ വളരെ സുഖമാകയാൽ ധനവാന്മാർ അവിടെ ചെന്നു താമസിക്കാറുണ്ടു.

വേനൽക്കാലത്തു നദികളിൽ വെള്ളം വററിപ്പോകും. അപ്പോൾ വെള്ളം സ്ഫടികംപോലെ തെളിഞ്ഞു കാണും. വെള്ളം കുറയുമ്പോൾ പല നദികളുടെയും തീരങ്ങളിൽ വിസ്താരമേറിയ മണൽപ്പുറങ്ങൾ തെളിയും. ആ മണൽപ്പുറങ്ങളിൽ കളിക്കാനും നദിയിലെ കയങ്ങളിൽ കുളിക്കാനും വളരെ ഉല്ലാസം തോന്നും.

വർഷകാലത്തു നദികളുടെ മട്ടു ഒന്നു വേറെയാണു. മഴവെള്ളം ഒലിച്ചു പല വഴികളിലായി നദികളിൽ ചെന്നിറങ്ങുന്നു. അങ്ങനെ നദിയിൽ വെള്ളം പെരുകും. മണ്ണും ചെളിയും കലങ്ങിച്ചേർന്നിരിക്കുന്നതിനാൽ വർഷകാലങ്ങളിൽ ആററുവെള്ളം കലുഷമായിരിക്കും. ആററിൽ വെള്ളം പൊങ്ങുമ്പോൾ ഇരുവശങ്ങളിലും ഉള്ള മണൽത്തിട്ടുകൾ വെള്ളത്തിനടിയിൽ ആകും. ചില കാലങ്ങളിൽ വെള്ളം പെരുകി നദികളുടെ രണ്ടു വശങ്ങളിലേക്കും കവിഞ്ഞൊഴുകി അവിടെയുള്ള വൃക്ഷങ്ങളും ഗൃഹങ്ങളും മറിച്ചു വീഴ്ത്തും. ആ അവസരങ്ങളിൽ നദികളിൽകൂടെ തടികളും കെട്ടിടങ്ങളും ചത്തു ചീഞ്ഞ മൃഗങ്ങളും ഒഴുകിപ്പോകുന്നതു പലപ്പോഴും കാണാം. വർഷകാലത്തു

വലിയ നദികളുടെ അവസ്ഥ വിശേഷിച്ചും ഭയങ്കരമായിരിക്കും.



നദികൾക്കു ഒഴുകിപ്പോകുന്തോറും വീതിയും ആഴവും കൂടിക്കൂടിവരും. ചിററാറുകൾ ഇടയ്ക്കിടയ്ക്കു വന്നുചേരുന്നതാണു് ഇതിനു കാരണം. നദികളിൽ പലതും സമുദ്രത്തിലാണു് ചെന്നുചേരുന്നതു്. കരമനയാറു് ഇതിനൊരു ദൃഷ്ടാന്തമാണു്. എന്നാൽ മററു ചില നദികൾ കായലുകളിൽ ചെന്നുചേരുന്നു. പമ്പയാർ വേമ്പനാട്ടുകായലിലും, കല്ലടയാറു് അഷ്ടമുടികായലിലും ആണു് വീഴുന്നതു്. നദി കായലിലോ സമുദ്രത്തിലോ ചേരുന്നതു സാധാരണ പല മുഖങ്ങളോടുകൂടിയാണു്. ഒരു മുഖമായി വീഴുന്ന നദികളും ഇല്ലെന്നില്ല.

എല്ലാവശത്തും കരയുള്ള വിസ്തൃതങ്ങളായ ജലാശയങ്ങളാണു കായലുകൾ. ജലം ഒട്ടും വെളിയിലേക്ക് ഒഴുകിപ്പോകാൻ മാർഗ്ഗമില്ലാത്തവണ്ണം എല്ലാവശവും കരകൊണ്ടു അടഞ്ഞിരിക്കുന്ന കായലുകൾ ഒരു തരം. ശാസ്താംകോട്ടക്കായൽ അങ്ങനെയുള്ളതാണ്. എന്നാൽ അഷ്ടമുടിക്കായലും വേമ്പനാട്ടുകായലും സമുദ്രത്തിലേക്കു തുറന്നു കിടക്കുന്നു. ആ തുറന്ന ഭാഗത്തിനു 'അഴി' എന്നു പേർ പറയും. അഴിയിൽക്കൂടെ കടലിലെ വെള്ളം തടാകത്തിലേക്കും, തടാകത്തിലെ വെള്ളം കടലിലേക്കും കയറുകയും ഇറങ്ങുകയും ചെയ്യും. എന്നാൽ ചില കായലുകൾ ഇങ്ങനെ എപ്പോഴും തുറന്നു കിടക്കുകയില്ല. അവയുടെ തുറന്ന ഭാഗം വേനൽക്കാലത്തു മണൽത്തിട്ടുകൊണ്ടു അടഞ്ഞിരിക്കും. വർഷമാകുമ്പോൾ കായലിലെ ജലത്തിന്റെ തള്ളൽകൊണ്ട് ആ തിട്ടു മുറിയും. ഇങ്ങനെ കാലഭേദം അനുസരിച്ച് അടഞ്ഞും തുറന്നും കാണുന്ന ഭാഗത്തിനു 'പൊഴി' എന്നാണ് പേർ പറയുന്നതു്.

നമ്മുടെ രാജ്യത്തിന്റെ പടിഞ്ഞാറുവശം കടലാണ്. അതിന്റെ പേർ അറേബ്യൻ കടൽ എന്നത്രെ. കടലിന്റെ തീരം വിസ്താരമുള്ള മണൽത്തറയാകുന്നു. ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം മുതലായി കടൽത്തീരത്തിനടുത്തുള്ള പട്ടണങ്ങളിൽ താമസിക്കുന്ന അനേകം ആളുകൾ വൈകുന്നേരം കടൽപ്പുറത്തു സവാരിചെയ്യുകാറുണ്ടു. കടലിൽ നിന്നു വീശുന്ന കാറ്റു ശരീരത്തിനു വളരെ സുഖകരമാണ്. മണൽപ്പുറത്തു കിടക്കാനും നടക്കാനും ഓടിക്കളിക്കാനും പ്രത്യേകം സുഖമാണു. തീര-

ത്തിൽ ഇരുന്നു കടലിലേക്കു നോക്കിയാൽ തിരമാലകൾ പിറകെപിറകെ വന്നു കരയ്ക്കു അടിക്കുന്നതു കാണാം. കാററ് ഇല്ലാത്ത സമയത്തു സമുദ്രം ശാന്തമായിരിക്കും. കാററിന്റെ ശക്തി കൂടുന്തോറും കടലിൽ തിരകൾ അധികമധികം ഉയരുകയും, ശക്തിയോടെ കരയ്ക്കു് അടിക്കുകയും ചെയ്യും. തിരമാലകളുടെ അടിയേററു സമുദ്രതീരത്തു ചില സ്ഥലങ്ങളിലുള്ള വലിയ പാറക്കെട്ടുകൾ ക്രമേണ പൊടിഞ്ഞുപോകും. തിരകൾവന്നു തീരത്തു അടിക്കുന്ന ശബ്ദം ചിലപ്പോൾ അഞ്ചെട്ടു നാഴിക ദൂരത്തോളം കേൾക്കാം.

ജലാശയങ്ങളെക്കൊണ്ടു മനുഷ്യർക്കു പല തരത്തിൽ ഉപകാരമുണ്ടു്. കുടിക്കുന്നതിനു വെള്ളമില്ലാതെ വന്നാൽ സകല പ്രാണികളും നശിച്ചുപോകും. കടൽവെള്ളം ഉപ്പുരസമുള്ളതാകയാൽ അതു മനുഷ്യർക്കു് കുടിക്കുവാൻ ഉപയോഗപ്പെടുന്നില്ല. എന്നാൽ കടൽവെള്ളവും വളരെ ഉപയോഗമുള്ളതാണു്. അതു വററിച്ചു് ഉപ്പു എടുക്കുന്നുണ്ടു്. അനേകം ജനങ്ങൾക്കു മത്സ്യം ഒരു ഭക്ഷണസാധനമാണു്. തോടുകളിലും നദികളിലും നിന്നു് ആളുകൾ മീൻ പിടിക്കുന്നതു് നിങ്ങളിൽ പലരും കണ്ടിരിക്കും. അതിൽ വളരെ മടങ്ങു് അധികം മത്സ്യത്തെ കായലിലും കടലിലും നിന്നു പിടിച്ചെടുക്കുന്നുണ്ടു.

ജലാശയങ്ങൾ സഞ്ചാരസൗകര്യത്തെ വളരെ വർദ്ധിപ്പിച്ചിട്ടുണ്ടു. വള്ളം, ബോട്ടു, കപ്പൽ മുതലായവയിൽ കയറി ജലമാർഗ്ഗമായി യാത്രചെയ്യുന്നതിനും സാമാനങ്ങൾ ഒരു സ്ഥലത്തു നിന്നു മറെറാരു സ്ഥലത്തേക്കു കൊണ്ടു

പോകുന്നതിന്നും എളുപ്പമാണ്. കരയ്ക്കു വണ്ടിയിൽ കൊണ്ടുപോകുന്നതിനെക്കാൾ എത്രയും ലാഭത്തിൽ വള്ളംവഴി സാമാനങ്ങൾ കൊണ്ടുപോകാം. കോട്ടയത്തുനിന്നു തിരുവനന്തപുരത്തേക്കു പോകാൻ ഒരു കാളവണ്ടിക്കു നാല്പതു രൂപ കൂലിയായിരിക്കും. എന്നാൽ അത്രയും ദൂരം പോകാൻ ഒരു വള്ളത്തിന് ഇരുപത് രൂപയിൽ കുറച്ചു കൂലി കൊടുത്താൽ മതിയാകും. പത്തിരുപതു വണ്ടി നിറയെ ഭാരം ആ വള്ളത്തിൽ കയറ്റുകയും ചെയ്യാം. കപ്പൽവഴിയായി സാമാനം കൊണ്ടുപോകുന്നതു ഉദ്ദേശം ആദായകരമാണു. ഒരു സമുദ്രത്തിന്റെ ഇരുപുറത്തും കിടക്കുന്ന രാജ്യക്കാർ തമ്മിൽ കച്ചവടം സാധാരണമായി അഭിവൃദ്ധിയിൽ നടന്നുപോരുന്നു. നേരേ മറിച്ചു ഒരു പർവതത്തിന്റെ രണ്ടു വശങ്ങളിലും താമസിക്കുന്ന ജനങ്ങൾ തമ്മിൽ ഇതുപോലെ ഇടപാടുകൾ ഉണ്ടായിരിക്കുകയില്ല.

---

പാഠം ൧൭.

## മുക്കവനും ഭൂതവും

സമുദ്രതീരത്തുള്ള ഒരു ഗ്രാമത്തിൽ ഒരു പാവപ്പെട്ട മുക്കവൻ പാർത്തിരുന്നു. ദിവസംതോറും കടലിൽ വല വീശി കിട്ടുന്ന മത്സ്യം കൊണ്ടായിരുന്നു അയാളുടെ കുടുംബം ചെലവു കഴിച്ചുവന്നതു.

അയാൾ ഒരു ദിവസം രാവിലെ പതിവനുസരിച്ചു വലയെടുത്തുകൊണ്ടു കടൽപ്പുറത്തു പോയി. വല കടലിൽ വലിച്ചു വീശി. പതുക്കെ വലിച്ചെടുക്കുവാൻ തുടങ്ങിയപ്പോൾ ഏതോ ഒരു വലിയ ഭാരം വലയിൽ അകപ്പെട്ടതുപോലെ അയാൾക്കു തോന്നി. ധാരാളം മൽ അകപ്പെട്ടിട്ടുണ്ടെന്നു വിചാരിച്ചു സന്തോഷത്തോടുകൂടി അയാൾ വല കരയ്ക്കു വലിച്ചു കയററി. അപ്പോൾ അയാൾക്കു ഉണ്ടായ വിഷാദം പറഞ്ഞാൽ ഒതുങ്ങുകയില്ല. ചത്തു വീർത്തുതുടങ്ങിയ ഒരു തടിയൻ കഴുതയുടെ ശവമാണു വലയിൽ കണ്ടതു്. ശകുനപ്പിഴയാണെന്നു പിറുപിറുത്തുകൊണ്ടു അയാൾ പിന്നെയും വല കടലിലേക്കു വീശി.

വീണ്ടും വല കരയ്ക്കു വലിച്ചു കയററിയപ്പോൾ ഭാരക്കുറവു തോന്നിയതിനാൽ അപ്പോഴും ശ്രമം നിഷ്ഫലമാകുമെന്നു അയാൾ ഊഹിച്ചു. എന്നാൽ വലയിൽ സാമാന്യം വലിയ ഒരു ചെമ്പുകുടം കണ്ടു് അല്പം തൃപ്തി തോന്നി. വലയിൽനിന്നും കുടം കൈയിലെടുത്തു ആ ദരിദ്രൻ തിരിച്ചും മറിച്ചും നോക്കി. കുടത്തിന്റെ വായു് അടച്ചു മുദ്രവച്ചിരുന്നു. അയാൾ അതു കുലുക്കിനോക്കി. യാതൊരു ശബ്ദവും കേട്ടില്ല. എന്നാൽ മുദ്രയുടെ മട്ടു കണ്ടതിൽ കുടത്തിൽ വല്ലതും കാണുമെന്നു വിചാരിച്ചു അയാൾ മുദ്രയ്ക്കു കേടുപററാതെ മീൻകത്തികൊണ്ടു അടപ്പെടുത്തു കുടം തുറന്നു. ആഗ്രഹത്തോടെ അയാൾ കുടത്തിനകത്തു സൂക്ഷിച്ചു നോക്കി. ഒരു വസ്തുവും അതിനകത്തു ഉണ്ടായിരുന്നില്ല. അയാൾ കുടം കമഴ്ത്തി കുലുക്കി

നോക്കി. ഏണ്ട ഹേ, ഒരു വസ്തുവുമില്ല. കുടം താഴെ വച്ചു 'ഈ വെറും കുടം എന്തിന് ഇത്ര ഭദ്രമായി അടച്ചു വച്ചു' എന്ന് ആലോചിച്ചുകൊണ്ട് അതിൽതന്നെ നോക്കിക്കൊണ്ടിരുന്നു. കുറേ നേരം ഇങ്ങനെ കഴിഞ്ഞപ്പോൾ—എന്തൊരു ആശ്ചര്യം—കുടത്തിൽനിന്നു പുക പുറപ്പെട്ടുതുടങ്ങി. ആ പുക പതുക്കെപ്പതുക്കെ മേല്പോട്ടു ഉയൎന്നു. 'ഇതെന്തു, തീയില്ലാതെ പുകയോ?' എന്നു അത്ഭുതപ്പെട്ടുകൊണ്ട് ആ മുക്കുവൻ കുടത്തിലും പുകയിലും മാറിമാറി നോക്കിക്കൊണ്ടിരുന്നു. എന്തൊരു പുക! ചുരുളുചുരുളായി പുകയിളകി! മേല്പോട്ടു പൊങ്ങി എന്നു മാത്രമല്ല ചുററും പരക്കാതെ അതു ഗോപുരത്തിന്റെ ആകൃതിയിൽ നേരേ മേല്പോട്ടുതന്നെ ഉയൎന്നു. എത്രതന്നെ പുകയിളകിയിട്ടും ഒരു അവസാനവും കാണാതെ പിന്നെയും ധൂമപടലങ്ങൾ ചുരുളുചുരുളായി കുടത്തിൽനിന്നു പൊങ്ങിക്കൊണ്ടിരുന്നു. ആ സാധു വായും പൊളിച്ച് കണ്ണും മിഴിച്ച് നിന്നുപോയി. അങ്ങനെ അയാൾ നോക്കിയിരിക്കുമ്പോൾ ആ ധൂമരാശിയിൽ ചില ഭേദങ്ങൾ കാണാറായി. ധൂമം അവയവങ്ങളായി ഭേദപ്പെട്ടു ക്രമേണ അതു ഭയങ്കരനായ ഒരു ഭൂതത്താനായിത്തീൎന്നു. ചെമ്പിച്ച ചകിരിപോലുള്ള മീശയും കേശവും ദേഹം മുഴുക്കെ മുള്ളൻകോലുപോലെ എഴുന്നുനിന്ന രോമങ്ങളും കറുത്തു തടിച്ച ദേഹവും ചുവന്ന വട്ടക്കണ്ണുകളും ഗുഹപോലുള്ള വായും ക്രൂരദംഷ്ട്രങ്ങളും കണ്ടു ആ മുക്കുവൻ പേടിച്ച് കിടുകിടാവിറച്ചു. ഓടാനും നില്ക്കാനും നിൎവാഹമില്ലാതെ അയാൾ ചുരുങ്ങുമ്പോൾ, ഭൂതത്താൻ ഇടിവെട്ടുംപോലെ ഇങ്ങനെ പറഞ്ഞു:

ഭാഗ്യം കെട്ടവനേ, ചാവാൻ ഒരുങ്ങിക്കൊള്ളുക.'

മുക്കുവൻ വിറച്ചു തൊഴുതുകൊണ്ടു പറഞ്ഞു:— അയ്യോ തമ്പുരാനേ, പൊന്നുതമ്പുരാനേ അടിയനെ കൊല്ലരുതേ. അടിയനല്ലയോ അവിടത്തെ ഈ കുടത്തിൽനിന്നു തുറന്നുവിട്ടതു്?

ഭൂതത്താൻ:— അതൊക്കെ ശരി തന്നെ. പക്ഷേ ഞാൻ നിന്നെ കൊല്ലുമെന്നു സത്യം ചെയ്തുപോയി.

മുക്കുവൻ:— അയ്യയ്യോ എന്നെ കൊല്ലരുതേ.

ഭൂതത്താൻ:— അതിനു നിവൃത്തിയില്ല. എന്നാൽ നീ ചെയ്ത ഉപകാരത്തിനു ഞാൻ നിനക്കു് ഒരു പ്രത്യുപകാരം ചെയ്യാം. നിന്നെ എങ്ങനെ കൊല്ലണമെന്നാണു നിനക്കു മനസ്സു്, അങ്ങനെ കൊന്നുകൊള്ളാം.

മുക്കുവൻ:— അയ്യോ തമ്പുരാനേ ഞാനെന്തു പിഴച്ചു?

ഭൂതത്താൻ:— നീ പിഴച്ചതൊന്നും എനിക്കു് അറിഞ്ഞുകൂട, ഞാൻ സത്യം ചെയ്തുപോയി. എന്നെ ഈ കുടത്തിനകത്തു അടച്ചിട്ടു നാലുനൂറാണ്ടായി. അന്നുമുതൽ ഞാൻ ഇതിനകത്തു കിടന്നു് ഓരോ സത്യം ചെയ്തു. ആദ്യത്തെ നൂറാണ്ടിൽ എന്നെ തുറന്നു വിടുന്നവനെ ഞാൻ വലിയ ധനവാനാക്കുന്നുണ്ടെന്നു വിചാരിച്ചു എന്നെ തുറന്നു വിടുവാൻ ആ നൂറാണ്ടിൽ ആരും

ഉണ്ടായില്ല. പിന്നെയൊരു നൂററാണ്ടിനകം എന്നെ തുറന്നു വിടുന്നവന്നു ലോകത്തുള്ള സകല നിധികളും എടുത്തു കൊടുക്കാമെന്നായിരുന്നു എൻെറ രണ്ടാമത്തെ പ്രതിജ്ഞ. ആ നൂററാണ്ടിലും ആരും എന്നെ തുറന്നു വിട്ടില്ല. മൂന്നാമത്തെ നൂററാണ്ടിൽ എന്നെ തുറന്നു വിടുന്നവനെ ഞാൻ ലോകത്തിൻെറ മുഴുവൻ ചക്രവത്തിയാക്കുമെന്നു നിശ്ചയിച്ചു. ആ നൂററാണ്ടിലും എനിക്കു മോചനം ഉണ്ടായില്ല. ഇനി ആരെങ്കിലും എന്നെ തുറന്നു വിടുന്നു ആയാൽ ഞാൻ അവൻെറ കഥ കഴിക്കുമെന്നു തീർച്ചപ്പെടുത്തി കിടക്കുമ്പോഴാണു നിൻെറ പുറപ്പാട്. അതു കൊണ്ടു നീ ഇനി ഒന്നും പറയേണ്ട. മരിക്കാനായി ഒരുങ്ങിക്കൊള്ളുക തന്നെ.

9742

മുക്കുവൻ ഒന്നും മിണ്ടാതെ അല്പനേരം ആലോചിച്ചു ശേഷം ഇങ്ങനെ പറഞ്ഞു:— മഹാ ഭൂതത്താനേ, എനിക്കൊരു ശങ്ക; അവിടന്നു ഈ കൊച്ചു കുടത്തിൽ നിന്നുതന്നെയാണോ പുറത്തു വന്നതു്?

ഭൂതത്താൻ:— സംശയമെന്തിനു്? നീ അതു കണ്ടില്ലേ?

മുക്കുവൻ:— പക്ഷേ എനിക്കതു വിശ്വാസമാകുന്നില്ല. പർവതം പോലെ ഇരിക്കുന്ന അവിടത്തെ ചെറുവിരൽ പോലും ഈ കുടത്തിനകത്തു കടക്കുകയില്ലല്ലോ. പിന്നെയെങ്ങനെയാണു് അവിടന്നു് ഇതിനുള്ളിൽ കുടികൊണ്ടിരുന്നതു്? അവിടന്നു് ഒന്നു കയറി ഇരുന്നുകണ്ടാലേ എനിക്കിതു വിശ്വസിക്കാൻ തരമുള്ളൂ.

ഭൂതത്താൻ:—(ഹാ, ഹാ, ഹാ, എന്നു അട്ടഹസിച്ചുകൊണ്ടു) അതിനാണോ പ്രയാസം? ഇതാ നോക്കികൊള്ളൂ.

ഇങ്ങനെ പറഞ്ഞുകൊണ്ടു ഭൂതത്താൻ വീണ്ടും പുകയായി. കുടത്തിനകത്തു ചുരുൾ ചുരുളായി ചുരുങ്ങിക്കടന്നുകൂടി. പുക മുഴുവനും കുടത്തിനുള്ളിലായി എന്നു കണ്ട ക്ഷണത്തിൽ ബുദ്ധിമാനായ ആ മുക്കുവൻ അടപ്പെടുത്തു കുടത്തിൻെറ വായ് അടച്ചുറപ്പിച്ചു. ഭൂതത്താൻ കുടത്തിനകത്തു കിടന്നു നിലവിളിച്ചുകൊണ്ടു പറഞ്ഞു:—അയ്യോ, ചതിക്കരുതേ എന്നെ വിട്ടയയ്ക്കണേ.

മുക്കുവൻ:—വേണ്ട വേണ്ട. നീ നിൻെറ സത്യവുംകൊണ്ടു് അതിനകത്തു തന്നെ ചുരുണ്ടു കിടന്നുകൊള്ളുക. രണ്ടാംപ്രാവശ്യം തുറന്നുവിടുന്ന ആളിനെക്കുറിച്ചു നീ എന്തു സത്യം ചെയ്തിട്ടുണ്ടെന്നു ആരു അറിഞ്ഞു ഇങ്ങനെ പറഞ്ഞുകൊണ്ടു ആ മുക്കുവൻ കുടമെടുത്തതും കടലിൽ എറിഞ്ഞതും ഒരു നിമിഷത്തിൽ കഴിഞ്ഞു.

---

ബുദ്ധിമാൻ ഏതു അവസ്ഥയിലും രക്ഷ നേടിക്കൊള്ളും.

ബുദ്ധിയത്രേ ബലം സൎവ്വജനത്തിനും
ബുദ്ധിയില്ലായ്കിൽ ബലംകൊണ്ടു കിം ഫലം?

---

പാഠം ൫൰.

# മനുഷ്യരുടെ കുറവും കുററവും

ഉടലതിരമ്യമൊരുത്തനു കാൽക്കൊരു
മുടവുണ്ടവനു നടക്കുന്നേരം

മറെറാരു പുരുഷൻ സുന്ദരനെങ്കിലു-
മൊററക്കണ്ണനതായതു ദോഷം

ചേരച്ചകറം പലതുണ്ടൊരുവനു കിഞ്ചിൽ
പൂച്ചക്കണ്ണുണ്ടെന്നൊരു ദോഷം.

കാഴ്ചക്കാരു ചിരിച്ചുതുടങ്ങും
ചേർച്ചയ്യുവനും ചിത്രമല്ലല്ലോ.

നല്ലൊരു വിദ്വാനവൻടെ വായിൽ
പല്ലുകളൊന്നും കാണ്മാനില്ല;

പലഗുണമുള്ളൊരു പുരുഷനവൻെറ
തലമുടിയൊക്കെ നരച്ചു വെളുത്തു.

തിലകക്കുറിയും പൊടിയും കൊള്ളാം
തലയിലവനൊരു രോമവുമില്ല.

ശാസ്ത്രമശേഷം വശമൊരുപുരുഷനു
ഗാത്രം കണ്ടാലയ്യോ വികൃതം

ശ്രോത്രം രണ്ടും വെട്ടിവച്ചാലണു-
മാത്രം പോലും കേൾപ്പാൻ വഹിയാ.

വ്യാകരണങ്ങടെ വ്യാഖ്യാനങ്ങളു-
മാർക്കതന്നെ മുഖസ്ഥമൊരുത്തനു

വാക്കിന്നു ഫലിതവുമുണ്ടവനല്പം
കാക്കക്കണ്ണുണ്ടെന്നൊരു ദോഷം.
തക്കം പലതും കണ്ടവനൊരുവന്നു
വക്കത്തില്ല ശരീരം കണ്ടാൽ.
മിക്കതുമൊരുവന്നു ലക്ഷം ശ്ലോകമൊ-
രിക്കൽ കേട്ടാലങ്ങു ഗ്രഹിക്കാം.
വികടകഥം കൊണ്ടതു പറവാൻ വഹിയാ
സൽക്കഥ വളരെയറിഞ്ഞൊരു ദേഹം.
ക-ക-ക-ക-കംസൻ കി-കി-കി-കി- കൃഷ്ണൻ
പൂ-പു-പു-പു-പൂതനയെന്നാം കഥയിൽ
നല്ലൊരു ജാതിയിൽ വന്നു പിറന്നു
നല്ലൊരു രൂപഗുണങ്ങളുമുണ്ട്
ഹരിയെന്നാദിയൊരക്ഷരമവനുടെ-
യരികേ കൂടി പോയിട്ടില്ല.
കണ്ടാൽ നല്ലൊരു പുരുഷനവന്നു
വേണ്ടാതനവും കോപവുമേറും
കണ്ടജനത്തൊടു ശുണ്ഠി കടിക്കും
രണ്ടാംവാക്കിന്നു കേറിയടിക്കും
മീശക്കൊമ്പും ലന്തക്കുഴലും
ദേശത്തേക്കൊരു മുൻപും വൻപും
ഉഴശാന്താടിയുമുള്ളവനങ്ങൊരു
കാശിന്നു പിടിയാ പടയിൽ ചെന്നാൽ

[രുക്മിണീസ്വയംവരം]

പാഠം ൧൬.

# ജീവനുള്ള പാലം

കല്ല്, മരം, ഇരുമ്പു മുതലായ ജീവനില്ലാത്ത പദാൎത്ഥങ്ങൾകൊണ്ടു് ആണല്ലോ പാലങ്ങൾ കെട്ടാറുള്ളതു്. അങ്ങനെയുള്ള പാലങ്ങൾക്കു ജീവന്റെ ച്ഛായപോലും ഇല്ല. പിന്നെ എങ്ങനെയാണു്. ജീവനുള്ള പാലം ഉണ്ടാകുന്നതെന്നു നിങ്ങൾക്കു അത്ഭുതം തോന്നാതിരിക്കയില്ല. ആകട്ടെ, പറയാം.

കാട്ടിൽ വേട്ടയ്ക്കുപോയ കുറേ ആളുകൾ വേട്ടയാടി ക്ഷീണിച്ച് ഒരു അരുവിയുടെ അരികിൽ വിശ്രമിക്കയായിരുന്നു. അവിടെ ഇരുന്നു നോക്കിയപ്പോൾ കുറേ അകലെയായി, അരുവിയുടെ ഇടതു കരയിൽ മരക്കൊമ്പുകളിൽ കുറേ കുരങ്ങന്മാർകൂടിയിരിക്കുന്നതു് അവർ കണ്ടു. അവ മരക്കൊമ്പുകൾ പിടിച്ചു കുലുക്കി പല്ലു് ഇളിച്ചുകാണിച്ചു 'കുർ' 'കുർ' എന്നു ശബ്ദിച്ചുകൊണ്ടിരുന്നു. ആ വാനരങ്ങളുടെ ഉത്സാഹം അരുവിയുടെ മറുകരെ പോകാനായിരിക്കുമെന്നു വേട്ടക്കാർക്കു തോന്നി. എന്നാൽ അതു എങ്ങനെ സാധിക്കുവാൻ പോകുന്നു എന്നു അവർ വിചാരിച്ചുകൊണ്ടിരുന്നു. അങ്ങനെയിരിക്കെ പ്രമാണിയായ ഒരു വാനരൻ ഒരു കൊമ്പു പിടിച്ചു കുലുക്കി പരീക്ഷിച്ചശേഷം അതിന്റെ വാൽ ആ കൊമ്പിൽ ദൃഢമായി ചുററിക്കെട്ടിക്കൊണ്ടു തലകീഴായി തൂങ്ങിക്കിടന്നു. ഉടനേ മറെറാരു കുരങ്ങു വന്നു്, ആദ്യത്തേ

മരങ്ങിന്റെ ഭുജത്തിലും കഴുത്തിലും കൂടി തന്റെ വാൽ ചുററിക്കെട്ടി തലകീഴായി തൂങ്ങിക്കിടന്നു. ഇങ്ങനെ തുടരെ



ത്തുടരെ വാനരങ്ങൾ ഒന്നിന്മേൽ മറെറാന്നായി വാൽ ബന്ധിച്ചു തൂങ്ങിക്കിടന്നു. വാനരമയമായ ഒരു ചങ്ങല നിലത്തു ചെന്നു മുട്ടി. പിന്നീടു ഏററവും അടിയിൽ കിടന്ന വാനരൻ നിലത്തു കൈയൂന്നി മുൻപോട്ടും പ്ര

കോട്ടം ആടുവാൻ തുടങ്ങി. അപ്പോൾ തുടൽ പോലെ കിടന്ന ആ കുരങ്ങന്മാർ എല്ലാം ആടിത്തുടങ്ങി. ആട്ടം ക്രമേണ കൂടിക്കൂടി അടിയിൽ തൂങ്ങിയിരുന്ന കുരങ്ങൻ മറുകരയിൽ ഉണ്ടായിരുന്ന ഒരു വൃക്ഷത്തിന്റെ ശാഖയിൽ ചെന്നു തൊട്ടുമെന്നായി. അപ്പോൾ അതു കൈയ്കൾകൊണ്ടു് ആ ശാഖയിൽ ബലമായി പിടികൂടി അങ്ങനെ ആ കുരങ്ങന്മാർ അരുവിയുടെ രണ്ടു കരകളിലു മുള്ള വൃക്ഷങ്ങളിൽ തൊട്ടുത്തിയ ഒരു തൂക്കുപാലംപോലെ കിടന്നു. പക്ഷേ വലത്തു കരയിലേ അററം മറേറ വശത്തേപ്പോലെ അത്ര പൊക്കത്തിലായിരുന്നില്ല.

ഇത്രയുമായപ്പോൾ ഇടത്തുകരയിൽ ഉണ്ടായിരുന്ന മററു കുരങ്ങന്മാർ ആ ജീവനുള്ള പാലത്തിൽക്കൂടെ തെരുതെരെ എതിർകരയിലേക്കു കടക്കുവാൻ തുടങ്ങി. വയററത്തു അള്ളിപ്പിടിച്ചിരുന്ന കുട്ടികളോടുകൂടിപ്പെൺകുരങ്ങുകളും ചപലന്മാരായ ബാലവാനരങ്ങളും കൂനിപ്പിടിച്ച മൂത്ത കുരങ്ങന്മാരും എല്ലാം സ്വല്പസമയം കൊണ്ടു മറുകര എത്തി. അവ കടന്നുപോകുന്നപോക്കിൽ പാലമായി സംഘടിച്ചിരുന്ന ചില കുരങ്ങന്മാർ വഴിക്കാരായ ചില കുരങ്ങന്മാർക്കു പല്ലുകൊണ്ടും മററും ജാതി സ്വഭാവമനുസരിച്ചു ചില്ലറ സൽകാരം ചെയ്യാതെയും ഇരുന്നില്ല.

പാലമായി ചമഞ്ഞിരുന്ന വാനരന്മാർ എതിർകരയിൽ എങ്ങനെ എത്തുമെന്നു വേട്ടക്കാർ കൗതുകത്തോടുകൂടി നോക്കിയിരുന്നു. അതിനുള്ള വിദ്യ ഉടൻ കാണും

റായി. പാലത്തിന്റെ ഒടുവിലത്തെ കണ്ണിയായിരുന്ന കുരങ്ങ് പിടിച്ചുകിടന്ന മരത്തിൽ മേല്പോട്ടു കയറി. അപ്പോൾ അററങ്ങൾ രണ്ടും സമനിരപ്പായി. ഉടൻ യജമാനഭാവത്തിൽ ഒരു വാനരൻ ഒരു ശബ്ദം പുറപ്പെടുവിച്ചു. പെട്ടെന്ന് ഇടത്തുകരയിലെ മരത്തിൽ വാൽ കെട്ടിക്കൊണ്ടു കിടന്നിരുന്ന വാനരൻ വാൽ അഴിച്ചു പിടി വിടർത്തി മുൻപു ഇടത്തു കരയിലെന്നപോലെ തൂങ്ങിക്കിടന്നു. പിന്നീടു ഓരോ കുരങ്ങും ക്രമേണ പിടി വിട്ടു മുകളിലോട്ടു കയറി മരക്കൊമ്പിലേക്കു കടന്നു. സ്വല്പ നേരം കൊണ്ടു പാലം അഴിഞ്ഞു. വാനരങ്ങളെല്ലാം കാട്ടിൽ പല വഴിക്കു പിരിഞ്ഞു പോകയും ചെയ്തു. ആ മൃഗങ്ങളുടെ ബുദ്ധികൗശലം കണ്ടു വേട്ടക്കാർ അത്ഭുതപ്പെട്ടു തിരിച്ചുപോയി.

---

പാഠം ൨൦.

## ഒരു സിംഹത്തിന്റെ ഉപകാരസ്മരണ.

കന്നുകാലികളെപ്പോലെ മനുഷ്യരെ വിൽക്കയും വാങ്ങിക്കയും ചെയ്യുന്ന ഏർപ്പാട് മുൻ കാലങ്ങളിൽ പലെടത്തും നടപ്പായിരുന്നു. ഈ ഏർപ്പാടിനു അടിമക്കച്ചവടമെന്നാണു പേർ. ഉടമസ്ഥന്മാർക്ക് അടിമകളെ എന്തു ചെയ്യുന്നതിനും അധികാരമുണ്ടായിരുന്നു. ഏതു

തന്നെ വേല ചെയ്യേണ്ടിവന്നാലും എന്തു് ഉപദ്രവം സഹിച്ചാലും യജമാനനെ വിട്ടുപോകാൻ അടിമയ്ക്കു സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല.

ഇങ്ങനെയുള്ള അനേകം അടിമകളുടെ ഉടമസ്ഥനായി പണ്ടു ആഫ്രിക്കയുടെ വടക്കു് ഒരു നഗരത്തിൽ ഒരു ധനികൻ പാർത്തിരുന്നു. അയാൾ തന്റെ അടിമകളെക്കൊണ്ടു ദയകൂടാതെ പണി എടുപ്പിച്ചുവന്നു. എന്നാൽ അയാൾ അവർക്കു് ആഹാരംപോലും വേണ്ടതു കൊടുത്തിരുന്നില്ല. നിഷ്ഠുരനായ ഈ യജമാനന്റെ വീട്ടിൽനിന്നു് ഒളിച്ചോടിപ്പോയി രക്ഷപ്പെടാമെന്നു് അടിമകളിൽ ഒരാൾ നിശ്ചയിച്ചു. ഒരു രാത്രി നല്ല ഇരുട്ടുള്ളപ്പോൾ ആരും അറിയാതെ ആ വീട്ടിൽനിന്നു് ഇറങ്ങി ജനസഞ്ചാരമില്ലാത്ത വഴികളിൽക്കൂടി അവൻ വേഗം നടന്നുപോയി. പട്ടിയുടെ കുരയും കരിയിലകളുടെ അനക്കവും കേട്ടു ഞെട്ടി, തന്നെ പിടിക്കാൻ പിന്നാലെ ആരും വരുന്നുണ്ടെന്നു് ആ സാധു പരിഭ്രമിച്ചു.

വേഗത്തിൽ അവൻ നഗരത്തിനു പുറത്തെത്തി. ആരെങ്കിലും തന്നെ കണ്ടുപിടിച്ചേക്കുമെന്നുള്ള ശങ്ക നീങ്ങിത്തുടങ്ങിയപ്പോൾ, അവന്റെ ഗതി മന്ദമായി. പ്രഭാതമായപ്പോൾ, അവൻ ഒരു കാട്ടുപ്രദേശത്തു ചെന്നെത്തി. മുൾച്ചെടികളുടെ ഇടയിൽക്കൂടി ഇഴഞ്ഞും വലഞ്ഞും അയാൾ കാട്ടിലൂടെ സഞ്ചരിച്ചു. കഷ്ടപ്പെട്ടു നടന്നു ഉച്ച തിരിഞ്ഞപ്പോൾ ഒരു പാറക്കൂട്ടത്തിന്റെ

SRI M. K. VAS
MANIYARA VEEDU

സമീപം ചെന്നു ചേൎന്നു. അവിടെ അവൻ ഒരു ഗുഹ കണ്ടു. അതു രക്ഷയുള്ള സ്ഥാനമാണെന്നു കണ്ടു അവൻ അതിൽ കയറിക്കിടന്നു. വിശപ്പും ദാഹവും കൊണ്ടു തളൎന്നു പെട്ടെന്നു് ഉറങ്ങിപ്പോയി.

അങ്ങനെ ഉറങ്ങിക്കിടന്നപ്പോൾ ഇടിമുഴക്കം പോലെ ഒരു ശബ്ദം പെട്ടെന്നു് അവന്റെ ചെവിയിൽ പെട്ടു. അവൻ ഞെട്ടിയുണൎന്നു ഗുഹയുടെ വാതില്ക്കൽ ചെന്നു നോക്കി. അപ്പോൾ ഭയങ്കരനായ ഒരു സിംഹം നേരേ വരുന്നതു് കണ്ടു. ഓടി രക്ഷപ്പെടുവാൻ ഒരു മാൎഗ്ഗവും കാണാതെ അവൻ സ്തംഭിച്ചു അവിടെ തന്നെ നിന്നു. എന്നാൽ സിംഹം അടുത്തു ചെന്നപ്പോൾ



അവന്റെ മേൽ ചാടി വീഴുകയല്ല ചെയ്തതു. ആർത്ത-സ്വരം പുറപ്പെടുവിച്ചുകൊണ്ടു ഒരു കൈയും പൊക്കിപ്പിടിച്ചു് അതു് അടുക്കൽ വന്നു നിന്നു. സൂക്ഷിച്ചു നോക്കിയപ്പോൾ ആ കൈയ് പഴുത്തു് വീങ്ങിയിരിക്കുന്നതു് കണ്ടു. ഒരു മുള്ളു തറച്ചിരുന്നതാണു പഴുപ്പിനുള്ള കാരണമെന്നും അയാൾ മനസ്സിലാക്കി. അപ്പോഴത്തെ പരിഭ്രമത്തിൽ ഒന്നും, ആലോചിക്കാതെ സിംഹത്തിന്റെ കൈയിൽനിന്നു അയാൾ മുള്ളു് ഊരിയെടുത്തു. പിന്നെയും സിംഹം കൈയ് നീട്ടി നിൽക്കുന്നതു കണ്ടു് അവൻ ധൈര്യപ്പെട്ടു് പതുക്കെ ഞെക്കി കുറെ പഴുപ്പും ചോരയും കളഞ്ഞു. വേദന കുറയുകയാൽ സിംഹം അവിടെ അല്പനേരം സ്വസ്ഥമായി കിടന്നു. പിന്നീട് ആ സിംഹം എഴുന്നേററു അവനെ നോക്കി വാലാട്ടിക്കൊണ്ടു ഒരു ഉറവിന്റെ അടുക്കലേയ്ക്കു പോയി. അവനും പുറകെ ചെന്നു. ഉറവു കണ്ടപ്പോൾ അവനു വലുതായ ആശ്വാസം തോന്നി. ദാഹിച്ചു കുഴഞ്ഞിരുന്ന അവൻ അതിൽനിന്നു വെള്ളം കോരിക്കുടിച്ചു. പിന്നെ അവനും സിംഹവുംകൂടി ഗുഹയിലേക്കു തിരിച്ചുപോയി.

കായ്കനികൾ ഭക്ഷിച്ചും ഉറവിൽ നിന്നു വെള്ളം കുടിച്ചും അയാൾ സിംഹത്തോടുകൂടി അങ്ങനെ ആ ഗുഹയിൽ കുറെനാൾ താമസിച്ചു. നായ് മനുഷ്യരോടു പെരുമാറുന്നതുപോലെ പ്രകൃത്യാ ക്രൂരനായ ആ മൃഗരാജൻ അവനോടു ഭക്തിയോടെ പെരുമാറി വന്നു.

ഇങ്ങനെ കുറേനാൾ കഴിഞ്ഞു ഒരു ദിവസം ആ കാട്ടിൽ വന്നുചേർന്ന ഒരുകൂട്ടം പട്ടാളക്കാർ ആ അടിമയെ

കണ്ടുകൂടി. അവൻ ഒളിച്ചോടിപ്പോയവനാണെന്നു മനസ്സിലാക്കി, അവർ അവനെ പിടിച്ച് രാജധാനിയിൽ കൊണ്ടുപോയി. കുററക്കാരെയും തെററു ചെയ്യുന്ന അടിമകളെയും മററും സിംഹം, കരടി മുതലായ ക്രൂരമൃഗങ്ങളുമായി മല്ലു പിടിക്കാൻ നിയോഗിക്കുന്ന ഏർപ്പാട് ആ രാജധാനിയിൽ ഉണ്ടായിരുന്നു. ആ കാഴ്ച കണ്ടു രസിക്കാനായി രാജാവും ജനങ്ങളും വന്നു കൂടുക പതിവായിരുന്നു. നമ്മുടെ സാധുവായ അടിമ യജമാനനെ വിട്ടു ഓടിപ്പോയ കുററത്തിനു ശിക്ഷയായി സിംഹത്തോടു യുദ്ധം ചെയ്യണമെന്നു രാജാവു വിധിച്ചു. ദിവസം യുദ്ധത്തിനു നിശ്ചയിച്ചു. സമയമായപ്പോൾ കാണികൾ രംഗസ്ഥലത്തു വന്നു നിരന്നു. ആ അടിമയെ രംഗത്തിൽ കൊണ്ടുവന്നു. അവന്റെ കൈയ്യിൽ ഒരു വാളും പരിചയും മാത്രമേ ഉണ്ടായിരുന്നുള്ളു. വിശപ്പുകൊണ്ടുവീറു വർദ്ധിച്ചു കൂട്ടിൽ കിടന്നു വലഞ്ഞ ഒരു സിംഹത്തെ അവന്റെ നേരെ ഇറക്കിവിട്ടു. മനുഷ്യരോടുപോലും മല്ലു പിടിച്ചു പരിചയിച്ചിട്ടില്ലാത്ത ആ പാവം എന്താണു ചെയ്യുക? ഭയങ്കരമായി ഗർജ്ജിച്ചുകൊണ്ടു സിംഹം അവന്റെ നേർക്കു ചാടി. സിംഹം അവനെ പിടികൂടി കടിച്ചു ചീന്തുന്നതു കാണാൻ ജനങ്ങളെല്ലാം ഉററുനോക്കി. എന്നാൽ എന്താണു സംഭവിച്ചതു്? സിംഹം അടുക്കൽ ചെന്ന് അവന്റെ മുഖത്തു നോക്കിയിട്ടു തല കുനിച്ചു പട്ടിയെപ്പോലെ സ്നേഹഭാവത്തിൽ വാൽ ചുഴററിക്കൊണ്ടു നിന്നു. പിന്നീട് അതു അവന്റെ ദേഹത്തിൽ ഉരുമ്മുകയും നക്കുകയും

ചെയ്തുതുടങ്ങി. അവൻ കൂസൽ കൂടാതെ സിംഹത്തിൻെറ തലയിലും ദേഹത്തും തലോടി. സിംഹം വാലാട്ടിക്കൊണ്ടു അവൻെറ പാദത്തിനു നേരേ കിടപ്പായി.

സിംഹത്തിൻെറ ഈ സ്നേഹഭാവം കണ്ടു നിർദ്ദയന്മാരായ അവൎക്കെല്ലാം ലജ്ജയും അത്ഭുതവും ഉണ്ടായി. രാജാവു അവനെ വിളിച്ച് ഈ സംഭവത്തിൻെറ രഹസ്യം എന്താണെന്നു ചോദിച്ചു. താൻ ആ സിംഹവുമായി കാട്ടിൽ വച്ചു പരിചയിച്ചു ഒരുമിച്ചു താമസിച്ചിരുന്ന വൃത്താന്തം അവൻ പറഞ്ഞു കേൾപ്പിച്ചു. കഥ കേട്ടു സന്തോഷിച്ചു രാജാവ് അവനെ സ്വതന്ത്രനാക്കി വിടുകയും, ആ സിംഹത്തെയും അനവധി ധനങ്ങളും അവനു സമ്മാനമായി കൊടുക്കുകയും ചെയ്തു.

---

പാഠം ൨൧.

# കാളിയമർദ്ദനം.

(കുമ്മി)

## I

ഘോരഫണി ഫണമായിരവും
ക്രൂരൻ വിടർത്തിട്ടൊരുൾക്കോപവും
പാരമായ്ക്കത്തി—വിഷജ്വാല
പാരിൽപ്പരത്തി—ഹരിയുടെ
നേരേക്കുതത്തി—പ്പുളച്ചുടൻ

ചീറിപ്പാഞ്ഞെത്തി—തടാ പുണ്യ-
പേരായിരമുള്ളോരല-
കീരേഴിനു വേരായൊരു
നാരായണനും ഫണത്തിന്മീതേ—ചാടി
പ്പാരാതെ കേറീ പണി കൂടാതെ.

II

വൻഫണം തോറും ക്രമത്തിൽ ചാടി
വമ്പിച്ചുടൻ കൃഷ്ണൻ—നൃത്തമാടി
തൻ ഭംഗിയോലും—വലതൈക്കയ്യിൽ
കൊമ്പും കുഴലും ഇടതൈക്കയ്യിൽ
പാമ്പിൻെറ വാലും—പച്ച മേയ്യാൻ
വമ്പേറും കോലും—ഇവണ്ണമ-
ങ്ങമ്പോടു തരംപോലെ ര-
സം പൂണ്ടു പരമ്പൂജഷ-
നർത്തനരൂപമതെത്രമോടി—കാണ്മാൻ
തത്ര ജനങ്ങളുമെത്രകൂടി.

III

ഇത്തരമൊട്ടു കഴിഞ്ഞ നേരം
സത്വരം സർപ്പം കുഴങ്ങി പാരം.
ശക്തികൾ താണു—കട്ടഞ്ചോര
ഛർദ്ദിച്ചു വീണു—മുറയിട്ട-
ങ്ങർത്ഥിച്ചു കേണു—മുരരിപു
തത്രൈവ വാണു—ഭഗവാൻെറ

ഹൃത്താമരസത്താരതിൽ
മൂത്താൎത്തു മുഴുത്താടിന
നൃത്തം മനോഹരം മേളം കൂട്ടി—ച്ചെയ്യുന്നാർ
അത്രിദശാദികൾ, പുഷ്പവൃഷ്ടി.

IV

മരണഭയരഹിതൻ പകച്ചു
മരതകവൎണ്ണന്റെ കാൽ പിടിച്ചു
പരിചിൽ സ്തുതിച്ചു—അത്തു നേരം
പരമം രസിച്ചു—പരമഹി-
വരനിൽ മോദിച്ചു—അവന്ടെ
വിവരം ചോദിച്ചു—അത്തു നേരം
വരവാണികൾ വരവാൎത്തകൾ
വിരവാൎന്നിഹ പറവാനഥ
പരിസരേ ചെന്നു നമസ്കരിച്ചു—അവർ
പരമപുമാനെ മുദാ സ്തുതിച്ചു.

[വെണ്മണി മഹൻ]

---

പാഠം ൨൨.

## ഒരു വിവാദം.

ഒരുമിച്ചു പഠിക്കുന്ന രാമനും കൃഷ്ണനും ഒരു ദിവസം വഴിയിൽവച്ചു തമ്മിൽ കണ്ടപ്പോൾ പല വൎത്തമാനങ്ങളും , പറഞ്ഞു. അതിനിടയ്ക്ക്, "എന്റെ കൃഷ്ണൻകുട്ടി! ഞാൻ ഇന്നലെ ഒരു ജന്തുവിനെ കണ്ടു. അതിന്റെ

തലയും മുഖവും വാലും എല്ലാം വളരെ വിചിത്രം തന്നെ. അതിന്റെ പേര് ഓന്ത് എന്നാണെന്ന് ഒരാൾ പറഞ്ഞു. അതിന്റെ നിറം നല്ല പച്ചയാണ്'' എന്നു രാമൻ പറഞ്ഞു.

ഉടനേ കൃഷ്ണൻ, ''അതു മാത്രം തെററിപ്പോയി. ഓന്തിന്റെ നിറം നല്ല ചുവപ്പാണ്'' എന്നു പറഞ്ഞു.

ഇതു കേട്ടപ്പോൾ ''എന്തു? ചുവപ്പോ? ഞാൻ എന്റെ ഈ രണ്ടു കണ്ണുകൊണ്ടാണല്ലോ പച്ച നിറത്തിലുള്ള ആ ഓന്തിനെ കണ്ടതു?'' എന്നു രാമൻ സ്വല്പം ക്ഷോഭത്തോടുകൂടി കയർത്തു.

അതിനു കൃഷ്ണൻ, ''തന്റെ കണ്ണുകൊണ്ടു എപ്പോഴും ഇങ്ങനെയാണു കാണുന്നതെങ്കിൽ ആ കണ്ണുകൊണ്ടു ഗുണമൊന്നുമില്ല'' എന്നു മറുപടി പറഞ്ഞു.

ഇങ്ങനെ അവർ തമ്മിൽ തക്കിച്ചുകൊണ്ടു നില്ക്കുമ്പോൾ അടുത്തു താമസിച്ചിരുന്ന ചാക്കോ ഈ വാക്കുകോലാഹലം കേട്ടു വീട്ടിൽനിന്നു ഇറങ്ങിവന്നു. ''ചങ്ങാതിമാരേ! നിങ്ങൾ എന്തിനെപ്പററിയാണു ഇത്ര വാശിപിടിച്ചു സംസാരിക്കുന്നതു?'' എന്നു ചോദിച്ചു.

രാമൻ:—എന്റെ ചാക്കോ! ഓന്തിന്റെ നിറം ചുവപ്പാണെന്നു ഈ കൃഷ്ണൻകുട്ടി പറയുന്നു. അയാൾ എന്നെ അബദ്ധനാക്കാനായി വെറുതേ ശാഠ്യം പിടിക്കുകയാണ്. ഞാൻ പച്ച നിറത്തിലുള്ള ഓന്തിനെ കണ്ടിട്ടു രണ്ടു ദിവസം ആയിട്ടില്ല.

ഉടനേ "ഞാൻ ചുവന്ന ഓന്തിനെ കണ്ടതു് ഇന്നു രാവിലെയാണല്ലോ" എന്നു കൃഷ്ണൻകുട്ടി ഉച്ചത്തിൽ പറഞ്ഞു. ഇതു കേട്ടിട്ടു ചാക്കോ പറഞ്ഞു: "നിങ്ങൾ രണ്ടാളും പറയുന്നതു അബദ്ധമാണു്. ഞാൻ ഇന്നലെ ഒരു ഓന്തിനെ പിടിച്ചു നല്ലവണ്ണം പരിശോധിച്ചു നോക്കി. അതു തനിനീലമാണു്. വെറുതേ തർക്കിക്കുന്നതു എന്തിനു്? ഞാൻ അതിനെ ഒരു പെട്ടിയിൽ അടച്ചു സൂക്ഷിച്ചിട്ടുണ്ടു. നമുക്കു് ഇപ്പോൾത്തന്നെ വീട്ടിൽ കയറി നോക്കാം."

കുട്ടികൾ മൂന്നു പേരുംകൂടെ വേഗത്തിൽ ചാക്കോയുടെ വീട്ടിൽ ചെന്നു കയറി. ചാക്കോ ഓന്തിനെ ഇട്ടിരുന്ന പെട്ടി എടുത്തു വെളിയിൽ കൊണ്ടുവന്നു തുറന്നു. ഹാ! എന്തൊരു വിസ്മയം! നോക്കിയപ്പോൾ ഓന്തു മഞ്ഞയായിരുന്നു. ഇതു കണ്ടിട്ടു മൂന്നു പേരും ഒരുപോലെ അബദ്ധന്മാരായി തമ്മിൽ തമ്മിൽ നോക്കി നിന്നു.

അപ്പോൾ ചാക്കോയുടെ അപ്പൻ വന്നു അവരുടെ വാദത്തെപ്പററി ചോദിച്ചറിഞ്ഞു. അയാൾ അവരോടു പറഞ്ഞു: "കുട്ടികളേ, നിങ്ങൾ മൂന്നു പേരും പറഞ്ഞതു ശരിയാണു്; എന്നാൽ തെററുമാണു്. ഓന്തിന്റെ നിറം മാറി മാറിക്കാണും. ഒരു ഓന്തിനെത്തന്നെ പച്ചയായും ചുവപ്പായും നീലമായും മഞ്ഞയായും മാറി മാറിക്കാണാം. അതുകൊണ്ടാണു് നിങ്ങൾ മൂന്നു പേരും പറഞ്ഞതു ശരിയെന്നും തെററെന്നും ഞാൻ പറഞ്ഞതു. മേലാൽ

എന്തിനെയെങ്കിലും പററി മററാളുകളുമായി വാദിക്കാൻ ഇടയാകുമ്പോൾ അവൎക്കും നിങ്ങളെപ്പോലെ തന്നെ കണ്ണു് ഉണ്ടെന്നു ഓൎത്തു് അവർ പറയുന്നതും അനുസരിക്കണം.”

---

പാഠം ൨൩.

## ഭൂമിയിൽനിന്നു വായുവിന്റെ വേൎപാടു്.

ശക്രനൈരാവതത്തിൻ ഗളമേറി
വെക്കം പുറപ്പെട്ടു വജ്രവുമായുടൻ
പൊന്നുന്നാമൈരാവതത്തെ വിഴുങ്ങുവാൻ
ഉണ്ണികരങ്ങു കുതിച്ചു ചാടീടിനാൻ. ൧

വിണ്ണോരധീശ്വരൻ വജ്രം പ്രയോഗിച്ചു
ഖണ്ഡനംചെയ്തു വധിച്ചു കുമാരനെ
ഗണ്ഡഭാഗേ വജ്രമേററു മരിച്ചിങ്ങു
മണ്ണിൽ പതിച്ചൊരു പുത്രനെക്കണ്ടുടൻ ൨

താപവും കോപവും വൎദ്ധിച്ചു മാരുതൻ
താമസം കൂടാതെ പുത്രനെച്ചെന്നെടു-
ത്തഞ്ജസാ പാതാളലോകത്തിലങ്ങു ചെ-
ന്നഞ്ജനാപുത്രനെത്തൻ മടി തന്നിൽ ൩

കിടത്തിപ്പുതുക്കെത്തലോടിത്തലോടി-
ജഗത്തിൽ നടക്കുന്ന വായുക്കളൊക്കവേ
ആകർഷണം ചെയ്തു തന്നുള്ളിലാക്കിവ-
ച്ചേകാന്തമാവേന തത്ര വാണീടിനാൻ. ൧൯

രാത്രിയിലുള്ളോരു ജന്തുക്കളൊക്കവേ
ചിത്രമെഴുതിയപോലെ ചമഞ്ഞിതു
നിൽക്കുന്ന ജന്തുക്കളപ്പാടെ നിന്നു; കി-
ടക്കുന്ന ജന്തുക്കളപ്രകാരം തന്നെ. ൨൦

ഉണ്ണിരിക്കുന്നവൻ കൈയ്യിലുരുളയും
വച്ചങ്ങു വായും പിളർന്നു വാണീടുന്നു;
കണ്ണിരിക്കുന്നവൻ കണ്ണും തുറന്നങ്ങു
കൽപ്പാവ പോലെയനങ്ങാതിരിക്കുന്നു; ൨൧

മുങ്ങുന്ന ചങ്ങാതി മുങ്ങിക്കിടക്കുന്നു;
തെങ്ങു കേറുന്നവൻ തെങ്ങേലിരിക്കുന്നു;
ഉഴുക്കുന്ന ഭൂസുരൻ കൈയ്ക്കുള്ളിൽ വെള്ളവു-
മാക്കിപ്പിടിച്ചങ്ങനങ്ങാതെ നിൽക്കുന്നു; ൨൨

യാഗാദി കർമ്മങ്ങൾ നിത്യകർമ്മങ്ങളും
യോഗം തപോവ്രതനിഷ്ഠതന്ത്രങ്ങളും
വേദഗാന സർവം നശിച്ചിതു കാരണാൽ
ആകുലപ്പെട്ടു മഹേന്ദ്രാദി ദേവകൾ. ൨൩

പാഠം ൨൮.

# സോളമൻ.

യൂദന്മാർ എന്നൊരു വർഗ്ഗം ആളുകൾ കൊച്ചിയിലും പറവൂർ താലൂക്കിലും മററും പാർത്തുവരുന്നുണ്ട്. ഇവരുടെ പൂർവ്വന്മാർ പണ്ടു പാലസ്റ്റീൻ രാജ്യത്തു വസിച്ചിരുന്നു. അവരുടെ അന്നത്തേ പേർ ഇസ്രായേൽക്കാർ എന്നായിരുന്നു. അവരുടെ രാജാക്കന്മാരിൽ പ്രധാനപ്പെട്ടവർ ദാവീദും, അദ്ദേഹത്തിന്റെ പുത്രനായ സോളമനും ആയിരുന്നു. യുദ്ധവീരനായ ദാവീദു രാജ്യത്തിന്റെ വിസ്താരവും പ്രാബല്യവും വർദ്ധിപ്പിച്ചു. അതിന്റെ ശേഷം സോളമൻ സമാധാനമായി രാജ്യത്തെ പരിപാലിച്ചു. ഈ സോളമൻ ഇസ്രായേൽക്കാരുടെ മാത്രമല്ല, ലോകത്തിൽ ഉണ്ടായിട്ടുള്ള എല്ലാ മഹാന്മാരുടെയും മുമ്പണിയിൽ നിൽക്കുന്ന ഒരു മഹാനാണ്.

ഇദ്ദേഹം മഹാനായിത്തീർന്നതിനെപ്പററി യൂദന്മാരുടെ വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണു. സോളമൻ രാജ്യഭാരം ഏററു കുറേ കഴിഞ്ഞു ഒരു രാത്രി സ്വപ്നത്തിൽ ഈശ്വരൻ പ്രത്യക്ഷനായി എന്തെങ്കിലും ഒരു വരം ചോദിച്ചുകൊള്ളുവാൻ അദ്ദേഹത്തോടു് അരുളിച്ചെയ്തു. അപ്പോൾ സോളമൻ ഇപ്രകാരം അറിയിച്ചു: "എന്റെ പിതാവായ ദാവീദിന്റെ സിംഹാസനം എനിക്കു ലഭിച്ചു. ലക്ഷോപലക്ഷം ജനങ്ങളെ ഞാൻ പരിപാലിക്കേണ്ടിയിരിക്കുന്നു. എന്റെ

അറിവു വിചാരിച്ചാൽ ഞാൻ കേവലം ബാലനാകുന്നു. അതുകൊണ്ടു ഈ ജനങ്ങളെ പരിപാലിച്ചുകൊണ്ടു പോകുന്നതിനുള്ള വിവേകം എനിക്കു ഉണ്ടാവാൻ അനുഗ്രഹിക്കണം". ഇതു കേട്ടു ഈശ്വരൻ പ്രസാദിച്ചു അരുളിച്ചെയ്തു: "നീ ധനമോ ശത്രുവിജയമോ കീർത്തിയോ അല്ലല്ലോ അർത്ഥിച്ചതു്. നീ ആഗ്രഹിക്കുന്നതു് എല്ലാററിലും വലുതായ വിവേകമാണു്. സമ്പൂർണ്ണമായ വിവേകസമ്പത്തു നിനക്കു ഉണ്ടാകുവാൻ ഞാൻ അനുഗ്രഹിക്കുന്നു. അതോടുകൂടി നീ അർത്ഥിക്കാത്ത എല്ലാ ഐശ്വര്യങ്ങളും നിനക്കു തന്നിരിക്കുന്നു."

സോളമന്റെ വിശേഷമായ ജ്ഞാനത്തെപ്പററി പല കഥകൾ യൂദന്മാരുടെ പുരാണങ്ങളിൽ ഉണ്ടു്. അവയിൽ ഒന്നു് ഇവിടെ പറയാം.

സോളമന്റെ ഐശ്വര്യത്തെയും വിവേകത്തെയും കുറിച്ചുള്ള കീർത്തി ദൂരദേശങ്ങളിൽ പരന്നു. അന്നു ശെബാരാജ്യം ഭരിച്ചിരുന്ന രാജ്ഞി സോളമന്റെ പ്രഭാവം കേട്ടു് അദ്ദേഹത്തിന്റെ രാജധാനിയിലേക്കു ചെന്നു. അദ്ദേഹത്തിന്റെ ബുദ്ധി പരീക്ഷിക്കുന്നതിനായി രാജ്ഞി ചോദിച്ച ചോദ്യങ്ങൾക്കെല്ലാം അദ്ദേഹം തക്കതായ ഉത്തരം പറഞ്ഞു. ഒടുവിൽ ആ രാജ്ഞി ഒരു പരീക്ഷകൂടി നടത്തി. കാഴ്ചയിൽ തുല്യമായിരുന്ന ഓരോ പൂച്ചെണ്ടു് ഓരോ കൈയ്യിലും പിടിച്ചുകൊണ്ടു "ഇവ തമ്മിൽ വല്ല വ്യത്യാസവും ഉണ്ടോ?" എന്നു ചോദിച്ചു. ആകൃതികൊണ്ടു യാതൊരു വ്യത്യാസവും കാണാതെ

രാജാവു കുഴങ്ങി. കുറേ ആലോചിച്ച ശേഷം വലത്തു കൈയ്യിലിരുന്ന ചെണ്ടു സാക്ഷാൽ പുഷ്പം കൊണ്ടുള്ളതാണെന്നും, മററത്തു കൃത്രിമപുഷ്പംകൊണ്ടുള്ളതാണെന്നും അദ്ദേഹം പറഞ്ഞു. രാജ്ഞി അതു കേട്ടു വളരെ വിസ്മയിച്ചു. എങ്ങനെയാണ് ഇതു മനസ്സിലാക്കിയതെന്നു രാജ്ഞി ചോദിച്ചതിന്നു അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു:"ചെണ്ടുകൾ രണ്ടും എല്ലാ പ്രകാരത്തിലും ഒരുപോലെയിരുന്നതുകൊണ്ടു് ഒന്നു യഥാൎത്ഥപുഷ്പംകൊണ്ടും മറേറതു് അതിനോടു സമമായി കൃത്രിമപുഷ്പംകൊണ്ടും നിൎമ്മിച്ചതാണെന്നു ഞാൻ ഊഹിച്ചു. എന്നാൽ യഥാൎത്ഥപുഷ്പം ഏതെന്നു് അറിവാൻ സൂക്ഷിച്ചുകൊണ്ടിരുന്നപ്പോൾ, വലത്തു കൈയ്യിലിരുന്ന പൂച്ചെണ്ടിൻ ചുററും ഒരു തേനീച്ച പറക്കുന്നതു കണ്ടു. അതു മറേറ ചെണ്ടിലേക്കു പോയതേയില്ല. അതിൽനിന്നു്, തേനീച്ചയെ ആകൎഷിച്ച ചെണ്ടാണു് യഥാൎത്ഥപുഷ്പംകൊണ്ടു നിൎമ്മിച്ചതെന്നു ഞാൻ തീരുമാനിച്ചു."

പാഠം ൨൭.

## സ്വദേശാഭിമാനം

ക്രിസ്തുവൎഷം ൧൭൫൭-ൽ ഇംഗ്ലീഷുകാർ ഫ്രഞ്ചുകാരുടെ വകയായ കല പട്ടണം ആക്രമിച്ചു. ഫ്രഞ്ചുസൈന്യം സഹായത്തിന്നു വന്നെത്തുമെന്നുള്ള വിശ്വാസത്തോടുകൂടി ആ നഗരവാസികൾ കുറേ നാൾ ഇംഗ്ലീഷു

കാരുടെ ആക്രമണത്തെ എതിൎത്തുനിന്നു. എന്നാൽ ഫ്രെഞ്ചുസൈന്യം വിചാരിച്ചതുപോലെ വന്നുചേൎന്നില്ല. പട്ടണത്തിലുണ്ടായിരുന്ന ആഹാരപദാൎത്ഥങ്ങളെല്ലാം തീൎന്നുപോയി. ശത്രുക്കൾ പട്ടണം വളഞ്ഞുകിടന്നതുകൊണ്ടു പുറമേ പോയി ഭക്ഷണപദാൎത്ഥങ്ങൾ കൊണ്ടുവരാൻ അവൎക്കു നിൎവാഹം ഉണ്ടായിരുന്നതുമില്ല.

പട്ടിണി കിടന്നു മരിക്കുമെന്നുള്ള സ്ഥിതിയിൽ ആയപ്പോൾ അവർ കീഴടങ്ങുമെന്നു തീൎച്ചയാക്കി. ഈ വിവരം അവർ ഇംഗ്ലീഷുകാരുടെ രാജാവായിരുന്ന എഡ്വേഡ് തൃതീയനെ അറിയിച്ചു. അദ്ദേഹം അതിന്നു ഇങ്ങനെ മറുപടി പറഞ്ഞു: "പൌരന്മാരിൽ പ്രധാനികളായ ആറു പേർ നമ്മുടെ സന്നിധിയിൽ വരണം. അവർ തൊപ്പിയും ചെരുപ്പും കൂടാതെ കഴുത്തിൽ കയറുമിട്ടു കേവലം വിധേയഭാവത്തിലാണു വരേണ്ടതു്. അവരെ നാം ഇഷ്ടംപോലെ ശിക്ഷിക്കുന്നതായിരിക്കും. ഇങ്ങനെ ചെയ്യാമെങ്കിൽ ശേഷമുള്ളവൎക്കു മാപ്പുകൊടുക്കാം."

ഈ രാജകല്പന അറിഞ്ഞപ്പോൾ കലേനിവാസികൾക്കു വല്യതായ വിഷാദം ഉണ്ടായി. അവർ യോഗം കൂടി ആലോചന തുടങ്ങി. കല്പനപ്രകാരം സന്നിധിയിൽ പോകുന്നവരുടെ വധവും ഉടൻ നടക്കുമെന്നുള്ളതിൽ അവൎക്കു സംശയം ഇല്ലായിരുന്നു. അപമാനകരമായ ഈ വേഷവും ധരിച്ചു മരണത്തിനു സന്നദ്ധരായി പോകാൻ ആൎക്കാണു് മനസ്സു ഉണ്ടാകുന്നതു്? വളരെ

നേരം അവർ കൂടിയിരുന്നു പലതും ആലോചിച്ചു. ഒടുവിൽ അവരിൽ ധീരനായ ഒരാൾ എഴുന്നേററു ഇങ്ങനെ പറഞ്ഞു: "നമ്മുടെ നഗരത്തിൽ അനേകം സ്ത്രീകളും കുഞ്ഞുങ്ങളും ഉണ്ട്. ഒരു തെററും ചെയ്യാത്ത അവരെ നിർദ്ദയമായ ശത്രുക്കളുടെ പീഡനത്തിൽനിന്നു രക്ഷിക്കേണ്ടതു നമ്മിൽ സ്വദേശാഭിമാനമുള്ള ഓരോരുത്തന്റെയും കടമയാകുന്നു. എന്തുതന്നെ അപമാനം സഹിച്ചും, മരണംതന്നെ അനുഭവിച്ചും, നമ്മുടെ അമ്മമാരെയും സഹോദരിമാരെയും കുഞ്ഞുങ്ങളെയും രക്ഷിക്കുന്നതിനുവേണ്ടി ആറു പേരിൽ ഒരുവനായി പോകുന്നതിനു ഞാൻ സന്നദ്ധനായിരിക്കുന്നു." സ്വദേശസ്നേഹവും ധീരതയും തുളുമ്പുന്ന ഈ വാക്കുകൾ കേട്ടു മനസ്സിളകി വേറേ അഞ്ചു പേർ കൂടി അദ്ദേഹത്തോട് ഒത്തു പോകാൻ സന്നദ്ധരായി.

അവർ ആറു പേരും തൊപ്പിയും ചെരുപ്പും കൂടാതെ കഴുത്തിൽ കയറുമായി ഇംഗ്ലീഷുകാരുടെ പാളയത്തിലേക്കു പുറപ്പെട്ടു. സേനാധിപന്മാരോടുകൂടി കൂടാരത്തിനകത്തിരുന്ന എഡ്വേർഡു മഹാരാജാവിന്റെ സന്നിധിയിൽ അവർ എത്തി.

ഇവരെ ഉടൻ വധിക്കണമെന്നു ചില സേനാനായകന്മാർ അഭിപ്രായപ്പെട്ടു. ഈ സ്വദേശസ്നേഹികളെ ദയാപൂർവ്വം വിട്ടയയ്ക്കുകയാണ് ഉചിതമെന്നു മററു ചിലർ പറഞ്ഞു. ഈ സന്ദർഭത്തിൽ ആ ദേശാഭിമാനികളുടെ നായകനായിരുന്ന ആൾ നഗരത്തിന്റെ താക്കോൽ രാജസന്നിധിയിൽ സമർപ്പിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു:

"ഇതാ കല്പ്പേട്ടണം അവിടത്തേക്കു കീഴടങ്ങിയിരിക്കുന്നു. ശത്രുക്കളുടെ ആക്രമണത്തെ തടയേണ്ടതു ദേശാഭിമാനമുള്ളവരുടെ ധൎമ്മമാണു. അതിനാൽ ക്രൂടതലായി കല്പ്പേനിവാസികൾ യാതൊന്നും ചെയ്തിട്ടില്ല. തിരുമനസ്സിലെ കല്പന അനുസരിച്ചു ഞങ്ങൾ ഇതാ തിരുമുമ്പാകെ ഹാജരായിരിക്കുന്നു. ഏതു ശിക്ഷ അനുഭവിക്കാനും ഞങ്ങൾ ഒരുക്കമാണ്. മററു നഗരവാസികളെ തിരുമനസ്സുകൊണ്ടു കരുണാപൂൎവ്വം രക്ഷിക്കുമാറാകണം."

ധീരനായ ആ ദേശഭക്തന്റെ സ്വാൎത്ഥരഹിതമായ പ്രസംഗം കേട്ടപ്പോൾ രാജസന്നിധിയിൽ കൂടിയിരുന്ന പലരുടെയും കണ്ണുകൾ നിറഞ്ഞു. എന്നാൽ രാജാവു അവരെ വധിക്കുവാൻ തന്നെ കല്പിച്ചു. അപ്പോൾ അവിടെ നടന്നതെല്ലാം കണ്ടുകൊണ്ടിരുന്ന രാജ്ഞി എഴുന്നേററു കണ്ണീര പൊഴിച്ചുകൊണ്ടു്, "ഇവൎക്കു മാപ്പു കൊടുക്കണേ" എന്നു പ്രാൎത്ഥിച്ചു. രാജ്ഞിയുടെ കണ്ണുനീർ കണ്ടു ഹൃദയം അലിഞ്ഞ രാജാവു അവൎക്കു മാപ്പു കൊടുത്തു വിട്ടയയ്ക്കുകയും ചെയ്തു.

---

പാഠം ൨൩.

## കാലനില്ലാത്ത കാലം.

(പറയൻ തുള്ളൽ)

മിത്രപുത്രൻ ധൎമ്മരാജൻ സത്രമൊന്നു സമാരംഭി-
ച്ചെത്രനാളുണ്ടവൻ ദീക്ഷിച്ചത്ര തന്നെ വസിക്കുന്നു.
ധാത്രിവാസിജനങ്ങൾക്കു മരണവും നാസ്തിയായി
പാൎത്തുകണ്ടാലെത്ര കഷ്ടം! കാലനേതും കൂട്ടമില്ല.

സത്രശാലയ്ക്കും പൂജ യാഗവും ചെയ്തിരിക്കുന്നു
പത്തുനൂറായിരം വർഷമിപ്രകാരം ധമ്മരാജൻ.

വൃദ്ധന്മാരൊരു കൂട്ടം നിറഞ്ഞു ഭൂതലം തന്നിൽ
ചത്തുകൊൾവതിന്നേതും കഴിവില്ല കാലനില്ല.

മുത്തച്ഛൻ മുതുക്കന്റെ മുത്തച്ഛനിരിക്കുന്നു
മുത്തച്ഛനവനുള്ള മുത്തച്ഛൻ മരിച്ചീല.

അഞ്ഞൂറു വയസ്സുള്ളോരപ്പൂപ്പന്മാരുമിപ്പോൾ
കുഞ്ഞായിട്ടിരിക്കുന്ന അപ്പൂപ്പനവർക്കുണ്ടു.

കുഞ്ഞിക്കു വകയില്ല വീടുകളിലൊരേടത്തും
കുഞ്ഞുങ്ങൾക്കെട്ടു പത്തു പറയരികൊണ്ടു പോരാ.

പത്തു കോടി ജനമുണ്ടു പല്ലു പോയിട്ടൊരു വീട്ടിൽ
കുത്തിവച്ച പാവ പോലെ തിങ്ങിവിങ്ങിക്കിടക്കുന്നു.

കണ്ണിലെപ്പോളകൾ പോലും നരച്ചുള്ള നരന്മാർക്ക-
ങ്ങെണ്ണമില്ലീവണ്ണമുള്ള പെണ്ണുങ്ങൾക്കുമില്ലയെണ്ണം.

കണ്ണു കാണാത്തവർ പിന്നെ കാതു കേളാത്തവർ നന്നേ
കിണ്ണനെക്കാൾ മിനുപ്പുള്ള കഷണ്ടിക്കാരേറെയുണ്ടു്.

അസ്ഥിയല്ലാതൊരു വസ്തു ശരീരത്തിലവർക്കില്ല
ദുഃസ്ഥിതിക്കു കുറവില്ല ദന്നിലയ്ക്കും കുറവില്ല.

പത്തു നാൾ ഭക്ഷ്യയാഞ്ഞാലും ചത്തുപോമെന്നതുമില്ല
പത്തനങ്ങൾക്കിടം പോരാഞ്ഞെത്ര ദുഃഖം മനുഷ്യർക്കു്.

പാട്ടുകാർക്കു വിശന്നിട്ടു സ്വരവും ദുർഭരമായി
പാട്ടിലെങ്ങുമൊരു കാശു ലഭിപ്പാനും വകയില്ല.

പാട്ടു കേട്ടാലാക്കു സൗഖ്യം പട്ടിണിയായ കിടക്കുമ്പോഴും
ഊട്ടു കേട്ടാൽ തല്ല പൊരുമെന്നു കേൾപ്പാനുമില്ലെങ്ങും
ചേട്ടനെന്നാലൊന്നു രണ്ടല്ലൻപതും നൂറുമഞ്ഞൂറും
കൂട്ടമായിപ്പുലകൊൾവാനെന്തു ബന്ധം ചാകുമില്ല.

[പഞ്ചതന്ത്രോപാഖ്യാനം.]

---

പാഠം ൨൧.

## കുറുക്കൻ രാജാവായതു്.

ഒരു നെയ്ത്തുശാലയുടെ പുറത്തു് ഒരു കൽതൊട്ടിയിൽ നീലച്ചായം കലക്കിവെച്ചിരുന്നു. രാത്രിയിൽ ഇര തേടി നടന്ന ഒരു കുറുക്കൻ യദൃച്ഛയാ ആ പാത്രത്തിൽ ചെന്നു വീഴുന്നതിനു് ഇടയായി. പാത്രത്തിനു വളരെ ആഴം ഉണ്ടായിരുന്നതിനാൽ എത്രതന്നെ ശ്രമിച്ചിട്ടും കുറുക്കനു് അതിൽനിന്നു വെളിയിൽ കടക്കാൻ സാധിച്ചില്ല. ആ മൃഗം ഇങ്ങനെ വിഷമിച്ചു കിടക്കുമ്പോഴും നേരം വെളുത്തുതുടങ്ങി

ആരോ ഒരാൾ ആ പാത്രത്തിന്റെ അടുക്കലേക്കു വരുന്നതായി അതിനു തോന്നി. കൗശലക്കാരനായ കുറുക്കൻ അപ്പോൾ ഒരു ഉപായം പ്രയോഗിച്ചു. ശ്വാസം അടക്കിക്കൊണ്ടു ഒരു ശവംപോലെ അതു് ആ പാത്രത്തിൽ കിടന്നു. അടുത്തു വന്നതു നെയ്ത്തുശാലയിലെ ഒരു വേലക്കാരൻ ആയിരുന്നു. അവൻ തൊട്ടിയിൽ

നോക്കിയപ്പോൾ ഒരു കുറുക്കൻ അതിൽ ചത്തുകിടക്കുന്നതു കണ്ടു. തൊട്ടി മൂടാതിരുന്ന വിവരം നെയ്ത്തുശാലയിലെ ഉടമസ്ഥൻ അറിയരുതെന്നു വിചാരിച്ചു, വേലക്കാരൻ ആ കുറുക്കനെ എടുത്തു ദൂരെയുള്ള കാട്ടിൽ കൊണ്ടുചെന്നു കളഞ്ഞു.


വേലക്കാരൻ തിരിച്ചുപോയ ഉടനേ കുറുക്കൻ അവിടെനിന്നു എഴുന്നേററു ഓടി. കുറേ ദൂരം പോയപ്പോൾ അതു ഒരു പുഴവക്കത്തായി. തന്റെ നിറം മാറിയിരിക്കുന്നതു വെള്ളത്തിൽ കണ്ടു കുറുക്കൻ സന്തോഷിച്ചു. "ഹാ ഇതെന്തൊരു ആശ്ചര്യം! ഇപ്പോൾ എന്റെ നിറം എത്ര മനോഹരമായിരിക്കുന്നു. ഞാൻ മൃഗങ്ങളിൽ വച്ചു സുന്ദരനായിത്തീൎന്നിരിക്കുന്നു. ആകട്ടെ, ഞാൻ ഈ നിറം മാററം ശരിയായി ഉപയോഗിക്കും."

ഇങ്ങനെ നിശ്ചയിച്ചുകൊണ്ടു് ആ കുറുനരി കാട്ടിൽ ചെന്നു് അവിടെക്കണ്ട മൃഗങ്ങളോടു ഇപ്രകാരം പറഞ്ഞു: "നമ്മുടെ വനദേവത എന്നെ നിങ്ങളുടെ രാജാവായി നിയമിച്ചിരിക്കുന്നു. നിങ്ങൾക്കു് ആൎക്കും ഇല്ലാത്തതായ ഈ ഭംഗിയുള്ള നിറവും എനിക്കു തന്നിരിക്കുന്നു. എന്റെ ആജ്ഞ അനുസരിച്ചു നടക്കാത്തവരുടെ വംശം നശിപ്പിക്കുമെന്നും വനദേവത അരുളിച്ചെയ്തിരിക്കുന്നു."

ഇതു കേട്ടു ഭയപ്പെട്ടു്, എല്ലാ മൃഗങ്ങളും ആ ജംബുകനെ രാജാവായി സ്വീകരിച്ചു. ആവന്റെ നിറവും മട്ടും കണ്ടപ്പോൾ അവൻ വെറും കുറുക്കനാണെന്നു അവരാരും വിചാരിച്ചില്ല. കടുവായും കാട്ടുപോത്തും ആനയും

സിംഹവും വന്നു അവൻെറ പാദത്തിൽ നമസ്കരിച്ചു ഇഷ്ടമുള്ള ഏതാനും മൃഗങ്ങളെ മന്ത്രിമാരാക്കി വച്ചുകൊണ്ടു ആ ജംബുകൻ വനത്തിൽ ഭരണം തുടങ്ങി.

സിംഹം, ആന മുതലായ സത്വങ്ങൾ കൂടിയും തനിക്കു കീഴടങ്ങി കണ്ടപ്പോൾ കുറുക്കൻ വളരെ അഹംകരിച്ചു. മററു കുറുക്കന്മാരുടെ പേരിൽ നിന്ദ തോന്നി



അവൻ അവരെ അകററി നിറുത്തി. അവരോട് അവൻ പരിചയം ഭാവിക്കപോലും ചെയ്തില്ല.

ഇങ്ങിനെ കുറേക്കാലം കഴിഞ്ഞു. കുറുക്കന്മാൎക്കു ഈ കപടരാജാവിന്റെ പേരിൽ ചില ശങ്കകൾ തോന്നിത്തുടങ്ങി. വൃദ്ധനായ ഒരു കുറുക്കൻ പറഞ്ഞു: "കൂട്ടുകാരെ ഇവനും ഒരു കുറുക്കൻ തന്നെയാണെന്നു് എനിക്കു തോന്നുന്നു. നമുക്കു് അഹംകാരിയായ ഇവനെ ഒന്നു പരീക്ഷിക്കണം. ഞാൻ പറയുന്നതുപോലെ നിങ്ങൾ എല്ലാവരും കേൾക്കുമോ?"

കുറുക്കന്മാർ എല്ലാവരും അപ്രകാരം സമ്മതിച്ചു. ഒരു ദിവസം സന്ധ്യാസമയത്തു കടുവാ, സിംഹം മുതലായ മന്ത്രിമാരോടുകൂടി രാജാവായ ജംബുകൻ കാര്യവിചാരം ചെയ്യുകയായിരുന്നു. അപ്പോൾ കുറുക്കന്മാർ അല്പം അകലെ ഒരു ദിക്കിൽ കൂട്ടം കൂടി. അവരുടെ പ്രമാണിയായ വൃദ്ധൻ നിലത്തു് ഉറച്ചിരുന്നുകൊണ്ടു് ഉച്ചത്തിൽ ഒന്നു കൂവി. അതിനെ തുടൎന്നു് എല്ലാ കുറുക്കന്മാരും കൂട്ടമായി കൂവി. ഇതു കേട്ടു് ജംബുകരാജാവിനു ജാതിസ്വഭാവം അടക്കുവാൻ പാടില്ലാതെ ആയി. സ്ഥാനഗൌരവവും വ്യാഘ്രവേഷവും മറന്നു് പെട്ടെന്നു അത്യുച്ചമായി അവനും ഒന്നു കൂവി. കടുവാ, സിംഹം മുതലായ മൃഗശ്രേഷ്ഠന്മാർ വിസ്മയിച്ചു് അന്യോന്യം നോക്കി. തങ്ങൾ പൂജിച്ചു സേവിച്ചുവന്ന ജന്തു നിസ്സാരനായ ഒരു കുറുക്കനാണെന്നു് അവൎക്കു മനസ്സിലായി. ഒരു മുഹൂൎത്തത്തിനുള്ളിൽ ആ ജംബുകരാജാവു് അവൎക്കു് ഇരയായിത്തീൎന്നു.

പാഠം ൫൮.

# ആരോഗ്യം.

നമുക്കു സിദ്ധിക്കാവുന്ന ഈശ്വരാനുഗ്രഹങ്ങളിൽ വെച്ചു ഏററവും വലുതാണ് ആരോഗ്യം. നമ്മുടെ പ്രയത്നം എല്ലാം സുഖമായി ജീവിക്കുന്നതിനാണല്ലോ. എന്നാൽ ആരോഗ്യം ഇല്ലാതെ പോയാൽ സകലവിധമായ സുഖവും നഷ്ടമാകും. ആരോഗ്യമില്ലെങ്കിൽ ധനം ഉണ്ടായാലും സുഖം അനുഭവിക്കുന്നതിനു സാധിക്കയില്ല. ദരിദ്രനാണെങ്കിലും ആരോഗ്യമുള്ള ആൾക്കു പ്രയത്നം ചെയ്തു സുഖമായി ജീവിക്കാൻ കഴിയും.

രോഗികൾ വളരെ കഷ്ടപ്പെടേണ്ടിയിരിക്കുന്നു. അവക്കു ജീവിതം ഭാരമായിത്തീരും. അവർ നിമിത്തം മററുള്ളവരും ബുദ്ധിമുട്ടേണ്ടി വരും. അവരെ ശുശ്രൂഷിക്കുന്നതിനായി മാതാപിതാക്കന്മാരും സഹോദരങ്ങളും മററും ഉറക്കമൊഴിഞ്ഞു കാത്തിരിക്കണം. വൈദ്യനെ കൊണ്ടുവരിക, ഔഷധങ്ങൾ അന്വേഷിക്കുക, പഥ്യമായ ആഹാരം ഉണ്ടാക്കുക മുതലായ പല തരം ക്ലേശങ്ങളും അവർ സഹിക്കണം. അതിനാൽ, ആരോഗ്യം സമ്പാദിക്കാൻ എല്ലാ പ്രകാരത്തിലും ശ്രമിക്കേണ്ടതാണ്.

ആരോഗ്യം എന്ന വാക്കിനു രോഗമില്ലാതിരിക്കുക എന്നു അർത്ഥമാകുന്നു. ആരോഗ്യമുള്ളവക്കു മുഖപ്രസന്നതയും നല്ല ചൊടിയും ഉണ്ടായിരിക്കും. ഓടുകയും ചാടുകയും മററും ചെയ്യുന്നതിനു വേണ്ട ശരീരലാഘവവും

ഉണ്ടായിരിക്കും. ആരോഗ്യമുള്ളവര ഉത്സാഹത്തോടെ വേല ചെയ്യും. അവക്ക ആഹാരത്തിന നല്ല രുചി ഉണ്ടാകും. ഉറക്കവും സുഖമാകും.

ആരോഗ്യം രക്ഷിക്കുന്നതിന ചില നിയമങ്ങൾ അനുസരിക്കേണ്ടതുണ്ട്. ഒന്നാമതായി ശ്വാസിക്കുന്ന വായു ശുദ്ധമായിരിക്കണം. മനുഷ്യരും മററു ജന്തുക്കളും ശുദ്ധവായു ശ്വാസിക്കയും, അശുദ്ധവായു ഉച്ഛ്വസിക്കയുമാകുന്നു ചെയ്യുന്നത്. അശുദ്ധവായു നമ്മുടെ ചുററും തങ്ങിനിന്നാൽ അതുതന്നെ നാം ശ്വാസിക്കുന്നതിന് ഇടയാകും. അതു നിമിത്തം ക്ഷീണവും രോഗവും ഉണ്ടാകുന്നതാകുന്നു. എന്നു മാത്രമല്ല, നിരന്തരമായി അശുദ്ധവായു തന്നെ ശ്വസിച്ചുകൊണ്ടിരുന്നാൽ മരിച്ചുപോകയും ചെയ്യും. അതിനാൽ വേല ചെയ്യുന്നതും, ഇരിക്കുന്നതും, കിടക്കുന്നതും എല്ലാം ശുദ്ധവായുവിന്റെ സഞ്ചാരമുള്ള സ്ഥലത്ത് ആയിരിക്കണം. ഭവനങ്ങളും, വിദ്യാലയങ്ങൾ മുതലായി നാം സഞ്ചരിക്കുന്ന മററു എല്ലാ കെട്ടിടങ്ങളും വിസ്താരമുള്ളവ ആയിരിക്കണം. തടവു കൂടാതെ വായു കയറി ഇറങ്ങത്തക്കവണ്ണം അവയ്ക്കു വാതിലുകളും ജന്നാലുകളും ഉണ്ടായിരിക്കയും വേണം.

ശുദ്ധവായുപോലെ ആരോഗ്യത്തിന് ആവശ്യമാകുന്നു ശുദ്ധജലവും. ചപ്പും ചവറും വീണ് അഴുകിയാൽ വെള്ളം ദുഷിച്ചുപോകും. ദുഷിച്ച വെള്ളം കുടിക്കുന്നതിനും കുളിക്കുന്നതിനും ഉപയോഗിക്കരുത്. കിണറുകളിലും കുളങ്ങളിലും യാതൊരു വിധമായ മാലിന്യങ്ങളും

ഉണ്ടാകാതെ പ്രത്യേകം സൂക്ഷിക്കണം. ദുഷിച്ച ജലം ഉപയോഗിച്ചാൽ അതുവഴി പല രോഗബീജങ്ങളും ശരീരത്തിൽ വ്യാപിക്കും. അശുദ്ധമായ പാൽ, സോഡാ മുതലായ പാനീയങ്ങൾ ഉപയോഗിക്കുന്നതും ആരോഗ്യത്തിനു നന്നല്ല.

ആഹാരത്തിന്റെ കാര്യത്തിൽ ദൃഷ്ടി വയ്ക്കേണ്ട പല സംഗതികളും ഉണ്ടു. ഭക്ഷണം മിതമായിരിക്കണം. ആവശ്യത്തിലധികം ഭക്ഷണം കഴിച്ചാൽ ശരിയായി ദഹിക്കയില്ല. ദഹനക്കുറവു പല രോഗങ്ങൾക്കും കാരണമാണ്. ആഹാരം ശരിയായി ദഹിച്ചെങ്കിൽ മാത്രമേ ശരീരത്തിന് അതുകൊണ്ടു പ്രയോജനമുള്ളു. അതിനാൽ ദഹിക്കാൻ പ്രയാസമുള്ള പദാർത്ഥങ്ങൾ ഭക്ഷിക്കരുതു. സുഖമായി ദഹിക്കുമെന്നുള്ള സാധനങ്ങളും ആവശ്യത്തിലധികം ഭക്ഷിക്കരുത്. ആഹാരം എന്തായാലും നല്ലവണ്ണം ചവച്ചരച്ചു വേണം തിന്നേണ്ടത്. ചീഞ്ഞതും ദുഷിച്ചതുമായ ഭക്ഷണപദാർത്ഥങ്ങൾ ദഹിക്കാൻ പ്രയാസമാണ്. അവ ഒരിക്കലും ഭക്ഷിക്കരുത്.

വ്യായാമവും വിശ്രമവും ആരോഗ്യത്തിന് അവശ്യം വേണ്ട കാര്യങ്ങളാണ്. വ്യായാമംകൊണ്ടു ദഹനശക്തി വർദ്ധിക്കയും അംഗങ്ങൾക്കു ദൃഢത ഉണ്ടാകയും ചെയ്യുന്നു. പഠിക്കുന്ന കുട്ടികളും ഒരു സ്ഥലത്തു തന്നെ ഇരുന്നു വേല ചെയ്യുന്ന ആളുകളും വ്യായാമത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. പള്ളിക്കൂടത്തിൽ ഡ്രില്ലും കളികളും ഏർപ്പെടുത്തിയിരിക്കുന്നതു വിദ്യാർത്ഥികളുടെ വ്യായാമത്തിനു

വേണ്ടിയാകുന്നു. നടക്കുക, നീന്തുക, കിളയ്ക്കുക, വെള്ളം കോരുക മുതലായവയും നല്ല വ്യായാമമാണ്.

അന്നന്നത്തെ പ്രവൃത്തികളും, വ്യായാമവും കഴിഞ്ഞാൽ വിശ്രമം വേണ്ടിവരുന്നു. ഒരിടത്തു സ്വസ്ഥമായി ഇരുന്നാൽ ഒരു മാതിരി വിശ്രമം ലഭിക്കും. രസകരങ്ങളായ പുസ്തകങ്ങൾ വായിച്ചോ, ചെറുതരം വിനോദങ്ങളിൽ ഏർപ്പെട്ടോ വിശ്രമിക്കുന്നതു് ഇതിനെക്കാൾ സുഖമായിരിക്കും. പൂർണ്ണമായ വിശ്രമം ലഭിക്കുന്നതു് ഉറക്കം കൊണ്ടാണ്. രാത്രിയിൽ ഏഴോ, എട്ടോ മണിക്കൂറു നേരം നല്ല വായുസഞ്ചാരമുള്ള സ്ഥലത്തു നിദ്ര ചെയ്യേണ്ടതു ആരോഗ്യത്തിന് അത്യാവശ്യമാണ്.

---

## പാഠം ൨൯.

## മഴ.

രവീന്ദ്രൻ:—ബാലാ! ഇന്നു നല്ല മഴയുണ്ടു്.

ബാലകൃഷ്ണൻ:—ചേട്ടൻ എങ്ങനെ അറിഞ്ഞു?

രവി:—നോക്കൂ, പടിഞ്ഞാറു നല്ല കോളു കൊണ്ടിട്ടുണ്ടു.

ബാല:—ഉള്ളതു തന്നെ. അതാ കാറു മേല്പോട്ടു കയറിക്കയറി വരുന്നു.

രവി:—ഈ കാറ്റ് എവിടെ നിന്നു വരുന്നു എന്ന് അറി യാമോ?

ബാല:—പടിഞ്ഞാറു കടലാണല്ലോ. കടലിൽ നിന്നു ആയിരിക്കും കയറിവരുന്നത്.

രവി:—കടലിൽ കിടക്കുന്നതു വെള്ളമല്ലേ? വെള്ളം തന്നെ കയറിവരുന്നു എന്നാണോ ബാലൻ പറയു ന്നത്?

ബാല:—വെള്ളമാണെന്നു തോന്നുന്നില്ല. വെള്ളം മുകളി ലേക്കു കയറുമോ?

VI ASOM GRANDHASALA TRIVANDRUM

രവി:—വെള്ളം വെള്ളമായിട്ടു തന്നെ കയറുകയില്ല. വെള്ളം വേണ്ടതുപോലെ ചൂടു തട്ടിയാൽ ആവി യാകും. വെള്ളം ആവിയായാൽ മേല്പോട്ട് ഉയരു കയും ചെയ്യും.

ബാല:—അതെങ്ങനെയാണു ചേട്ടാ?

രവി:—അതു കാണിച്ചുതരാം വരൂ, നമുക്ക് അടുക്കളയി ലേക്കു പോകാം.

[രണ്ടു പേരും അടുക്കളയിൽ ചെന്നിട്ട്]

രവി:—ബാലാ! ഈ കലത്തിൽ വെള്ളം തിളയ്ക്കുന്നതു കണ്ടോ? കലത്തിന്റെ മുകളിൽ പുകപോലെ കാണുന്നതു അതിൽനിന്നു പൊങ്ങിയ ആവി യാണ്

ബാല:—ഈ കാണുന്ന ആവിയെല്ലാം വെള്ളമെന്നാ ണോ ചേട്ടൻ പറയുന്നത്?

രവി:—ഈ കണ്ണം എടുത്തു കലത്തിന്റെ മുകളിലെ നല്ലു സമയത്തേക്ക പിടിച്ചുനോക്കുക. (ബാലകൃഷ്ണൻ അങ്ങനെ ചെയ്യുന്നു.)

രവി:—ഇനി ആ കിണ്ണം ഇങ്ങോട്ടു് എടുത്തു നോക്കു.

ബാല:—കിണ്ണം വിയർത്തിരിക്കുന്നു.

രവി:—(മന്ദഹാസത്തോടെ) കിണ്ണം വിയക്കുകയോ? കലത്തിൽനിന്നു മേല്പോട്ടു് ഉയർന്ന ആവി കിണ്ണത്തിൽ തട്ടി വീണ്ടും വെള്ളമായതാണു്.

ബാല:—ആവി കിണ്ണത്തിൽ തട്ടുമ്പോൾ വെള്ളമാകുന്നതു എങ്ങനെ?

രവി:—ബാലൻ എടുത്തപ്പോൾ കിണ്ണം തണുത്തല്ലേ ഇരുന്നതു്?

ബാല:—അതേ, ഇപ്പോഴും തണുപ്പു മുഴുവൻ മാറീട്ടില്ല.

രവി:—ചൂടു പിടിച്ചപ്പോൾ വെള്ളം ആവിയായി. തണുത്ത കിണ്ണത്തിന്മേൽ തട്ടി തണുത്തപ്പോൾ അതു വീണ്ടും വെള്ളമായി. ഇതാ നോക്കു. ചെറു തുള്ളികളായി വെള്ളം അതിന്മേൽ പററിക്കാണുന്നില്ലേ? കുറേക്കൂടി ആവി കിണ്ണത്തിൽ തട്ടിയാൽ വലിയ തുള്ളികളായി വെള്ളം ഇററിററു വീഴുതുടങ്ങും.

ബാല:—വെള്ളം ആവിയാകുമെന്നും ആവി വീണ്ടും വെള്ളമാകുമെന്നും മനസ്സിലായി.

രവി:—വെള്ളം എങ്ങനെ ആവിയാകും? ആവി എങ്ങനെ വെള്ളമാകും?

ബാല:—വെള്ളം ചോറുപോലെ ചൂടു പിടിക്കുമ്പോൾ ആവിയാകും. ആവി തണുക്കുമ്പോൾ വെള്ളമാകും.

ദേവ.:—വെള്ളം ആവിയായപ്പോൾ കലത്തിൽനിന്നു പൊങ്ങി മേല്പോട്ട് ഉയർന്നതും നീ കണ്ടില്ലേ?

ബാല:—ഉവ്വ്, ഉണ്ടു തന്നെ.

ദേവീ:—കലത്തിന്റെ വായ്ക്കടുത്തു ആവി കാണുന്നുണ്ടോ?

ബാല:—ഇല്ല. കലത്തിന്റെ വായിൽനിന്നു കുറച്ചിട വിട്ടു മുകളിലായിട്ടാണു കാണുന്നതു്. ഇടയ്ക്കു ആവി കാണാത്തതു് എന്തുകൊണ്ടാണു്?

ദേവീ:—ആവി എന്നു പറയുന്നതു വായുവിനെപ്പോലെ കാണാൻ പാടില്ലാത്ത ഒരു പദാർത്ഥമാണു്. തണുപ്പു തട്ടുമ്പോഴാണു് അതു കാണാറാകുന്നതു്. കലത്തിന്റെ വായ്ക്കടുത്തു ചൂടു കൂടുതൽ ആയതുകൊണ്ടു് ആവി കാണുവാൻ കഴിയുന്നില്ല. മുകളിലേക്കു ചെല്ലുമ്പോൾ തണുത്ത വായു തട്ടുന്നതുകൊണ്ടു് അതു കാണാറാകുന്നു. മഴക്കോളു് ഉണ്ടാകുന്നതു് എങ്ങനെയാണെന്നു് ഇതിൽനിന്നു മനസ്സിലാക്കാം. സൂര്യന്റെ ചൂടുകൊണ്ടു ജലാശയങ്ങളിൽനിന്നു ജലം ആവിയായി ആകാശത്തിലേക്കു് ഉയരുന്നു. അങ്ങനെ ഉയരുന്ന നീരാവി തണുത്തു മേഘമായിത്തീരുന്നു. മേഘം കുറേക്കൂടി തണുക്കുമ്പോൾ മഴത്തുള്ളികളായി കീഴ്പോട്ടു വീഴുന്നു.

ബാല:—കടലിൽനിന്നു പൊങ്ങുന്ന നീരാവി അവിടെ തന്നെ വർഷിക്കാതെ കരയിൽവന്നു വർഷിക്കുന്നതു എന്തുകൊണ്ടാണ്?

രവി:—കടലിൽ വർഷിക്കുന്നില്ലെന്നു ആരു പറഞ്ഞു? കടലിലും വർഷിക്കും. മേഘങ്ങളെ കാററടിച്ചു കരയ്ക്കു കൊണ്ടുവരുമ്പോൾ കരയിലും വർഷമുണ്ടാകുന്നു. കാററുവഹിക്കുന്ന മേഘം എവിടെയെല്ലാം പോകുമോ, അവിടെയൊക്കെ വേണ്ടപോലെ തണുപ്പു തട്ടുമെങ്കിൽ മേഘം മഴയായി പൊഴിയും.

---

## പാഠം ൩൦.

# കിണറ്

നാണു:—ശങ്കു നീ കിണറു കണ്ടിട്ടുണ്ടോ?

ശങ്കു:—ഇതെന്തു ചോദ്യമാണ്? ഞാൻ പിന്നെ കിണറു കണ്ടിട്ടില്ലേ?

നാണു:—ശരി തന്നെ. എവിടെയാണു നീ കിണറു കണ്ടത്?

ശങ്കു:—ഞാൻ എന്റെ വീട്ടിലെ കിണറു കണ്ടിട്ടുണ്ടു. പള്ളിക്കൂടത്തിനകത്തുള്ള കിണറു കണ്ടിട്ടുണ്ടു. ഇവിടെ മിക്ക വീട്ടിലെ കിണറുകളും കണ്ടിട്ടുണ്ടു.

നാണു:—ഈ കിണറുകളൊക്കെ എന്തിനാണ്?

ശങ്കു:—വെള്ളം കോരികുടിക്കാൻ.

നാണു:—കിണററിൽ വെള്ളം എവിടെ നിന്നു വന്നു?

ശങ്കു:—ഭൂമിയുടെ അടിയിൽനിന്നു വന്നു.

നാണു:—ഭൂമിയുടെ അടിയിൽ വെള്ളം എവിടെനിന്നു വന്നു?

ശങ്കു:—അക്കാര്യം എനിക്കു അറിഞ്ഞുകൂട.

നാണു:—ആലോചിച്ചു നോക്കു. വെള്ളം എവിടെ നിന്നാണു വരുന്നതു്?

ശങ്കു:—വെള്ളം മേഘങ്ങളിൽനിന്നാണു വരുന്നതു്. അതു താഴെ വീണു്, മണ്ണിനടിയിൽ കൂടി കിണററിൽ വരുന്നതു് എങ്ങനെയാണെന്നു് എനിക്കു മനസ്സിലാകുന്നില്ല.

നാണു:—ഇരിക്കട്ടെ, മഴ പെയ്യുമ്പോൾ തറയിൽ വീഴുന്ന വെള്ളം എവിടെ പോകുന്നു?

ശങ്കു:—കുറേ വെള്ളം ഒഴുകി ആറുകളിലും തോടുകളിലും മററും ചെന്നു ചേരുന്നു. കുറേ ഒക്കെ മണ്ണിനടിയിൽ താണുപോകുന്നു.

നാണു:—ശരി, അതിൽ ഏതു വെള്ളമാണു കിണററിൽ വന്നതു്? ഒഴുകിപ്പോയ വെള്ളമോ തറയിൽ താണ വെള്ളമോ?

ശങ്കു:—ഒഴുകിപ്പോയ വെള്ളമായിരിക്കുകയില്ല. തറയിൽ താണ വെള്ളമായിരിക്കാനേ തരമുള്ളു.

നാണു:—ശരി. തറയിൽ താണ വെള്ളം തന്നെയാണു കിണററിൽ വരുന്നതു്.

ശങ്കു:—തറയിൽ താണ വെള്ളം എന്തുകൊണ്ടു പിന്നെയും താണു താണുപോകാതെ കിണററിൽ വന്നു നിറയുന്നു?

നാണു:—മണ്ണു പല തരമുണ്ടു്. ചില തരം മണ്ണിൽക്കൂടി വെള്ളം താഴും. ചിലതിൽക്കൂടി താഴുകയില്ല. മൺതരികൾ തമ്മിൽ ഇടതിങ്ങി, പലകപോലെ തട്ടായിരിക്കുന്ന തറയിൽ താഴുകയില്ല. മഴവെള്ളം കീഴ്പ്പോട്ടിറങ്ങി തട്ടുപോലെ കിടക്കുന്ന തറയിൽ ചെന്നു കെട്ടി നില്ക്കും. പാറപ്പുറത്തു വീഴുന്ന വെള്ളം കീഴ്പ്പോട്ടു പോകാതെ കെട്ടി നില്ക്കുകയോ, വല്ല ഭാഗത്തേയ്ക്കും ഒഴുകിപ്പോകുകയോ ചെയ്യുന്നതു നാം കണ്ടിട്ടുണ്ടല്ലോ. അതുപോലെ തന്നെ ഭൂമിയുടെ ഉള്ളിൽ പാറത്തട്ടുകളിലും മററും ചെന്നു ചേരുന്ന വെള്ളത്തിനു പിന്നെ കീഴ്പോട്ടുപോകാൻ മാർഗ്ഗമില്ലാതെ വരും. അങ്ങനെ വരുമ്പോൾ ആ വെള്ളം ഇടയകൽച്ചയോ വിടവോ ഉള്ള മണ്ണിൽക്കൂടി ഏതെങ്കിലും ഭാഗത്തേക്കു ഒഴുകും. അങ്ങനെ വരുന്ന ഉറവുകൾ വഴിയാണു കിണറുകളിൽ വെള്ളം വന്നുകൂടുന്നതു്.

ശങ്കു:—എനിക്കു് ഏതാണ്ടു മനസ്സിലായി എന്നു തോന്നുന്നു. താഴുവാൻ നിവൃത്തിയില്ലാത്ത മണ്ണിൽ ചെന്നാണു വെള്ളം കെട്ടിനില്ക്കുന്നതു്, അല്ലേ?

നാണു:—അതെ. കല്ലിലും പാറയിലും കളിമണ്ണിലും വെള്ളം താഴാതെ കെട്ടിനില്ക്കും. അവിടെനിന്നു് എങ്ങോട്ടെങ്കിലും ഒഴുകാൻ സൗകര്യമുണ്ടെങ്കിൽ

അങ്ങോട്ടു ഒഴുകുകയും ചെയ്യും. ചിലപ്പോൾ കുന്നുകളുടെ ചരിവിൽ നിന്നു വെള്ളം വാൎന്നുവരുന്നതു കണ്ടിട്ടില്ലേ? അതിനെ നാം ഉറവെന്നു പറയുന്നു.

ശങ്കു:—ഇങ്ങനെ ഉറവു വന്നാണോ നമ്മുടെ കിണററിലും വെള്ളം നിറയുന്നതു്?

നാണു:—അതേ. ഇറച്ചു വററിക്കുന്ന സമയം കിണററിൽ നോക്കിയാൽ അടിയിലും വശങ്ങളിലും നിന്നു വെള്ളം ഉറവരുന്നതു കാണാം.

---

പാഠം ൩൧.

# അഞ്ചൽ.

കൊച്ചുകൃഷ്ണൻ:—ജ്യേഷ്ഠാ, ഇന്നു തിരുവല്ലായിൽ നിന്നു അച്ഛന്റെ ഒരു എഴുത്തു വന്നു എന്നു് അമ്മ പറഞ്ഞല്ലോ. ആരുടെ കൈയിലാണു് അച്ഛൻ എഴുത്തു കൊടുത്തയച്ചതു്?

രാമൻകുട്ടി:—ആരുടെയും കൈയിൽ കൊടുത്തയച്ചതല്ല. എഴുത്തു് അഞ്ചലിൽ വന്നതാണു്.

കൊ:—അഞ്ചൽ എന്നുവച്ചാൽ എന്താണു്?

രാ:—അതു പറഞ്ഞുതരാം. തിരുവല്ലായിലുള്ള ഒരാൾക്കു ഈ തക്കലെയുള്ള സ്നേഹിതനു ഒരു എഴുത്തു

അയയ്ക്കണമെങ്കിൽ എങ്ങനെ അയയ്ക്കുമെന്നാണു നീ വിചാരിക്കുന്നതു്?

കൊ:— അയാൾ എഴുത്തെഴുതി ഒരാളുടെ പക്കൽ കൊടുത്തു് ഇവിടെ അയയ്ക്കും.

രാ:— അങ്ങനെ ആയാൽ, തിരുവല്ലായിലുള്ള പല ആളുകൾക്കും തങ്കലയ്ക്കു് എഴുത്തു് അയയ്ക്കേണമെങ്കിൽ വളരെ ആളുകൾ ശ്രമപ്പെടേണ്ടിവരുമല്ലോ. അതുമിരിക്കട്ടെ. എഴുത്തും കൊണ്ടു തിരുവല്ലായിൽനിന്നു് ഒരാൾ ഇവിടെ വന്നു തിരിച്ചു പോകണമെങ്കിൽ നാലഞ്ചു രൂപായെങ്കിലും ചെലവാകേണ്ടേ? അതു് എല്ലാവർക്കും കഴിയുമോ?

കൊ:— ഇതെല്ലാം ശരിതന്നെ. പക്ഷേ ഇങ്ങനെയല്ലാതെ പിന്നെ ഏതുവിധത്തിൽ എഴുത്തുകൊടുത്തയയ്ക്കാം?

രാ:— തങ്കലേയ്ക്കുള്ള എഴുത്തുകളെല്ലാം കൊണ്ടുവരുന്നതിനു തിരുവല്ലായിലുള്ള ആളുകൾ കൂലി കൊടുത്തു് ഒരു ആളെ ഏർപ്പെടുത്തിയാൽ പോരേ?

കൊ:— അതും മതി. അങ്ങനെ ആയാൽ ചെലവിനും വളരെ കുറവുണ്ടു്. തിരുവല്ലാക്കാർ ഇങ്ങനെ ഒരാളെ ഏർപ്പെടുത്തിയിട്ടുണ്ടോ?

രാ:— തിരുവല്ലായിൽനിന്നു് എഴുത്തുകൾ കൊണ്ടുവരുന്നതിനു് ആൾ ഉണ്ടു്. ആ ആളിനു ശമ്പളം കൊടുക്കുന്നതു സർക്കാരാണു. തിരുവല്ലാക്കാരല്ല.

കൊ:— അങ്ങനെയാണെങ്കിൽ തിരുവല്ലായിൽ നിന്നു ഒരാൾ ദിവസവും തങ്കലെ വരികയും, തിരികെ പോകയും ചെയ്യുന്നുണ്ടോ?

ഉ: — തിരുവല്ലായിൽനിന്നു തകഴിയ്ക്കു ആറു നാഴികയിൽ കൂടുതൽ ദൂരമുണ്ടു. അതിനാൽ ഒരാൾ അവിടെ നിന്നു ദിവസവും ഇവിടെ വരെ വന്നുപോകാൻ സാധിക്കുന്നതല്ലല്ലോ. തിരുവല്ലായിൽ നിന്നു എഴുത്തുംകൊണ്ടു പുറപ്പെടുന്ന ആൾ ആറു മൈൽ തെക്കുള്ള ചെങ്ങന്നൂർ വരെ വരും. ആ ആളിനെ അഞ്ചലോട്ടക്കാരൻ എന്നാണു പറയുന്നതു. അവിടെ നിന്നു തെക്കോട്ടു കൊണ്ടുപോകാനായി ആ എഴുത്തുകെട്ടു് അയാൾ വേറൊരു ഓട്ടക്കാരനെ ഏല്പിക്കും. അതിന്റെ ശേഷം, അയാൾ തിരുവല്ലായ്ക്കു വെറുതെ പോകയില്ല. തിരുവല്ലായ്ക്കു് അയയ്ക്കാൻ ചെങ്ങന്നൂർ ശേഖരിച്ചു വച്ചിട്ടുള്ള എഴുത്തുകൾ എടുത്തുകൊണ്ടാണ് അയാൾ തിരുവല്ലായ്ക്കു പോകുന്നതു്. എഴുത്തുകൾ ശേഖരിച്ചു് അയയ്ക്കുന്ന സ്ഥലത്തിനു് അഞ്ചലാഫീസു എന്നു പറയും. ചെങ്ങന്നൂർ അഞ്ചലാഫീസിൽനിന്നു് ഓടുന്ന ഓട്ടക്കാരനും തകഴിവരെ വരുന്നില്ല. ബസ്സും തീവണ്ടിയും എത്തുന്ന സ്ഥലങ്ങളിൽ ഓട്ടക്കാർ വേണമെന്നില്ല. ചുമതലക്കാരനായി ഒരാൾ മാത്രം കൂടെയുണ്ടായിരുന്നാൽ മതി. ഇടയ്ക്കു പല അഞ്ചലാഫീസുകളും ഉണ്ടു്. ഓരോ സ്ഥലങ്ങളിൽ ശേഖരിച്ചിട്ടുള്ള എഴുത്തുകളും കെട്ടുകളും ഈ ചുമതലക്കാരൻ മേൽവിലാസത്തിൽ പറയുന്ന ആഫീസുകളിൽ ഏല്പിക്കുന്നു. ഇടയ്ക്കിടയ്ക്കു കൊടുക്കേണ്ട എഴുത്തുകൾ തിരുവല്ലായ്ക്കും തകഴിയ്ക്കും മദ്ധ്യേ പല സ്ഥലത്തേക്കുള്ളവയാണ്.

കോ:—അഞ്ചലാഫീസിൽ എഴുത്തുവന്നാൽ അതു നമ്മൾ അവിടെ ചെന്നു വാങ്ങണം, അല്ലേ?

രാ:—അല്ല. എഴുത്തു കിട്ടേണ്ട ആളുകൾക്ക് അതു കൊണ്ടുചെന്നു കൊടുക്കാൻ ആഫീസിൽ ശിപ്പായിമാർ ഉണ്ടു.

കോ:—ഓരോ എഴുത്തും ആർക്കാർക്കു കൊടുക്കണമെന്നു അഞ്ചൽശിപ്പായിമാർ എങ്ങനെ അറിയും?

രാ:—എഴുത്തു കിട്ടേണ്ട ആളിന്റെ പേരും വാസസ്ഥലം മററു വിവരങ്ങളും എഴുത്തിന്റെ പുറത്ത് എഴുതിയിരിക്കും. ഇതിനു മേൽവിലാസമെന്നാണു പറയുന്നത്. ഇന്നു വന്ന എഴുത്തിന്റെ മേൽവിലാസം തന്നെ ഇതാ നോക്കു.

| |
|---|
| മ. രാ. രാ. ശ്രീ. |
| കെ. രാമൻപിള്ള അവർകൾ, |
| പനവിളാകത്തുവീട്, |
| ആശുപത്രിക്കു സമീപം, |
| തക്കല. |

കോ:—മനസ്സിലായി.

രാ:—എന്നാൽ ഒരു സംഗതികൂടി പറയാനുണ്ടു്. തിരുവല്ലായിൽനിന്നു അഞ്ചലോട്ടക്കാരൻ പുറപ്പെടുമ്പോൾ അവന്റെ കെട്ടിൽ പല സ്ഥലങ്ങളി

ലേക്കും എഴുത്തുകൾ ഉണ്ടായിരിക്കും. ഈ എഴുത്തുകൾ എല്ലാം ഓട്ടക്കാരൻ ചെങ്ങന്നൂർ ആഫീസിൽ കൊണ്ടുചെന്ന് ഏൽപ്പിക്കുന്നു. ചെങ്ങന്നൂരുള്ള മേൽവിലാസക്കാർക്ക് കൊടുക്കേണ്ട എഴുത്തുകൾ അവിടെ എടുത്തുവച്ചുകൊള്ളും. അപ്പോൾ തെക്കോട്ടേക്കുള്ള എഴുത്തുകൾ എല്ലാം തക്കലെയ്ക്കുള്ള എഴുത്തുകളുടെ കൂട്ടത്തിൽ ചെങ്ങന്നൂർ നിന്നു കൊണ്ടുപോകും. അങ്ങനെ ആഫീസുകൾ തോറും അവിടവിടെ എടുക്കാനുള്ള എഴുത്തുകൾ എടുത്തുവയ്ക്കുന്നു. ശേഷമുള്ള എഴുത്തുകൾ അടുത്ത ആഫീസുകളിലേക്കു ഓരോ ആപ്പീസുകാരും അയച്ചുകൊടുക്കുന്നു. ഇങ്ങനെ തക്കലെ വരുമ്പോൾ, ഇവിടെ കൊടുക്കാനുള്ള എഴുത്തുകൾ ഇവിടെ എടുത്തുവച്ച് അഞ്ചൽ ശിപായി മേൽവിലാസക്കാർക്കു കൊടുക്കുകയാണ്. ഇടയ്ക്കുള്ള ആഫീസുകളിൽ എടുത്തുവച്ച എഴുത്തുകൾ അവിടവിടെ അഞ്ചൽശിപായികൾ മേൽവിലാസക്കാർക്കു കൊടുക്കുന്നു.

കൊ:—ഇങ്ങനെ നമ്മുടെ എഴുത്തുകൾ കൊണ്ടുപോകുന്നതിനു നമ്മൾ സർക്കാരിലേക്കു ഒന്നും കൊടുക്കേണ്ടതില്ലയോ?

രാ:—ഉണ്ട്. ഇതാ ഈ കൂട്ടിൻെറ പുറത്ത് ഒരു സ്റ്റാമ്പ് ഒട്ടിച്ചിരിക്കുന്നതു നോക്കൂ. ഈ അഞ്ചൽസ്റ്റാമ്പു സർക്കാരിൽനിന്ന് ഉണ്ടാക്കി വിൽക്കുന്നതാണ്. ഇതിന് ഒരു ചക്രമാണ് വില. നാം ഈ സ്റ്റാമ്പ്

വാങ്ങി ഒട്ടിച്ചുവേണം എഴുത്തു് അഞ്ചലിൽ ഏല്പിക്കുവാൻ.

കൊ:—എത്ര ദൂരത്തു് എഴുത്തയയ്ക്കുന്നതിനും ഒരു ചക്രത്തിന്റെ സ്റ്റാമ്പു മതിയാകുമോ?

രാ:—മതിയാകും. ദൂരം കൂടുന്നതുകൊണ്ടോ കുറയുന്നതുകൊണ്ടോ സ്റ്റാമ്പിന്റെ വിലയിൽ ഭേദമില്ല. എന്നാൽ എഴുത്തിന്റെ തൂക്കം കൂടുന്നതനുസരിച്ചു് കൂടുതൽ വിലയ്ക്കു സ്റ്റാമ്പു് ഒട്ടിക്കണം. കഴിഞ്ഞ മാസത്തിൽ അച്ഛൻ അയച്ച ഒരു എഴുത്തിന്മേൽ കൂടുതൽ സ്റ്റാമ്പു് ഉണ്ടായിരുന്നു. എട്ടുകാശു കൊടുത്തു് അഞ്ചലാഫീസിൽ നിന്നു വാങ്ങുന്ന കാർഡുകളിലും എഴുത്തു് അയയ്ക്കാവുന്നതാണു്. കാർഡിന്മേൽത്തന്നെ സ്റ്റാമ്പു് അച്ചടിച്ചിരിക്കും.

കൊ:—നമുക്കു ഇവിടെ കിട്ടുന്ന എഴുത്തിലേ സ്റ്റാമ്പു് എടുത്തു് സൂക്ഷിച്ചാൽ അച്ഛനു മറുപടി അയയ്ക്കാനും ഉപയോഗിക്കാമല്ലോ.

രാ:—അതു പാടില്ല. എഴുത്തു് അഞ്ചലാഫീസിൽ കിട്ടിയാൽ ഉടനേ അഞ്ചലാഫീസുകാർ സ്റ്റാമ്പിന്മേൽ ഒരു മുദ്ര അടിക്കും. അങ്ങനെ മുദ്ര പതിഞ്ഞ സ്റ്റാമ്പു വീണ്ടും എഴുത്തയയ്ക്കാൻ ഉപയോഗിച്ചുകൂട. അങ്ങനെ ചെയ്യുന്ന ആളുകളെ കണ്ടുപിടിച്ചു സർക്കാരിൽനിന്നു ശിക്ഷിക്കയും ചെയ്യും.

---

പാഠം ൩൨.

# വാഹനങ്ങൾ.

കരയിലും വെള്ളത്തിലും സഞ്ചരിക്കുന്നതിനു മനുഷ്യർ പല മാതിരി വാഹനങ്ങൾ ഉപയോഗിക്കുന്നു. ആദികാലത്തു കുതിര, കഴുത, ഒട്ടകം മുതലായ മൃഗ




ങ്ങളുടെ പുറത്തു കയറി സഞ്ചരിച്ചുവന്നു. പിന്നീടു വണ്ടികൾ ഉണ്ടാക്കി, കാള, കുതിര മുതലായ മൃഗങ്ങളെക്കൊണ്ടു്




അവയെ വലിപ്പിച്ച് മനുഷ്യർ സഞ്ചാരം തുടങ്ങി. ഇന്നത്തെ ചക്കടാവണ്ടിപോലുള്ള വണ്ടികളായിരിക്കും അവർ ആദ്യം ഉണ്ടാക്കിയതു്. ഇപ്പോൾ നമുക്ക് എത്ര തന്നെ മോശമെന്നു തോന്നിയാലും ആ വണ്ടികൾ അന്നത്തെ ആളുകൾക്കു വളരെ ഭംഗിയുള്ളവയായി തോന്നിയിരിക്കും.

നാലു ചക്രങ്ങളുള്ള സാരട്ടു വണ്ടികൾ വളരെ സുഖമായ സഞ്ചാരത്തിനു കൊള്ളാം. ചക്രത്തിന്മേൽ



ഇരുമ്പുപട്ടയ്ക്കു പകരം റബ്ബർപട്ട കുറച്ചുകാലമായി കണ്ടു പോരുന്നു. റബ്ബർപട്ട ഇട്ട വണ്ടികൾക്കു കുലുക്കം കുറയുമെന്നുള്ളതിനാൽ അവ കൂടുതൽ സുഖകരങ്ങളാണു്.



മനുഷ്യർ തോളിൽ ചുമന്നുകൊണ്ടു പോകുന്ന മഞ്ചൽ, മേനാവ്, പല്ലക്ക് എന്നിങ്ങനെയുള്ള വാഹനങ്ങളും ഓരോ കാലത്തു മനുഷ്യർ ഉപയോഗിച്ചിട്ടുണ്ടു. ആ മാതിരി വാഹനങ്ങൾ ഇപ്പോഴും ഇല്ലെന്നില്ല. വണ്ടി പോകുന്നതിനു പ്രയാസമുള്ള മലംപ്രദേശങ്ങളിലും മററും ആണ് ആ മാതിരി വാഹനങ്ങൾ ഇപ്പോൾ അധികമായി ഉപയോഗിക്കുന്നതു.

മനുഷ്യർ തന്നെ വലിച്ചുകൊണ്ടു പോകുന്നതായി റിക്ഷാ എന്നു പേരുള്ള ഒരു തരം വണ്ടി ഉണ്ടു്. കയററവും ഇറക്കവും അധികമില്ലാത്ത പ്രദേശങ്ങളിലാണു് റിക്ഷാവണ്ടികൾ പ്രയാസം കൂടാതെ വലിച്ചുകൊണ്ടു പോകാവുന്നതു. കൊച്ചി, ആലപ്പുഴ, കൊല്ലം മുതലായ സമതലപ്രദേശങ്ങളിൽ ആ മാതിരി വണ്ടികൾക്കു് അധികം പ്രചാരമുണ്ടു്.

വെള്ളം തിളപ്പിച്ചു് ആവിയാക്കി ആവിയുടെ ശക്തികൊണ്ടു ചക്രങ്ങൾ ചുററിക്കാമെന്നു് 'ജേംസ്‌വാട്ട്' എന്നൊരു വിദ്വാൻ കണ്ടുപിടിച്ചു. ഒരു കലത്തിൽ മുക്കാൽ ഭാഗം വെള്ളം നിറച്ചു് അടുപ്പത്തു വയ്ക്കുക. ഘനം കുറഞ്ഞ ഒരു ചട്ടികൊണ്ടു കലം അടയ്ക്കണം. വെള്ളം തിളയ്ക്കുമ്പോൾ മുകളിൽ വച്ചിരിക്കുന്ന ചട്ടി പൊങ്ങുകയും താഴുകയും ചെയ്യുന്നതു കാണാം. ചൂടു നിമിത്തം കലത്തിനകത്തുള്ള വെള്ളം ആവിയാകുന്നു. ആ ആവി മേൽപോട്ടു തള്ളുന്നതിനാൽ ആണു ചട്ടി ഇളകുന്നതു്. ഒരു വസ്തുവിനെ ചലിപ്പിക്കുന്നതിനു് ആവിക്കു

ശക്തിയുണ്ടെന്നു് ഇതിൽനിന്നു മനസ്സിലാക്കാം. ഈ ശക്തി പ്രയോഗിച്ചു വണ്ടിയുടെ ചക്രങ്ങളെ ചുററിക്കാം. ആവിയുടെ ശക്തികൊണ്ടു് ഓടുന്ന വണ്ടിയുടെ പിറകിൽ ഒരു



ചക്കടാവണ്ടി തൊടുത്തി എന്നിരിക്കട്ടെ; മുൻപിൽ നിൽക്കുന്ന വണ്ടി നീങ്ങിത്തുടങ്ങുമ്പോൾ പിറകേ ചക്കടാവണ്ടിയും നീങ്ങിക്കൊള്ളും. അങ്ങനെ, മുൻപിൽ ആവികൊണ്ടു നീങ്ങുന്ന ഒരു വണ്ടിയും, അതിനെത്തുടർന്നു് ഒന്നിനു പുറകേ ഒന്നായി കൊളുത്തി ഇട്ടിരിക്കുന്ന പല വണ്ടികളും ചേർന്നുള്ള ആവിവണ്ടി നാം പലതും കണ്ടിട്ടുള്ളതാണു്. കുതിരയെ പൂട്ടിയ വണ്ടി ഒരു മണിക്കൂറിൽ പന്ത്രണ്ടു മൈൽ ഓടുമായിരിക്കാം. പക്ഷേ രണ്ടോ മൂന്നോ മണിക്കൂർ ഓടിയാൽ കുതിരകൾ തളർന്നു പോകും; എന്നാൽ ആവിവണ്ടി ഒരു മണിക്കൂറിൽ ൧൫

൱ മുതൽ മൈൽവരെ ഓടിക്കാവുന്നതാണു്. പത്തു വണ്ടികൾ ചേൎന്ന ഒരു ആവിവണ്ടിയിൽ അഞ്ഞൂറിൽ പരം യാത്രക്കാൎക്കു സഞ്ചരിക്കയും ചെയ്യാം.


ചവിട്ടുവണ്ടി അല്ലെങ്കിൽ സൈക്കിൾ എന്ന വാഹനം ഇപ്പോൾ സാധാരണയായിട്ടുണ്ടു്. ഒരാൾക്കു മാത്രമേ സൈക്കിളിൽ ഒരു സമയത്തു സഞ്ചരിക്കുന്നതിനു കഴികയുള്ളു. അതിൽ കയറി സവാരി ചെയ്യുന്നതിനു പ്രത്യേകമായി പരിചയിക്കുകയും വേണം.




PRESENTED BY:

മോട്ടാർകാർ നമ്മുടെ രാജ്യത്തു വന്നിട്ടു് ഏതാനും വൎഷങ്ങളേ ആയിട്ടുള്ളു. മോട്ടാർകാറുകളും ആവിയുടെ ശക്തികൊണ്ടാണു് ഓടുന്നതു്. എന്നാൽ മോട്ടാർ ഓടിക്കാൻ ഉപയോഗപ്പെടുത്തുന്ന 'ആവി' ഉണ്ടാകുന്നതു വെള്ളത്തിൽ നിന്നല്ല. അതു മണ്ണെണ്ണപോലെയുള്ള ഒരു മാതിരി എണ്ണയിൽ നിന്നാണു്. ഇതിനു 'പെട്രോൾ' എന്നു പേർ പറയുന്നു. പെട്രോളിനു മണ്ണെണ്ണയെക്കാൾ കൂടുതൽ ശക്തിയുണ്ടു്. ഒരു മോട്ടാർകാറിൽ അഞ്ചെട്ടു് ആളുകൾക്കു മാത്രമേ ഒരു സമയം കയറി സഞ്ചരിക്കാൻ പാടുള്ളു. വലിയ തരം മോട്ടാർവണ്ടികൾക്കു ബസ്സുകൾ

എന്നു പറയും. നാല്പതു് ആളുകഠം വരെ കയറുന്ന ബസ്സുകഠം ഈ ദിക്കിൽ കാണാം. മോട്ടാർകാറുകഠം മണിക്കൂറിൽ ൨൦ മൈൽ മുതൽ ൪൦ മൈൽ വരെ വേഗത്തിൽ ഓടും. ബസ്സുകഠം മണിക്കൂറിൽ പതിനഞ്ചു മൈലിൽ അധികം ഓടിക്കാറില്ല.



കരയ്ക്കുകൂടി സഞ്ചരിക്കാനുള്ള വാഹനങ്ങളെപ്പററിയാണല്ലോ ഇതുവരെ പറഞ്ഞതു്. വെള്ളത്തിൽക്കൂടി സഞ്ചരിക്കുന്നതിനും പല മാതിരി വാഹനങ്ങഠം കണ്ടുപിടിച്ചിട്ടുണ്ടു. അവ വള്ളം, ബോട്ടു്, കപ്പൽ മുതലായവ ആണു്. കൈകൊണ്ടു തുഴഞ്ഞോ, നീളമുള്ള കഴകഠം കൊണ്ടു് ഊന്നിയോ ആണു് വള്ളം നടത്തുന്നതു്.




രാജാക്കന്മാരും പ്രഭുക്കന്മാരും തണ്ടു വച്ച വള്ളങ്ങളിലും ബോട്ടുകളിലും സഞ്ചരിച്ചുവന്നു. പായ കെട്ടിയ വള്ളങ്ങൾ നിങ്ങളിൽ ചിലരെങ്കിലും കണ്ടിരിക്കാം. പായിൽ കാററ് അടിക്കുമ്പോൾ വള്ളം നീങ്ങിക്കൊള്ളും. കാററു വീശാത്തപ്പോൾ പായ കെട്ടുന്നതുകൊണ്ടു ഫലമില്ല.



ആവിയുടെ ശക്തികൊണ്ട് ഓടുന്ന ബോട്ട്, കപ്പൽ മുതലായവയും ഇപ്പോൾ ധാരാളം ഉണ്ട്. അവയെ കാററിന്റെ സഹായം കൂടാതെ എപ്പോഴും ഓടിക്കാം. അവ വളരെ ശീഘ്രമായി ഓടുകയും ചെയ്യും.

സമുദ്രത്തിന്റെ അടിയിൽക്കൂടി സഞ്ചരിക്കുന്ന ഒരു മാതിരി കപ്പലുകളും അടുത്ത കാലത്തു നിർമ്മിച്ചിട്ടുണ്ട്

അവയെ യുദ്ധത്തിനാണ് സാധാരണമായി ഉപയോഗിക്കുന്നതു്. അവ വെള്ളത്തിന്റെ അടിയിൽക്കൂടി സഞ്ചരിച്ചു ശത്രുക്കളുടെ കപ്പലുകളുടെ സമീപത്തിൽ ചെന്നു പൊങ്ങി അവയെ നശിപ്പിക്കുന്നു.



ആകാശത്തിൽ സഞ്ചരിക്കുന്നതിനുള്ള വാഹനങ്ങളും ഇപ്പോൾ ധാരാളമായിട്ടുണ്ടു്. അവയെ ആകാശക്കപ്പൽ അല്ലെങ്കിൽ വിമാനം എന്നു വിളിക്കുന്നു. പെട്രോളിൽനിന്നു് എടുക്കുന്ന വാതകം ഉപയോഗിച്ചു തന്നെയാണു് ആകാശക്കപ്പലുകൾ നടത്തുന്നതും. മററു വാഹനങ്ങളെക്കാൾ വളരെ കൂടുതലായ വേഗം വിമാനത്തിനു് ഉണ്ടു്. ഇംഗ്ലണ്ടിൽനിന്നും ഇൻഡ്യയിൽ എത്തുന്നതിനു് ആകാശക്കപ്പലിനു് ഒരു ആഴ്ച മതിയാകും. എന്നാൽ



അത്രയും ദൂരം സഞ്ചരിക്കാൻ ആവിക്കപ്പലിന്നു് മൂന്നു് ആഴ്ചയും പാക്കപ്പലിന്നു മൂന്നു മാസവും വേണം.

പാഠം ൩൩.

## ഏഷണികൊണ്ടുള്ള ദോഷം.

പണ്ടൊരു കുറുനരി തിന്മാനുള്ളതു
തെണ്ടിനടന്നു മനസ്സും മുട്ടി
കണ്ടകമുള്ള വനങ്ങളിലെല്ലാം
മണ്ടിനടന്നു തളർന്നു ശരീരം

കണ്ടാനൊരു ദിശി നല്ല കരിമ്പുക-
ളുണ്ടാക്കിപ്പല വേലികൾ കെട്ടി
കാത്തു കിടപ്പാൻ പുരയും കെട്ടി
പാർത്തീടുന്നൊരു നായരുമുണ്ടു്.

കേളച്ചാരെന്നവനുടെ പേരും
കേട്ടു ഗ്രഹിച്ചു കുറുനരിയൊരു നാൾ
കേളച്ചാരൊടു ചെന്നു പറഞ്ഞു
"കേളച്ചാ! ഞാനുരചെയ്യുന്നതു്

നാളെപ്പുത്തു വെളുപ്പിനു മുൻപേ
കോളല്ലാത്തൊരു ദൂഷണമുണ്ടാം.
കാട്ടിൽ നടക്കുമൊരാനത്തലവൻ
കേട്ടു കരിമ്പുകളുള്ള വിശേഷം;

രക്ഷിച്ചിവിടെ വളർത്ത കരിമ്പുകൾ
ഭക്ഷിപ്പാനായ് വരുമത്തടിയൻ

രക്ഷിക്കുന്നോരു തന്നെക്കൂടെ
ബ് ഭക്ഷിക്കാതെയടങ്ങുകയില്ല"

അതു കേട്ടപ്പോൾ നേരെന്നോർത്തോരു
മുതുകേളച്ചാരൊന്നു വിരണ്ടു.

"കുറുതായുള്ളോരു കൗശലമുണ്ടിഹ
കുറുനരി! ഞാനതു ബോധിപ്പിക്കാം:

അമ്പുകൾ ചുട്ടു പഴുപ്പിച്ചെയ്താൽ
കുംഭിത്തലവനെയിന്നു വധിക്കാം"

എന്നതു കേട്ടഥ കേളച്ചാരതു
നന്നെന്നോർത്തുടനവിടെപ്പാർത്താൻ

കുറുനരി ചെന്നക്കരിവരനോട-
ങ്ങറിയിച്ചാനതു സമയം തന്നെ.

"കരിമ്പു തിന്മാൻ കരിവരനുള്ളിൽ
ത്തരിമ്പു മോഹമതുണ്ടെന്നാകിൽ

തരം വരുത്താം പഞ്ഞു വെള്ളപ്പിനു
വരമ്പിനുള്ളിൽ ചെന്നാലവിടെ

കരിമ്പു കാണാമായതു തുമ്പി-
ക്കരത്തിലാക്കിത്തിന്നു മുടിപ്പാ-

നൊരുമ്പെടേണം നീയിഹ, ഞാനു-
ണ്ടകമ്പടിക്കായ് മുന്നിൽ നടപ്പാൻ."

ഇത്തരമുര ചെയ്തീടിന കുറുനരി
മത്തഗജത്തെക്കൊണ്ടുവരുമ്പോൾ

"പ്രത്തൻപത്തു ദിവസത്തിന്ന ഭക്ഷണ-
മിത്തടിയന്റെ ശരീരം മതിയാം.

ഇത്തൊഴിൽ നല്ല കണക്കിന്ന കൂടി
കേളച്ചാരുടെ തടികൊണ്ടിന്നും

നാളേക്കും തടവില്ല ഭുജിപ്പാൻ"
എന്നു വിചാരിച്ചവനും തെളിവൊടു

ചെന്നൊരു ദിക്കിലൊളിച്ചഥ നിന്നാൻ.
വന്നുടനാന കരിമ്പു തകൎത്തഥ

തിന്നു തുടന്നൊരു സമയേ കേളൻ
ചുട്ടു പഴുത്തൊരു ശരവും വില്ലും

വട്ടംകൂട്ടിപ്പാതിരനേരം
പുററുമ്മേലൊരു കാലും വച്ചഥ

തെറെറന്നക്കണ വിട്ടൊരുനേരം
മസ്തകഭാഗേ ബാണംകൊണ്ടൊരു

മത്തകരീന്ദ്രൻ ചത്തുമറിഞ്ഞു.
വൻപനതാകിയ കേളച്ചാരെ

പാമ്പു കടിച്ചുടനവനും ചത്തു.
പത്തിപ്പുറമേ വില്ലിൻമുനയത്തു

കുത്തുകയാലപ്പാമ്പും ചത്തു.
ഒക്കച്ചെത്തതു കണ്ടു പ്രസാദി-

ച്ചക്കുറുനരിയരികെച്ചെന്നുടനേ
അക്കുലവില്ലിൻ മുനമേലുള്ളൊരു

രക്തം ചെന്നഥ നക്കുന്നേരം
പല്ലുകൾ തട്ടി മുറിഞ്ഞിതു ഞാണും
വില്ലു നിവൎന്നുടനവനുടെ വായിൽ
കൊണ്ടുകരേറിക്കുറുനരി ഭോഷൻ
രണ്ടു പിളൎന്നുടനവനും ചത്തു.
ഏഷണിയുള്ളവനിങ്ങനെ വരുമത്ര
ദോഷങ്ങളിലതിദോഷം നിയതം.

[ഘോഷയാത്ര]

---

പാഠം ൩൪.

## സത്യം.

ഒരു പള്ളിക്കൂടത്തിൽ രാമകൃഷ്ണൻ എന്നു് ഒരു കുട്ടി പഠിച്ചിരുന്നു. അയാൾക്കു് ചിത്രങ്ങൾ എഴുതുന്നതിൽ വളരെ ഉത്സാഹവും സാമൎത്ഥ്യവും ഉണ്ടായിരുന്നു. ഒരിക്കൽ ഇൻസ്പെക്ടർ പള്ളിക്കൂടത്തിൽ ചെന്നപ്പോൾ അഞ്ചാം ക്ലാസ്സിലെ കുട്ടികളോടു് ഇങ്ങനെ പറഞ്ഞു: "ഞാൻ ഇനി വരുമ്പോൾ ഏററവും ശരിയായും വൃത്തിയായും പടം വരയ്ക്കുന്ന കുട്ടികൾക്കു് സമ്മാനം കൊടുക്കുന്നതാണു്." ആ ക്ലാസ്സിലെ കുട്ടികളിൽ പലരും ഈ സമ്മാനത്തിനായി ഉററു ശ്രമിച്ചു. രാമകൃഷ്ണനു സമ്മാനം കിട്ടുമെന്നു് എല്ലാവരും വിചാരിച്ചു. പക്ഷേ രോഗം പിടിപെട്ടു് ഒന്നുരണ്ടു മാസം കിടപ്പായിപ്പോയതുകൊണ്ടു് അയാൾക്കു മററുള്ളവരെപ്പോലെ പടം വരച്ചു

പരിചയിക്കാൻ സാധിച്ചില്ല. എങ്കിലും രോഗം ഭേദമായി തിരിയെ വന്നതിന്റെ ശേഷം അവൻ കഴിയുന്നതും ശ്രമിക്കാതിരുന്നില്ല.

ഏഴാം ക്ലാസ്സിൽ പഠിച്ചിരുന്ന കുഞ്ചൻ എന്ന കുട്ടി ഒരു ദിവസം രാമകൃഷ്ണന്റെ വക പടമെഴുത്തുപുസ്തകം പിശകായി എടുത്തുകൊണ്ടുപോയി. തന്റെ പുസ്തകമാണെന്നു വിചാരിച്ചു കുഞ്ചൻ അതിൽ ഇൻഡ്യയുടെ ഒരു പടം വരച്ചു. താൻ പടമെഴുതിയ പുസ്തകം തന്റേതല്ലെന്നു മനസ്സിലായപ്പോൾ കുഞ്ചൻ അതു രാമകൃഷ്ണനു തിരിച്ചുകൊടുക്കുകയും ചെയ്തു. പിന്നീടു രാമകൃഷ്ണൻ ഇൻഡ്യയുടെ ഒരു പടവും മററു പല പടങ്ങളും അതിൽ തന്നെ വരച്ചു.

ഇൻസ്പെക്ടർ രണ്ടാമതും വന്നു. അദ്ദേഹം പതിവുപോലെയുള്ള പരിശോധനകൾ കഴിച്ചതിന്റെ ശേഷം അഞ്ചാം ക്ലാസ്സിലെ കുട്ടികൾ പടം വരച്ചിട്ടുള്ള പുസ്തകങ്ങൾ താമസസ്ഥലത്തു കൊണ്ടുപോയി പ്രത്യേകം നോക്കി. അദ്ദേഹം പിറേറ ദിവസം ക്ലാസ്സിൽവന്നു് ഇപ്രകാരം പറഞ്ഞു: "ഈ ക്ലാസ്സിലെ കുട്ടികൾ വരച്ചിട്ടുള്ള പടങ്ങൾ എല്ലാം വൃത്തിയായിരിക്കുന്നു. എന്നാൽ രാമകൃഷ്ണനും കൃഷ്ണസ്വാമിയും വരച്ചിട്ടുള്ള പടങ്ങൾ ഈ കൂട്ടത്തിൽ പ്രത്യേകം വിശേഷമായിട്ടുള്ളവയാണു്. ഇവരിൽ മെച്ചം ആർക്കാണു് എന്നു നിശ്ചയിക്കാൻ ഞാൻ വളരെ പ്രയാസപ്പെട്ടു. എങ്കിലും ആകപ്പാടെ കൃഷ്ണസ്വാമി വരച്ചിട്ടുള്ള പടങ്ങൾ ആണു് കുറേക്കൂടെ മെച്ചമായിരിക്കുന്നതെന്നു തോന്നി. എന്നാൽ രാമകൃഷ്ണന്റെ ബുക്കിൽ

കണ്ട ഇൻഡ്യയുടെ പടം പ്രത്യേകിച്ചും നന്നായിരിക്കുന്നു. അതിനാൽ സമ്മാനം അയാൾക്കു കൊടുക്കണമെന്നു ഞാൻ തീർച്ചയാക്കി.”

അപ്പോൾ രാമകൃഷ്ണൻ ഇൻസ്പെക്ടറോട്, ‘ആ പടം ഒന്നു നോക്കുവാൻ അനുവദിക്കുമോ’ എന്നു വിനയപൂർവം ചോദിച്ചു. “അതിനെന്താണ്? ഇതാ നോക്കൂ,” എന്നു പറഞ്ഞ് അദ്ദേഹം കൃഷ്ണൻ വരച്ചിരുന്ന പടം അവനെ കാണിച്ചു. രാമകൃഷ്ണൻ അതു നോക്കിട്ടു ‘ഇതു ഞാൻ വരച്ചതല്ല; ഏഴാം ക്ലാസ്സിലെ കൃഷ്ണൻ പിശകായി എന്റെ ബുക്ക് എടുത്തു വരച്ചതാണ്’’ എന്നു പറഞ്ഞു. ഇൻസ്പെക്ടർ രാമകൃഷ്ണന്റെ സത്യനിഷ്ഠയെക്കുറിച്ചു ശ്ലാഘിച്ചു ക്ലാസ്സിൽ പറഞ്ഞശേഷം, സമ്മാനം കൃഷ്ണസ്വാമിക്കു കൊടുത്തു.

അന്നു പള്ളിക്കൂടം വിട്ടതിൽ പിന്നെ ചില കുട്ടികൾ രാമകൃഷ്ണനെ ആക്ഷേപിച്ചു സംസാരിച്ചു. ‘അയാൾക്കു മിണ്ടാതെ ഇരിക്കുവാൻ പാടില്ലായിരുന്നോ? ചോദിച്ചാൽ കള്ളം പറയരുതെന്നല്ലാതെ വലിഞ്ഞു കയറി ചെന്നു പറയണമെന്നുണ്ടോ?’’ എന്നൊക്കെ ആയിരുന്നു അവരുടെ വാദം.

ഇതെല്ലാം കേട്ടിട്ട് “വാക്കു കൊണ്ടാകട്ടെ പ്രവൃത്തി കൊണ്ടാകട്ടെ മൗനം കൊണ്ടാകട്ടെ ചതിവു ചെയ്യുന്നതു ശരിയല്ല” എന്നു തന്നെ രാമകൃഷ്ണൻ മറുപടി പറഞ്ഞു. രാമകൃഷ്ണന്റെ സത്യനിഷ്ഠകൊണ്ട് ഇൻസ്പെക്ടറുടെ

സമ്മാനം കിട്ടാതെ പോയി. എങ്കിലും, അതുനിമിത്തം അദ്ധ്യാപകന്മാൎക്കും മററു ആളുകൾക്കും അയാളുടെമേൽ വളരെ വാത്സല്യവും പ്രീതിയുമുണ്ടായി.

---

## പാഠം ൩൯.

## ആകാശം.

മരങ്ങളും വല്ലികളും പുഷ്പങ്ങളും കൊണ്ടു ഭൂമി എവിടവും കാഴ്ചയുള്ള ഭംഗിയുള്ളതായിരിക്കുന്നു. പള്ളങ്ങളും മേടുകളും ഉയൎന്ന പൎവ്വതങ്ങളും നദികളും കായലുകളും മറുകര കാണ്മാൻ വഹിയാത്ത സമുദ്രങ്ങളും ഭൂമിയുടെ ഭംഗിയെ വൎദ്ധിപ്പിക്കുന്നു. എന്നാൽ നാം ആകാശത്തെ നോക്കിയാൽ കാണുന്ന കാഴ്ച ഇതിലും മനോഹരമത്രേ.

വേനൽക്കാലത്തു നല്ല നിലാവുള്ള രാത്രിയിൽ ആകാശം നീലനിറമായിരിക്കും. അപ്പോൾ ചന്ദ്രനും നക്ഷത്രങ്ങളും വളരെ മനോഹരമായി പ്രകാശിക്കുന്നതു കാണാം. നീലപ്പട്ടിന്മേൽ വൈരക്കല്ലുകൾ പതിച്ചുള്ള പോലെ ആകാശത്തിൽ നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നു. ചന്ദ്രൻ രാത്രിയിൽ ആകാശം അടക്കിവാഴുന്ന മഹാരാജാവും, നക്ഷത്രങ്ങൾ അവിടത്തെ പരിവാരങ്ങളും ആണെന്നു തോന്നും. നിലാവില്ലാത്ത രാത്രിയാണെങ്കിൽ നക്ഷത്രങ്ങളുടെ സംഖ്യ കൂടിയും, പ്രകാശം വൎദ്ധിച്ചും

കാണും. വർഷകാലത്തുള്ള രാത്രിയാണെങ്കിൽ ആകാശത്തിന്റെ ഭാവം ഒന്നു മാറിയിരിക്കും. അക്കാലത്ത് ആകാശം കാർമേഘം കൊണ്ടു മൂടി ഇരുണ്ടിരിക്കും. അപ്പോൾ ചന്ദ്രനെയും നക്ഷത്രങ്ങളെയും കാണ്മാൻ പാടില്ലാതാകുന്നു. ചിലപ്പോൾ മേഘങ്ങൾ ആകാശത്തു സഞ്ചരിക്കുന്നതായും, ചന്ദ്രനും നക്ഷത്രങ്ങളും ഇടയ്ക്കിടയ്ക്കു തെളിഞ്ഞു പ്രകാശിക്കുന്നതായും കാണാം. ചിലപ്പോൾ മേഘങ്ങൾ ചന്ദ്രനെ പിടിക്കാനെന്നപോലെ ഓടിച്ചെല്ലുന്നതും കാണാം. മററു ചിലപ്പോൾ ചന്ദ്രൻ മേഘങ്ങളുടെ ഇടയിൽ കയറിയും ഇറങ്ങിയും ഒളിച്ചുകളിക്കുന്നതുപോലെയും തോന്നും. ഇതെല്ലാം നോക്കിക്കൊണ്ടിരിക്കുന്നതു വളരെ രസകരമാണ്.

ചന്ദ്രനാണോ മേഘങ്ങളാണോ ഓടുന്നതെന്നു ഒറ്റ നോട്ടത്തിൽ പറയാൻ ചിലപ്പോൾ പ്രയാസമാണ്. ഒരിക്കൽ ഏതാനും കുട്ടികൾ കൂടി ഇതിനെപ്പററി തർക്കിക്കയുണ്ടായി. അപ്പോൾ അവരിൽ ബുദ്ധിമാനായ ഒരു ബാലൻ മേഘങ്ങളാണ് ഓടുന്നത് എന്നു വാദിച്ചു. ഈ വാസ്തവം തെളിയിക്കാനായി അവൻ കൂട്ടുകാരെ ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ വിളിച്ചുകൊണ്ടുപോയി നിറുത്തി. എന്നിട്ടു മരക്കൊമ്പിന്റെ ഇടയിൽക്കൂടി ആകാശത്തെ നോക്കുവാൻ അവൻ അവരോടു പറഞ്ഞു. അവർ അങ്ങനെ നോക്കിയപ്പോൾ ചന്ദ്രൻ ഒരു സ്ഥലത്തുതന്നെ നിൽക്കുന്നതും മേഘങ്ങൾ മാറിമാറി പോകുന്നതും കണ്ടു. ബുദ്ധിമാനായ ഈ ബാലൻ പിൽക്കാലങ്ങളിൽ വളരെ പ്രസിദ്ധനായിത്തീർന്ന ബെഞ്ചമിൻ ഫ്രാങ്ക്ലിൻ ആയിരുന്നു.

ചിലപ്പോൾ ആകാശത്തിൽ നല്ല വെണ്മയുള്ള മേഘങ്ങൾ സഞ്ചരിക്കയോ കൂട്ടമായി കിടക്കയോ ചെയ്യും. ചില രാത്രികളിൽ മേഘങ്ങൾ ചിന്നിച്ചിതറി ആകാശത്തു വ്യാപിച്ചു കിടക്കുന്നതു കാണാം. അപ്പോൾ ആകാശം കണ്ടാൽ വെള്ളാട്ടുകൾ പററം ചേൎന്നു കിടക്കുന്നതുപോലെ തോന്നും.

ഇനി പകൽസമയം ആകാശം എങ്ങനെയിരിക്കുമെന്നു നോക്കാം. അപ്പോൾ ചന്ദ്രനും നക്ഷത്രങ്ങളും അവിടെ കാണുകയില്ല. അവയെക്കാൾ എത്രയോ മടങ്ങു തേജസ്സുള്ള ഒരു ഗോളം മാത്രം അവിടെ ഉണ്ടായിരിക്കും. ആ ഗോളം സൂൎയ്യനാണെന്നു പറയേണ്ടതില്ലല്ലോ. പ്രഭാതസമയത്തു കിഴക്കേ ദിക്കു നിങ്ങൾ സൂക്ഷിച്ചു നോക്കീട്ടുണ്ടോ? സൂൎയ്യോദയം ആകുന്നതിനു മുമ്പുതന്നെ അവിടെ ആകാശം അരുണവൎണ്ണമായിത്തുടങ്ങും. രണ്ടുമൂന്നു നിമിഷത്തിനുള്ളിൽ അവിടെ തിളക്കമുള്ള പല നിറങ്ങൾ മാറിമാറി വരുന്നതു കാണാം. സൂൎയ്യാസ്തമയത്തിൽ പടിഞ്ഞാറോട്ടു നോക്കിയാലും ഇതുപോലെയുള്ള വൎണ്ണങ്ങൾ കാണാം. സൂൎയ്യോദയത്തിലും സൂൎയ്യാസ്തമയത്തിലും ആകാശത്തിൽ കാണുന്ന ഈ കാഴ്ചകൾ പ്രകൃതിയിലുള്ള സൗന്ദൎയ്യത്തിനു ദൃഷ്ടാന്തമാകുന്നു. ആകാശത്തിൽ മേഘങ്ങൾ ഉണ്ടെങ്കിൽ ഉദയാസ്തമയകാലങ്ങളിൽ അവയിൽ ഉണ്ടാകുന്ന വൎണ്ണശോഭയും മനോഹരമായിരിക്കും.

ആകാശത്തിലുള്ള കാഴ്ചകളുടെ കൂട്ടത്തിൽ ഇനിയും പറയാനുള്ളതു മിന്നലിനെപ്പററിയാണ്. വർഷകാലത്തു മേഘങ്ങളിൽ ഉണ്ടാകുന്ന ഒരു തേജസ്സാകുന്നു മിന്നൽ.

ചിലപ്പോൾ മിന്നലിന്റെ പ്രകാശം ആകാശത്തിൽ തുടരെ തീക്കൊള്ളി മിന്നിക്കുന്നതുപോലെ കാണാം. സൂര്യൻ പ്രകാശിക്കുമ്പോൾ മേഘങ്ങളിൽ കാണുന്ന വേറൊരു കാഴ്ചയുണ്ടു്. അതു മഴവില്ലാണു്. പല നിറങ്ങൾ ഒരുമിച്ചു ചേർന്നു വിളങ്ങുന്ന മഴവില്ലു് ആകാശത്തിൽ നിൽക്കുന്നതു് ഏററവും കൗതുകകരമായ ഒരു കാഴ്ചയാണു.

---

പാഠം ൩൬.

## മായാദാസൻ.

൧

പണ്ടു് മായാദാസൻ എന്നു പേരായ ഒരു രാജാവു ഉണ്ടായിരുന്നു. ധനം സമ്പാദിക്കുന്നതിനു അദ്ദേഹത്തിന്നു അതിയായ ആശയുണ്ടായിരുന്നു. ധനം സമ്പാദിച്ചു അവനവന്റെ സുഖത്തിനും സൗകര്യത്തിനും ആയി അതു ചെലവു ചെയ്യുന്ന ആളുകൾ വളരെയുണ്ടു. എന്നാൽ മായാദാസനാകട്ടെ കിട്ടുന്ന പണമെല്ലാം കൊടുത്തു സ്വർണ്ണം വാങ്ങിക്കുകയാണു ചെയ്യുന്നതു്. ആ സ്വർണ്ണം അദ്ദേഹം പെട്ടികളിൽ ആക്കി സൂക്ഷിച്ചുവച്ചു. ഒട്ടുവളരെ ദ്രവ്യം ഇങ്ങനെ അദ്ദേഹത്തിന്റെ അറകളിൽ ഒതുങ്ങി. എന്നിട്ടും ആ ധനദാസൻ ഒരു ദരിദ്രനെപ്പോലെ കാലം കഴിച്ചുപോന്നു. അത്യാവശ്യം വേണ്ടതിനു മാത്രമേ അദ്ദേഹം പണം ചെലവു ചെയ്യുള്ളു. അത്രയും ചെലവു ചെയ്യുന്നതു തന്നെ വളരെ മനസ്സന്താപത്തോടുകൂടിയായിരുന്നു

ചില സമയങ്ങളിൽ മായാദാസൻ അറയ്ക്കകത്തു കടന്നു വാതിൽ എല്ലാം അടച്ചു പെട്ടികൾ തുറന്നു അവയിൽ നിറച്ചിട്ടുള്ള സ്വർണ്ണക്കട്ടികൾ നോക്കി രസിച്ചുകൊണ്ടിരിക്കും. അവ കാണുന്നതും തലോടുന്നതും അദ്ദേഹത്തിനു സന്തോഷമായിരുന്നു. ധനം കൊണ്ടുള്ള ഉപയോഗം എന്താണെന്നു അദ്ദേഹം ആലോചിച്ചതേയില്ല. അദ്ദേഹത്തെപ്പോലെ ധനത്തെ കാംക്ഷിച്ച മനുഷ്യർ ഭൂമിയിൽ ഉണ്ടായിരുന്നില്ല; ഇനി ഉണ്ടാകുമെന്നും തോന്നുന്നില്ല.

ഒരു ദിവസം നാലഞ്ചു നാഴിക പകലുള്ളപ്പോൾ മായാദാസൻ അറയ്ക്കകത്തു കടന്നു വാതിൽ ബന്ധിച്ചു. അതിന്റെ ശേഷം അദ്ദേഹം ഒരു വലിയ പെട്ടി തുറന്നു സ്വർണ്ണക്കട്ടികൾ എടുത്തു തടവുകയും തലോടുകയും ചെയ്തുകൊണ്ടിരുന്നു. അവിടെ സാമാന്യം ഇരുട്ടായിരുന്നു. എങ്കിലും എണ്ണച്ചെലവു വിചാരിച്ച് അദ്ദേഹം വിളക്കു കത്തിച്ചില്ല. എന്നാൽ പെട്ടെന്ന് ആ അറയുടെ ഒരു ഭാഗത്ത് വൃത്താകൃതിയിൽ ഒരു പ്രകാശം കണ്ടു. ആ പ്രകാശത്തിനകത്തു ദിവ്യനായ ഒരു വൃദ്ധൻ നില്ക്കുന്നുണ്ടായിരുന്നു. കള്ളന്മാർ ആരോ മുറിക്കകത്തു കടന്നു എന്നു മായാദാസൻ ഭയപ്പെട്ടു. എന്നാൽ സൂക്ഷിച്ചു നോക്കിയപ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായം മാറി. മായാദാസൻ എഴുന്നേറ്റ് ആ ദേവതയെ തൊഴുതു.

ദേവത:—മഹാരാജാവേ! അവിടത്തെ സമ്പത്തിനെക്കുറിച്ചുള്ള പ്രസിദ്ധി എവിടെയും പരന്നിരിക്കുന്നു. ഞാൻ അവിടത്തെ അഭിനന്ദിക്കുന്നു.

മായാദാസൻ:— അല്പനായ എന്നെ നിന്തിരുവടി അനുഗ്രഹിക്കണം. അടിയൻ വളരെക്കാലം പരിശ്രമിച്ചു. എങ്കിലും ഈ കാണുന്ന ധനമാത്രമാണ് അടിയന്റെ സ്വത്ത്.

ദേവത:— ഈ കാണുന്ന പൊൻകട്ടികൾക്കു ലക്ഷം ലക്ഷം പവൻ വില വരുമല്ലോ. ഇത്രയും സ്വത്തുള്ളവരായി വളരെ അധികം ആളുകൾ ഭൂമിയിൽ ഇല്ല. എങ്കിലും അവിടുന്ന് എന്തു വരമെങ്കിലും ചോദിച്ചുകൊള്ളുക. അതു ഞാൻ തരാം.

മായാദാസൻ:— നിന്തിരുവടിക്കു വന്ദനം. അടിയന്റെ ആഗ്രഹം ഉണർത്തിക്കാം. അവിടത്തേക്കു കഴിയാത്തതായി യാതൊന്നുമില്ലല്ലോ. അടിയൻ തൊടുന്ന എല്ലാ പദാർത്ഥങ്ങളും ഉടൻ കനകമായിത്തീരണം. ഇതുമാത്രമാണ് അടിയന്റെ അപേക്ഷ. നിന്തിരുവടി ഇവിടെ എഴുന്നള്ളിയതു് അടിയന്റെ ഭാഗ്യം തന്നെ.

ദേവത:— ശരി. അങ്ങനെ ഭവിക്കട്ടെ. അങ്ങു ആവശ്യപ്പെട്ട വരം നാളെ രാവിലെ രണ്ടു നാഴിക പുലരുമ്പോൾ മുതൽ അങ്ങേക്കു സിദ്ധിക്കും.

മായാദാസൻ സന്തോഷംകൊണ്ടു മതി മറന്നു. അവിടെ നടന്ന സംഭവം സ്വപ്നമോ യഥാർത്ഥമോ എന്നു് അദ്ദേഹത്തിനു സംശയം ഉണ്ടായി. വീണ്ടും നിവർന്നു നോക്കിയപ്പോൾ ആ മുറിക്കകത്തു മററാരും ഉണ്ടായിരുന്നില്ല. ആവിടെയെല്ലാം ഇരുൾ നിറഞ്ഞിരുന്നു.

എല്ലാ പെട്ടികളും അടച്ചുപൂട്ടി മായാദാസൻ വെളിയിൽ ഇറങ്ങി. വരത്തെപ്പററി ഓർത്ത് അദ്ദേഹം

ആലോചിച്ചു വരം ഫലിക്കുമോ എന്നു അദ്ദേഹം വീണ്ടും വീണ്ടും ആലോചിച്ചു. ഫലിക്കാത്തപക്ഷം ജീവിച്ചിരിക്കുന്നതു് നിഷ്ഫലമാണെന്നും അദ്ദേഹം ഉറച്ചു. ചില സമയം മേശ, കസേര മുതലായവയിന്മേൽ അദ്ദേഹം തൊട്ടുനോക്കി. ചിലപ്പോൾ അവയെ തലോടി. പിറേറ ദിവസം രണ്ടു നാഴിക പുലൎന്നശേഷമാണല്ലോ വരം ഫലിക്കുന്നതു് എന്നു് ഓർത്തു് അദ്ദേഹം ഉടനേ സമാധാനപ്പെട്ടു. നേരം വൈകാൻ വളരെ താമസിക്കുന്നതുപോലെ തോന്നി. അത്താഴം അമൃതേത്തു കഴിച്ചപ്പോൾ പിറേറ ദിവസം അമൃതേത്തു കഴിക്കുന്നതു് ഒരു പൊൻമേശയിൽ സാമാനങ്ങൾ നിരത്തിവെച്ചു വേണം എന്നു് അദ്ദേഹം ഉറച്ചു. അത്താഴം കഴിഞ്ഞ ശേഷം ഉറങ്ങുവാൻ പോയി. ഉറക്കം വരാതെ വളരെ നേരം അദ്ദേഹം മഞ്ചത്തിൽ കിടന്നു് ഉരുണ്ടു. ഒടുവിൽ, അലമാരി, പ്രാക്കൂട്, കിണ്ണാറുപാലം ഇവയെല്ലാം പൊന്നാകണമെന്നു് ആലോചിച്ചുകൊണ്ടു കിടന്നു. ഏകദേശം ചെത്തു വെളുപ്പായപ്പോൾ സ്വല്പം ഒന്നു് ഉറങ്ങി.

നേരം വെളുത്തു മായാദാസൻ ഉണർന്നില്ല. താമസിച്ചു് ഉറങ്ങിയതുകൊണ്ടാണു് പ്രഭാതത്തിൽ ഉണരാഞ്ഞതു്. നേരം പുലൎന്നു തുറന്നു കിടക്കുന്ന ജന്നലിൽക്കൂടി മുറിക്കകത്തു വെയിൽ കയറി. രാജാവു ഉണർന്നു. കൊട്ടാരത്തിന്റെ കിഴക്കുവശത്തുള്ള കുന്നിൽ ഒരു വലിയ മാവിൽ നിറയെ പൊൻമാങ്ങാ കാച്ചു നില്ക്കുന്നു എന്നു സ്വപ്നം കണ്ടുകൊണ്ടാണു പള്ളിക്കുറുപ്പ്

ളുന്നു. അദ്ദേഹം എഴുന്നേററു കാര്യങ്ങൾ കഴിച്ചപ്പോഴു ളളതുകൊണ്ടു മഞ്ചത്തിൽ തന്നെ ഇരുന്നു. തലേ ദിവസം കഴിഞ്ഞ സംഭവങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ നൃത്തം ചെയ്തുകൊണ്ടിരുന്നു. ആ സമയം ഒരു വണ്ടത്താൻ അദ്ദേഹത്തിന്റെ മൂക്കിന്റെ നേരേ പാറന്നു വന്നു. അദ്ദേഹം തലയിളക്കുമ്പോൾ അകന്നും, അടുത്ത ക്ഷണത്തിൽ അടുത്തും അതു വലംവച്ചു പറന്നു. ആ പ്രാണിക്കു വലത്തുകൈകൊണ്ടു രാജാവു ഉഴക്കോട്ട് ഒരു അടികൊടുത്തു. അടിയേററു വണ്ടു "ഛ്ണി" എന്നു നിലത്തു വീണു. അതു ചത്തു തറയിൽ വീണ സമയം മണിനാദം പോലെ ശബ്ദം കേട്ടതുകൊണ്ടു രാജാവു വിസ്മയിച്ചു. എന്താണെന്നു നോക്കാനായി രാജാവു് കട്ടിലിൽനിന്നു ഇറങ്ങി. മുമ്പിൽ കിടന്ന കസേര മാററാനായി അദ്ദേഹം കൈകൊണ്ടു് അതിൽ പിടിച്ചു. എന്തു്? അതു ഒരു പൊൻകസേരയോ? മായാദാസൻ അത്ഭുതപ്പെട്ടു. നല്ല വെളിച്ചത്തു ഒന്നുകൂടെ പരീക്ഷിക്കാമെന്നു കരുതി കസേരയും കൈയ്യിലെടുത്തു് അദ്ദേഹം ജന്നലിന്റെ അടുക്കലേക്കു ചെന്നു നല്ലവണ്ണം തുറക്കാനായി ജന്നലിന്റെ കതകിൽ തൊട്ടു; പലക പൊന്നായിത്തീർന്നു. മായാദാസന്റെ ബുദ്ധി അപ്പോൾ ഉണർന്നു. തലേ ദിവസം പ്രത്യക്ഷപ്പെട്ട ദേവതയുടെ വരം രണ്ടു നാഴിക പുലർന്നപ്പോൾ മുതൽ ഫലിക്കുകയാണെന്നു് അദ്ദേഹത്തിന്നു് ഓർമ്മ വന്നു. അദ്ദേഹം ജന്നലിന്റെ അടുക്കലേക്കു നടന്നുപോയ സമയം കാലടികൾ വച്ച പലകയെല്ലാം

പൊന്നായിക്കണ്ടു. അതു സൂക്ഷിച്ചുനോക്കുവാൻ അദ്ദേഹം കുനിഞ്ഞു. അവിടെ തറയിൽ കണ്ടതു പ്രാണനില്ലാത്ത ഒരു പൊൻവണ്ടിനെ ആയിരുന്നു. സ്വല്പം മുൻപു രാജാവിന്റെ മൂക്കിനു നേരെ വന്നു, അദ്ദേഹത്തിന്റെ അടികൊണ്ടു വീണ പ്രാണിയായിരുന്ന അതു. വരത്തിന്റെ ശക്തിയെക്കുറിച്ചു അദ്ദേഹത്തിനു പിന്നീട്ടു സംശയമുണ്ടായില്ല. എന്തൊക്കെയാണു തൊടേണ്ടതു എന്നു നിശ്ചയിക്കാൻ ആഹ്ലാദം നിമിത്തം അദ്ദേഹത്തിനു കഴിഞ്ഞില്ല. മുറിയുടെ നടുക്കു കിടന്ന ഒരു വലിയ വട്ടമേശയെ അദ്ദേഹം തൊട്ടു. തൊട്ടിടം മുഴുവൻ പൊന്നായി. തൊടുവാനും പൊന്നാക്കുവാനും ഉള്ള താമസം സഹിക്കുവാൻ നിർവാഹമില്ലാതെ അദ്ദേഹം ആ മേശപ്പുറത്തു കയറിക്കിടന്നു ഉരുണ്ടു. താഴെയിറങ്ങിയപ്പോൾ കണ്ട കാഴ്ച നിമിത്തം അദ്ദേഹത്തിന്റെ കണ്ണുകൾ കുളിർത്തു. ഒരു കണ്ടിയോളം വരുന്ന ഈട്ടിത്തടികൊണ്ടുള്ള ഉരുപ്പടി കട്ടിപ്പൊന്നായി കിടക്കുന്നതു കണ്ടു മായാദാസൻ ഇളകിപ്പോയി. ആ മേശയിൽ കിടന്ന ഒന്നുരണ്ടു കടലാസുകൾ അവിടെത്തന്നെ കാണ്മാനുണ്ടായിരുന്നു. പക്ഷെ അവ ഘനം കുറഞ്ഞ സ്വർണ്ണത്തകിടുകളായി മാറിയിരുന്നു.

ആ മുറിയിൽ ഉണ്ടായിരുന്ന കസേര, മേശ, കട്ടിൽ അലമാര, തട്ടുപലക മുതലായവ എല്ലാം പൊന്നാക്കി അശേഷം മായാദാസൻ വെളിയിലേക്കു പുറപ്പാടായി. വരാന്തയിൽ കിടന്ന ചകിരിമെത്ത പൊൻമെത്തയാക്കി.

ഒരു നാല്ക്കാലിമേൽ ഇരുന്ന സംഗീതപ്പെട്ടി പൊന്നാക്കി. അദ്ദേഹത്തിന്റെ ഓമന മകളുടെ കളിപ്പാട്ടമായ ഒരു യാന പൊന്നാനയായി. മായാദാസൻ തോട്ടത്തിൽ ഇറങ്ങി അങ്ങോട്ടും ഇങ്ങോട്ടും ഓടി. അവിടെ നിന്ന ലില്ലി, റോസ, മുല്ല, മാതളനാരകം, സൂര്യകാന്തി മുതലായവ എല്ലാം തൊട്ടു പൊന്നാക്കി. മായാദാസൻ ആനന്ദസമുദ്രത്തിൽ മുഴുകി.

## പാഠം ൩൧.

# മായാദാസൻ.

### ൨

നേരം നാലഞ്ചു നാഴിക പുലർന്നു. കാപ്പിയമൃതേത്തിനു സമയമായി. രാജാവു ഭക്ഷണശാലയിൽ എത്തി ഇരുന്നു; കസേര പൊന്നായി. മുമ്പിൽ കിടന്ന മേശ കൈകൊണ്ടു് ഒന്നു തൊട്ടു. പലക പൊന്നായി. അദ്ദേഹത്തിന്റെ കാൽ മേശക്കാലിൽ യദൃച്ഛയാ ഒന്നു തട്ടി. മേശക്കാൽ പൊന്നായി. ഒരു സ്ഫടികപാത്രത്തിൽനിന്നു അദ്ദേഹം ഒരു റൊട്ടിക്കഷണം എടുത്തു. അതു് ഒരു പൊൻകഷണമായി. മായാദാസൻ അല്പം സംഭ്രമിച്ചു. അതു താഴെ വച്ചശേഷം അദ്ദേഹം ഒരു പഴം കൈകളിൽ

എടുത്തു. ഒരു പൊൻകട്ടിയായിത്തീൎന്ന ആ പഴം ഭാരം നിമിത്തം കൈയിൽനിന്നു താഴെ വീണു. അദ്ദേഹം ഒരു നാരങ്ങാ എടുത്തു. അതു ഒരു കനകഗോളമായി പളുപളെ എന്നു തിളങ്ങി. മായാദാസൻ അമ്പരന്നു. വരത്തിന്റെ ഫലത്തെക്കുറിച്ചു ചിന്തിച്ചപ്പോൾ അദ്ദേഹം പരിഭ്രമിച്ചു.

ആ സമയം അദ്ദേഹത്തിന്റെ പ്രിയപുത്രി കരഞ്ഞുകൊണ്ടു അവിടെ കയറിച്ചെന്നു. സൗന്ദൎയ്യം തുളുമ്പിക്കൊണ്ടു നിന്ന ആ ബാലികയുടെ കൈയ്യിൽ ഒരു പൊൻറോസാപ്പൂവും ഉണ്ടായിരുന്നു. തോട്ടത്തിലുള്ള സകല പുഷ്പങ്ങളും പൊന്നായിപ്പോയി എന്നു ആ കുട്ടി സങ്കടം പറഞ്ഞു. വിചാരങ്ങളിൽ മുഴുകിയിരുന്ന മായാദാസൻ എഴുന്നേററ് അടുത്തു ചെന്ന്, 'കുഞ്ഞേ കരയാതിരിക്കൂ, നിനക്ക് എത്ര പുഷ്പങ്ങൾ വേണമോ അത്രയും ഞാൻ വരുത്തിത്തരാം.' എന്നു പറഞ്ഞ് ആ ഭാഗ്യഹീനൻ കുട്ടിയെ ആശ്ലേഷിച്ചു. കഷ്ടം! ആ കുട്ടി നിമിഷത്തിനുള്ളിൽ പൊൻപ്രതിമയായിപ്പോയി. ജന്നലിൽക്കൂടി കടന്നു ചെന്ന സൂൎയ്യരശ്മികൾ ഏററ് ആ കനകവിഗ്രഹവും അതിന്മേൽ കുപ്പായമായിക്കിടക്കുന്ന തങ്കത്തകിടുകളും തിളങ്ങി. എന്നാൽ ആ തിളക്കം മിന്നൽപ്പിണർപോലെ മായാദാസന്റെ ഹൃദയത്തെ പിളൎന്നു.

മായാദാസനു സങ്കടം സഹിക്കവയ്യാതായി. തൊട്ടതൊക്കെയും പൊന്നാകണമെന്നുള്ള അദ്ദേഹത്തിന്റെ

ആഗ്രഹം സാധിച്ചു. എന്നാൽ ആ വരം ആപത്കരമാണെന്ന് ഇപ്പോൾ അദ്ദേഹത്തിന മനസ്സിലായി. വിശപ്പു കത്തിക്കയറി. എല്ലാവിധ ആഹാരസാധനങ്ങളും മുൻപിലിരിക്കുന്നു, എന്നാൽ അവ ഭക്ഷിക്കുവാൻ യാതൊരു മാർഗ്ഗവും ഇല്ല. തൻെറ ഏകപുത്രി ഒരു പൊൻപ്രതിമയായി നിൽക്കുന്നു. എവിടെയും സ്വർണ്ണം തന്നെ. പക്ഷേ കനകം കൊണ്ട് എന്തുഫലം എന്നു ആ മൂഢൻ അപ്പോൾ വിചാരിച്ചു. അദ്ദേഹം വിചാരം കൊണ്ടു വലഞ്ഞു പെട്ടെന്നു നിലത്തു വീണുപോയി. അങ്ങനെ കിടക്കുമ്പോൾ തലേദിവസം വന്ന ദേവത പിന്നെയും അദ്ദേഹത്തിൻെറ മുമ്പിൽ വന്നുനിന്നു.

ദേവത:—മഹാരാജാവേ! അങ്ങേക്കു സുഖമല്ലേ? ഇവിടെ മുററും ധാരാളം സ്വർണ്ണസാധനങ്ങളും ഞാൻ കാണുന്നു. ഞാൻ തന്ന വരം ഫലിച്ചു. അപ്പോൾ അവിടുന്നു മഹാഭാഗ്യവാൻ തന്നെ.

മായാമോസൻ:— (എഴുന്നേററുനിന്നു തൊഴുതുകൊണ്ടു) ഭഗവതീ, അടിയൻെറ അപരാധം ക്ഷമിക്കണം.

ദേവത:—എന്ത് അപരാധമാണ് അവിടുന്നു ചെയ്തത്? എന്താണു ഞാൻ ക്ഷമിക്കേണ്ടതു?

മായാമോസൻ:—ഒരുത്തക്കും പൊന്നുകൊണ്ടും വെള്ളി കൊണ്ടും വലിയ ഉപയോഗമില്ല. ജീവിക്കാൻ ഭക്ഷണവും പാനീയവുമാണു ആവശ്യം.

ദേവത:— ശരി തന്നെ.

മായാദാസൻ:— ആവശ്യമുള്ള സാമാനങ്ങൾ വാങ്ങുന്നതിനു മാത്രമാണു ധനം പ്രയോജനപ്പെടുന്നുള്ളു. അല്ലാതെ സ്വൎണ്ണം അലമാരിയിലും ഇരുമ്പുപെട്ടിയിലും സൂക്ഷിച്ചു വച്ചതുകൊണ്ടു യാതൊരു ഉപയോഗവും ഇല്ല. അതാ അങ്ങു ഇരിക്കുന്ന മത്തങ്ങാ ഒന്നാന്തരം കട്ടിത്തങ്കമാണ്. എന്നാൽ ഒരു മത്തങ്ങായ്ക്കു പകരമായി അതു കൊടുപ്പാൻ എനിക്കു സന്തോഷമത്രെ. ഈ കൊട്ടാരത്തിൽ തകൎത്തുകൊണ്ടു ഓടിച്ചാടിനടന്ന എന്റെ പുത്രി!—

ഇത്രയും പറഞ്ഞു മായാദാസൻ നിലവിളിച്ചു.

ദേവത:— മായാദാസാ, നിനക്കു വിവേകം ഉണ്ടായതിൽ എനിക്കു വളരെ സന്തോഷമുണ്ട്. നമുക്കു ഉപയോഗമുള്ള വായു, ജലം മുതലായവ ഒക്കെയും വില കൂടാതെതന്നെ നമുക്കു കിട്ടുന്നു. ഈശ്വരൻ അതൊക്കെ ധാരാളമായി സൃഷ്ടിച്ചിട്ടുണ്ട്. ആവശ്യമില്ലാത്തതു ലഭിക്കണമെന്നു ആഗ്രഹിക്കുന്നതാണു മനുഷ്യരുടെ മിക്ക കഷ്ടതകൾക്കും കാരണം. അതുകിടക്കട്ടെ. നീ ഇനി എന്തെങ്കിലും ഒരു വരം കൂടെ ചോദിച്ചുകൊള്ളുക.

മായാദാസൻ:— (വീണ്ടും വീണ്ടും താണുതൊഴുതുകൊണ്ടു) കനകമായി മാറിപ്പോയ എന്റെ ഈ പുത്രിയും മറ്റു എല്ലാ പദാൎത്ഥങ്ങളും മുമ്പിലത്തെ

പ്പോലെ ആയിത്തീരണം. എനിക്ക് കനകഭാഗ്യം ആവശ്യമില്ല.

ദേവത.— തഥൈവയാകട്ടെ. കൊട്ടാരത്തിന്റെ താഴയിൽക്കൂടി ഒഴുകുന്ന നദിയിൽനിന്നു വെള്ളംകൊണ്ടുവന്നു കനകമായയിൻ ഓരോന്നിലും തളിക്കുക.

ഇത്രയും പറഞ്ഞിട്ടു ദേവത മറഞ്ഞു. ഉടനേ രാജാവ് കടവിൽ എത്തി വെള്ളം കോരിക്കൊണ്ടുവന്നു ഒന്നാമതായി തന്റെ പുത്രിയുടെ ശിരസ്സിൽ ഒഴിച്ചു. "അച്ഛാ അച്ഛാ, എന്തിനാണ് എന്റെ മുണ്ടുകൾ നനയ്ക്കുന്നത്? എന്റെ തലയും നനഞ്ഞു, എന്റെ റോസാപ്പൂവും ഹാ ഇതാ പൊന്നല്ലല്ലോ. പൊന്നാണെന്ന് ഓർത്തു ഞാൻ വെറുതേ വല്ലാതെ മനസ്സാപപ്പെട്ടു." എന്നു പറഞ്ഞുംകൊണ്ടു ആ കുട്ടി ഉണർന്നു.

രാജാവു ഇതുപോലെ കനകമായ മററു സാധനങ്ങൾക്കെല്ലാം പൂർവ്വസ്ഥിതി നൽകി. മുൻപു ഉണ്ടായിരുന്ന പൊൻകട്ടികളോടും അത്യാഗ്രഹത്തിനു അന്നു മുതൽ വെറുപ്പായി. ഉപയോഗമില്ലാതെ വാരിക്കൂട്ടി സൂക്ഷിച്ചിരുന്ന സ്വർണ്ണവും പൊൻപണങ്ങളെല്ലാം വിറ്റു ആ പണം ആവശ്യക്കാർക്കു ഗുണമുള്ള കാര്യങ്ങൾക്കായി അദ്ദേഹം ചെലവഴിക്കുകയും ചെയ്തു.

9742

PRESENTED BY:
SRI M. K. VASUDEVAN NAIR
M[illegible]YAKA VEEDU
MALAYINKIL

# ശ്രീചിത്തിരതിരുനാൾ

# പാഠാവലി

## മൂന്നാംപാഠം

N626

തിരുവിതാംകൂർ സർക്കാർ അച്ചുക്കൂടം

പകർപ്പവകാശം

൧൧൨൨.

നമ്പർ ൩)

[വില [illegible]